**ധനകാര്യം**

2024-2025 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിക്കുന്ന പൊതുചർച്ച

ഡെപ്യൂട്ടി സ്പീക്കർ (ശ്രീ. ചിറ്റയം ഗോപകുമാർ): സർ, ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ഭരണഘടനയുടെ ആമുഖം ഒരു സംസ്ഥാന ബഡ്ജറ്റിൽ ചേർക്കുകയെന്നത് യാദൃശ്ചികതയല്ല. ഭരണഘടനാ മൂല്യങ്ങളെ നെഞ്ചോടുചേർത്തുപിടിക്കുന്ന ഒരു പ്രസ്ഥാനവും ഒരു സർക്കാരും ജനങ്ങളും അതിലുണ്ട്. അത് ഉറക്കെ വിളിച്ചുപറയാൻ കരുത്തുള്ള ഒരേയൊരു സർക്കാർ മാത്രമേ ഇന്ത്യയിലുള്ളൂ. അത് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരാണ്. ഭാരതത്തിന്റെ ഭരണഘടന, അതിന്റെ ആമുഖം 72 വാക്കുകൾക്ക് അപ്പുറം ഞങ്ങൾക്കെല്ലാമാണ്. ആ വികാരം ഉൾക്കൊള്ളുന്ന കോടിക്കണക്കിന് സാധാരണക്കാരുടെ ശബ്ദമാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ കരുത്ത്. കേന്ദ്ര സർക്കാരിന്റെയും യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും ഉൾപ്പെട്ട പ്രതിപക്ഷത്തിന്റെയും ശത്രുതാപരമായ നിലപാടുകളെയും സമീപനങ്ങളെയും ചെറുത്തുതോൽപ്പിച്ചാണ് അച്യുതമേനോൻ സർക്കാരിനുശേഷം കേരളത്തിലാദ്യമായി സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിൽ

ഇടതുപക്ഷ ജനാധിപത്യമുന്നണി തുടർഭരണത്തിലൂടെ അധികാരത്തിൽ വന്നത്. കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി.-യും അതുപോലെ യു.ഡി.എഫ്.-ഉം ചേർന്ന അവിശുദ്ധ കൂട്ടുകെട്ട് ഈ സർക്കാരിനുണ്ടാക്കുന്ന പ്രതിബന്ധങ്ങളെ തട്ടിമാറ്റാനുള്ള ഇച്ഛാശക്തിയും ജനപിന്തുണയുമാണ് ഈ സർക്കാരിന്റെ കൈമുതൽ. കേരളത്തിന് അർഹതപ്പെട്ട നിരവധി പദ്ധതികളിൽ, പ്രത്യേകിച്ച് റെയിൽവേ വികസനം, നാഷണൽ ഹൈവേ, റേഷൻ വിഹിതം ഇതര കേന്ദ്ര സാമ്പത്തിക വിഹിതം, എയിംസ് തുടങ്ങിയ വിഷയങ്ങളിൽ ലോകസഭയിലേയ്ക്ക് തെരഞ്ഞെടുത്ത് അയയ്ക്കപ്പെട്ട എം.പി.-മാരുടെ മൗനം ബോധപൂർവ്വമാണ്. മാത്രമല്ല, വികസന പദ്ധതികൾക്ക് ഇടങ്കോലിടുന്ന സമീപനമാണ് യു.ഡി.എഫ്. സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. 2047-ൽ ഇൻഡ്യയെ വികസിത രാഷ്ട്രമാക്കിമാറ്റുമെന്നുപറയുന്ന കേന്ദ്ര ബഡ്ജറ്റ് നമുക്ക് മുന്നിലുണ്ട്. പുതിയ ആശയങ്ങളോ സ്കീമുകളോ ഒന്നുമില്ലാത്ത വെറും വാചകമേള മാത്രമാണ് ശ്രീമതി നിർമ്മല സീതാരാമൻ ആ ബഡ്ജറ്റിലൂടെ നമുക്ക് മുന്നിൽ അവതരിപ്പിച്ചത്. എന്നാൽ അതിൽനിന്നും വ്യത്യസ്തമായ ബഡ്ജറ്റാണ് കേരളത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ചിട്ടുള്ളത്. കേരളത്തിൽ

നൽകുന്ന 1,600 രൂപ സാമൂഹ്യക്ഷേമ പെൻഷനെ പിച്ചച്ചട്ടി പെൻഷനെന്നാണ് ബി.ജെ.പി.-ക്കാർ ആക്ഷേപിച്ചത്. ഇന്ന് കേന്ദ്രത്തിന്റെ പെൻഷൻ പദ്ധതി എത്രയാണ്? 150 രൂപ മുതൽ 200 രൂപ വരെയാണ്. കേന്ദ്ര പെൻഷൻ ഇതാണെന്നിരിക്കെ കേരളത്തെ ആക്ഷേപിക്കുന്ന ബി.ജെ.പി.-ക്കാരോട് നമ്മൾ എന്താണ് പറയേണ്ടത്; അവർക്ക് നാണോം മാനോം ഉണ്ടോ? സാമൂഹ്യക്ഷേമ പെൻഷൻ 1,600 രൂപയായി വർദ്ധിപ്പിച്ച് നൽകി കേരളത്തിലെ സാധാരണക്കാരായ ജനങ്ങളെ സംരക്ഷിക്കുന്ന ഗവൺമെന്റാണിത്. വർഗ്ഗീയതയും മതാന്ധതയും മുഖമുദ്രയാക്കിയ ബി.ജെ.പി.-യോട് ചേർന്ന് നിന്നുകൊണ്ട് കേരളത്തിൽ രാഷ്ട്രീയ ലാഭം കൊയ്യാമെന്ന മിഥ്യാധാരണയിലാണ് യു.ഡി.എഫ്. നേതൃത്വം. കേരളത്തിലെ യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും തീവ്രഹിന്ദുത്വത്തിനെതിരായിയെടുത്ത മൃദുസമീപനം അവസരവാദപരവും ദേശീയ രാഷ്ട്രീയത്തിനെതിരുമാണ്. എന്നാൽ എൽ.ഡി.എഫ്. സർക്കാർ നവോത്ഥാന മൂല്യങ്ങളെ നെഞ്ചിലേറ്റി നവകേരള നിർമ്മിതിക്കായി ജാതി-മതഭേദമെന്യേ ജനങ്ങളെയൊപ്പം നിർത്താനാണ് ശ്രമിക്കുന്നത്. അതിന്റെ ഭാഗമായിട്ടാണ് കേരളത്തിൽ നവകേരള സദസ്സ് സംഘടിപ്പിച്ചത്. 140

നിയോജകമണ്ഡലങ്ങളിലും പതിനായിരക്കണക്കിന് ആളുകളാണ് നവകേരള സദസ്സിൽ പങ്കെടുക്കാനായി എത്തിച്ചേർന്നത്. കേരളത്തിലെ മുഖ്യമന്ത്രിയും മന്ത്രിമാരും ജനങ്ങളോട് സംവദിച്ചതിന്റെ ഭാഗമായി അവിടെ ഉയർന്നുവന്ന നിരവധി ആവശ്യങ്ങൾ നടപ്പാക്കാൻ സാധിക്കുന്ന തരത്തിലുള്ള ഒരു നവകേരള മുന്നേറ്റത്തിന്റെകൂടി ബഡ്ജറ്റാണ് കേരളത്തിൽ അവതരിപ്പിച്ചിട്ടുള്ളതെന്ന് ഞാൻ ആത്മാഭിമാനത്തോടുകൂടി പറയാൻ ആഗ്രഹിക്കുകയാണ്. സാമൂഹിക സുരക്ഷ/സാമൂഹിക ക്ഷേമ പദ്ധതികൾ നടപ്പാക്കുന്നതിൽ മികച്ച സംസ്ഥാനമാണ് കേരളം. നീതി ആയോഗ് സാക്ഷ്യപത്രം നൽകി നമ്മുടെ സംസ്ഥാനത്തെ അഭിനന്ദിച്ചിട്ടുണ്ട്. അതിദാരിദ്ര്യം ഇല്ലാതാക്കിയ ആദ്യ സംസ്ഥാനമായി കേരളത്തെ മാറ്റാനുള്ള കർമ്മ പരിപാടികളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്.

എല്ലാവർക്കും റേഷൻ കാർഡ് ലഭ്യമാക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ സിവിൽ സപ്ലൈസ് വകുപ്പ് നടപ്പാക്കുന്നുണ്ട്. തെരുവോരത്തും വാടകവീടുകളിലും അഗതി മന്ദിരങ്ങളിലും താമസിക്കുന്നവർ, ട്രാൻസ്ജെൻഡർമാർ തുടങ്ങി എല്ലാവർക്കും സമയബന്ധിതമായി റേഷൻ കാർഡ് നൽകുകയുണ്ടായി. റേഷൻ കടയിൽ നേരിട്ടെത്തി സാധനങ്ങൾ

വാങ്ങാൻ കഴിയാത്ത കിടപ്പുരോഗികൾ ഉൾപ്പെടെയുള്ളവർക്ക്, പ്രദേശത്തെ ഓട്ടോറിക്ഷ തൊഴിലാളികളുടെ സഹകരണത്തോടുകൂടി 'ഒപ്പം' പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി കേരളത്തിലെ എല്ലാ താലൂക്കുകളിലും ഘട്ടംഘട്ടമായി നടപ്പാക്കാനുള്ള പരിശ്രമമാണ് സിവിൽ സപ്ലൈസ് വകുപ്പിന്റെ ഭാഗത്തുനിന്നുള്ളത്. വനമേഖലകൾ, എത്തിച്ചേരാൻ പ്രയാസമുള്ള ദുർഘട പ്രദേശങ്ങൾ, ആദിവാസി ഊരുകൾ, ട്രൈബൽ സെറ്റിൽമെന്റുകൾ, മറ്റിതര മേഖലകൾ എന്നിവിടങ്ങളിലെല്ലാം ജനങ്ങൾക്ക് വാതിൽപ്പടിയായി റേഷൻ സാധനങ്ങൾ എത്തിച്ചുനൽകുന്നതിന് സഞ്ചരിക്കുന്ന റേഷൻ കടകളുടെ സേവനവും സംസ്ഥാനത്ത് നിലവിലുണ്ട്. 134 ആദിവാസി ഊരുകളിൽ ടി സേവനം ലഭ്യമാക്കിയിട്ടുമുണ്ട്. സംസ്ഥാനത്ത് ഗതാഗത സൗകര്യം താരതമ്യേന കുറഞ്ഞ മലയോര മേഖലകളിലെ മുഴുവൻ ജനങ്ങൾക്കും സഞ്ചരിക്കുന്ന റേഷൻ കടകളുടെ സേവനം ലക്ഷ്യമാക്കി സർക്കാർ മുന്നോട്ട് പോകുകയാണ്. വിപണി ഇടപെടലുകളുടെ കാര്യത്തിലും പൊതുജനങ്ങൾക്ക് കുറഞ്ഞനിരക്കിൽ ഭക്ഷ്യ സാധനങ്ങൾ എത്തിച്ചുകൊടുക്കുന്ന കാര്യത്തിലും സപ്ലൈകോയുടെ പങ്ക് വളരെ വലുതാണ്. 1600-ഓളം വിൽപ്പന കേന്ദ്രങ്ങളിലൂടെ മുഴുവൻ പ്രദേശത്തും ജനങ്ങൾക്ക് വില കുറച്ച് സാധനങ്ങൾ എത്തിക്കാൻ കഴിയുന്ന തരത്തിലുള്ള

ഇടപെടലാണ് സപ്ലൈകോ നടത്തിവരുന്നത്. നിലവിൽ സപ്ലൈകോ പ്രതിസന്ധിയിലാണ്. ഈ ഘട്ടത്തിൽ സപ്ലൈകോയെ സംരക്ഷിക്കാനുള്ള ധാർമ്മികമായ ബാധ്യത സർക്കാർ ഏറ്റെടുക്കണം. ഈ സാഹചര്യത്തിൽ സപ്ലൈകോയെ സംരക്ഷിക്കുന്നതിനായി ഒരു പാക്കേജ് എന്ന നിലയിൽ 500 കോടി രൂപയെങ്കിലും വകയിരുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. കെ-സ്റ്റോർ വ്യാപകമാക്കി, ചെറുകിട വ്യവസായ സ്ഥാപനങ്ങളിലൂടെ ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തി കൂടുതൽ സേവനം ലഭ്യമാക്കാൻ സാധിക്കണം. റേഷൻ കടകളുടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിച്ച്, കുറഞ്ഞത് രണ്ട് മാസത്തെ വിതരണത്തിനാവശ്യമായ ഭക്ഷ്യസാധനങ്ങൾ റേഷൻ കടകളിൽ സൂക്ഷിക്കാൻ കഴിയുന്നതരത്തിലുള്ള ഇടപെടൽ നടത്തണമെന്ന് അങ്ങയോട് ആവശ്യപ്പെടുകയാണ്. അതിനുവേണ്ടി ഒരു പ്രത്യേക പാക്കേജ് ബഡ്ജറ്റിൽ അനുവദിക്കണമെന്നുകൂടി ഞാൻ സൂചിപ്പിക്കുകയാണ്.

കേരളത്തിലെ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ ബി.ജെ.പി. പ്രവർത്തകർ ഭാരത് അരിയുമായി ഇറങ്ങിയിരിക്കുകയാണ്. എന്താണ് ഭാരത് അരി; സ്റ്റാറ്റ്യൂട്ടറിയായി കേരളത്തിലെ ജനങ്ങൾക്ക് ലഭിക്കേണ്ടുന്ന റേഷൻ വിഹിതം വെട്ടിക്കുറച്ച് 57 ശതമാനം ആളുകളെ റേഷൻ കാർഡിൽനിന്ന് പുറത്താക്കി,

സ്റ്റാറ്റ്യൂട്ടറിയായി ലഭിക്കേണ്ടിയിരുന്ന അരി ഇല്ലാതാക്കിക്കൊണ്ട്, സിവിൽ സപ്ലൈസ് കോർപ്പറേഷൻ 4 രൂപയ്ക്കും 10.90 രൂപയ്ക്കും റേഷൻ കടകളിൽ നൽകുന്ന അരി, അതായത് സപ്ലൈകോയിലൂടെ 24 രൂപയ്ക്ക് വിതരണം ചെയ്തിരുന്ന അരി, ഇന്ന് ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ ഗോഡൗണിൽ നിന്ന് 29 രൂപയ്ക്ക് ബി.ജെ.പി. നൽകുന്നു. ഭാരത് അരി കൊടുത്തെന്ന് പറഞ്ഞുകൊണ്ട് ജനങ്ങളെ വഞ്ചിക്കുകയും കബളിപ്പിക്കുകയും ചെയ്യുന്ന സമീപനം നാം കണ്ടില്ലെന്ന് നടിക്കരുത്. ഇന്ത്യക്ക് മാതൃകയായിട്ടാണ് കേരളത്തിലെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ പൊതുവിതരണ രംഗത്ത് ഇടപെട്ടുകൊണ്ടിരിക്കുന്നത്. ഇത് മനസ്സിലാക്കാൻ കോൺഗ്രസ്സും തയ്യാറാകണം. കാരണം നരസിംഹറാവു പ്രധാനമന്ത്രിയായിരുന്നപ്പോഴാണ് ആദ്യം ആഗോളവൽക്കരണവും സ്വകാര്യവൽക്കരണവും കമ്പോളവൽക്കരണവും കൊണ്ടുവന്നത്. ഈ നാടിനെ രക്ഷിക്കാൻ കഴിയുന്ന തരത്തിലേയ്ക്കാണ് നമ്മുടെ സർക്കാർ മുന്നോട്ടുപോകുന്നത്. അടിസ്ഥാന വികസനത്തിൽ, പ്രത്യേക സാമൂഹിക സുരക്ഷയും ബദലായി കുതിക്കുമ്പോൾ കേരളത്തിന്റെ മുഖച്ഛായ മാറ്റുന്ന വൻകിട വികസന പദ്ധതികൾക്ക് സർക്കാർ വലിയ പ്രാധാന്യമാണ് നൽകുന്നത്. തുറന്ന മനസ്സോടെ ടി ബഡ്ജറ്റിനെ സമീപിക്കുന്ന ഒരാൾക്കും

ഇക്കാര്യത്തിൽ സംശയമുണ്ടാകില്ല. 2024-ലെ തെരഞ്ഞെടുപ്പ് അടുത്തുവരുന്ന സാഹചര്യത്തിൽ, കേന്ദ്രസർക്കാരിന്റെ ഭരണത്തെയും കേരളത്തിലെ എൽ.ഡി.എഫ്. ഭരണത്തെയും ജനങ്ങൾ താരതമ്യം ചെയ്യുമെന്നത് സ്വാഭാവികമാണ്. മാത്രമല്ല, കേന്ദ്രസർക്കാരിന്റെ ജനവിരുദ്ധ നയങ്ങൾക്കെതിരെ പോരാടാനുള്ള ഒരു ആയുധം കൂടിയാണ് എൽ.ഡി.എഫ്. സർക്കാരിന്റെ ഇതഃപര്യന്തമുള്ള ഭരണനേട്ടങ്ങൾ. പ്രതിവർഷം 2 കോടി തൊഴിലവസരങ്ങൾ വാഗ്ദാനം ചെയ്ത് അധികാരത്തിൽ വന്ന നരേന്ദ്രമോദി സർക്കാർ, ഈ പത്ത് വർഷത്തിനിടയിൽ ഒരാൾക്കുപോലും തൊഴിൽ കൊടുത്തിട്ടില്ല. എന്നാൽ, ഇടതുപക്ഷ ജനാധിപത്യമുന്നണി ഏഴരവർഷം കൊണ്ട് ഏകദേശം രണ്ടേകാൽ ലക്ഷത്തോളം പേർക്കാണ് കേരളത്തിൽ തൊഴിൽ നൽകിയത്. ഇതൊരു ചെറിയ കാര്യമല്ല; പ്രതിവർഷം മുപ്പതിനായിരത്തിലധികം പേർക്ക് സംസ്ഥാന സർക്കാർ തൊഴിൽ നൽകിക്കഴിഞ്ഞു. അതാണ് ബി.ജെ.പി.-എൽ.ഡി.എഫ്. സർക്കാരുകൾ തമ്മിലുള്ള വ്യത്യാസം. മറ്റ് സംസ്ഥാനങ്ങളിൽ പതിനായിരത്തിൽ താഴെ മാത്രമാണ് നിയമനം. കേരളത്തിന്റെ ഏഴ് മടങ്ങ് ജനസംഖ്യയുള്ള ഉത്തർപ്രദേശിൽ 5 വർഷത്തിനിടെ 58,186 നിയമനം മാത്രമാണുണ്ടായത്. ഈ താരതമ്യം ബി.ജെ.പി.-യുടെ തട്ടിപ്പ് തിരിച്ചറിയാൻ സഹായിക്കുമെന്ന് ഞാൻ

കരുതുന്നു.

കാർഷികമേഖലയിൽ, എക്കാലത്തേയും കുറഞ്ഞ തുക വകയിരുത്തിയ കേന്ദ്ര ബഡ്ജറ്റല്ല കേരളത്തിലെ ബഡ്ജറ്റ്. സാമ്പത്തിക ഞെരുക്കത്തിനിടയിലും ഉന്നത വിദ്യാഭ്യാസം, തൊഴിൽ, ക്ഷേമ പ്രവർത്തനങ്ങൾ എന്നിവയിൽ ശ്രദ്ധയും കരുതലും നൽകിയ കേരള മാതൃകയാണ് ജനപക്ഷത്തുനിന്ന് എൽ.ഡി.എഫ്. അവതരിപ്പിച്ച ഈ ബഡ്ജറ്റ്. എല്ലാ വിഭാഗം ജനങ്ങളുടെയും പുരോഗതിയും വളർച്ചയും ലക്ഷ്യമാക്കിയുള്ള പദ്ധതികളാണ് എൽ.ഡി.എഫ്. സർക്കാർ നടപ്പാക്കുന്നത്. എല്ലാവർക്കും ഭൂമി, വീട്, മികച്ച ആരോഗ്യപരിരക്ഷ, മെച്ചപ്പെട്ട വിദ്യാഭ്യാസം, മികച്ച ഗതാഗത സൗകര്യം, എന്നിവയെല്ലാം ഉറപ്പാക്കിയാണ് അടിസ്ഥാന സൗകര്യ വികസനത്തിൽ മറ്റെല്ലാ സംസ്ഥാനങ്ങളെയും പിന്നിലാക്കി കേരളം മുന്നേറിക്കൊണ്ടിരിക്കുന്നത്.

മനുഷ്യന്റെ ഏറ്റവും വലിയ അടിസ്ഥാന ആവശ്യങ്ങളാണ് ഭൂമിയും വീടും. കേരളത്തിലെ രണ്ടാം എൽ.ഡി.എഫ്. സർക്കാർ, 1,26,604 കുടുംബങ്ങളെയാണ് ഭൂമിയുടെ അവകാശികളാക്കി മാറ്റിയത്. എല്ലാവർക്കും ഭൂമി - എല്ലാവർക്കും ഭൂരേഖ - എല്ലാ സേവനങ്ങളും സ്മാർട്ട് - എന്ന ലക്ഷ്യത്തിലേയ്ക്കാണ് റവന്യൂ വകുപ്പ്

സഞ്ചരിക്കുന്നത്. സംസ്ഥാനത്തെ മുടിഞ്ഞ നാടെന്ന് ചിത്രീകരിക്കാൻ പരിശ്രമിക്കുന്ന കേരള വിരുദ്ധരുടെ വായടിപ്പിക്കുന്ന മുന്നേറ്റങ്ങളാണ് നമ്മുടെ സംസ്ഥാനം കൈവരിക്കുന്നത്. "കേരളം തകരില്ല; തളരില്ല; തകർക്കാൻ അനുവദിക്കില്ല" എന്നതാണ് കേരള മാതൃകയെ തകർക്കാൻ ശ്രമിക്കുന്നവരോടുള്ള ബഡ്ജറ്റ് പ്രഖ്യാപനം. റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് മറ്റൊരു കാര്യം സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. നെൽവയലുകളുടെ സംരക്ഷണത്തിനായി വിഭാവനംചെയ്ത തണ്ണീർത്തട സംരക്ഷണ നിയമം നടപ്പാക്കിയതിലൂടെ നെൽവയലുകൾ രൂപപ്പെടുത്തുന്ന നടപടികൾ പ്രതിരോധിക്കാനായെങ്കിലും രൂപഭേദം വരുത്തിയതിനാൽ നെൽവയലുകൾ സമയബന്ധിതമായി പൂർവ്വസ്ഥിതിയിലേയ്ക്ക് കൊണ്ടുവരാൻ പ്രായോഗികമായി സാധ്യമാകാത്ത സ്ഥിതിയാണ് നാളിതുവരെ നിലനിന്നത്. ഈ വിഷയം പരിഹരിക്കുന്നതിനായി റവന്യൂ വകുപ്പിന് ബഡ്ജറ്റിൽ അനിവാര്യമായ തുക വകയിരുത്തേണ്ടത് ആവശ്യമായിരുന്നു. പരിവർത്തനം നടത്തിയ നെൽവയലുകൾ യഥാസമയം പൂർവ്വസ്ഥിതിയിലാക്കുന്നതിനും അനധികൃത ഭൂപരിവർത്തനം നടത്തിയവർക്കെതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിച്ച് പ്രസ്തുത തുക പിഴ സഹിതം തിരികെ സർക്കാരിന് വസൂലാക്കാവുന്നതുമാണ്.

ആയത് ചെലവഴിക്കുന്ന ഫണ്ട്, റിവോൾവിംഗ് ഫണ്ട് എന്ന നിലയിൽ ചാക്രിയമായി തിരികെ സർക്കാരിൽ എത്തുകയും ചെയ്യും. ആയതിനാൽ ഈ ഫണ്ട് വകയിരുത്തുന്നതിലൂടെ ആത്യന്തികമായി സർക്കാരിന് ധനനഷ്ടമുണ്ടാകുന്നില്ല. കൂടാതെ നെൽവയലുകളുടെ സംരക്ഷണം പൂർണ്ണമായി സാധ്യമാക്കി പാരിസ്ഥിതിക സന്തുലനാവസ്ഥ നിലനിർത്താൻ കഴിയുമെന്നതുകൂടി ഈ അവസരത്തിൽ ഞാൻ ഓർമ്മിപ്പിക്കുകയാണ്. കേന്ദ്രസർക്കാർ കാർഷിക മേഖലയെ കൈയൊഴിയുമ്പോൾ കാർഷിക കേരളത്തിന്റെ വളർച്ചയ്ക്ക് എൽ.ഡി.എഫ്. സർക്കാർ വലിയ പ്രാധാന്യമാണ് നൽകിവരുന്നത്. 2018-19-ലെ വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, 2020-ലെ കോവിഡ് മഹാമാരി ഇവയെല്ലാം കാർഷിക മേഖലയെ തകർച്ചയിലേയ്ക്കും കർഷകനെ വലിയ പ്രതിസന്ധിയിലേയ്ക്കുമാണ് നയിച്ചത്. ഇത്തരം പ്രതികൂല സാഹചര്യങ്ങൾക്കിടയിലും 2021-22 കാലയളവിൽ കാർഷിക മേഖലയിൽ 4.64% വളർച്ച കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. കർഷകർ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം ഉൽപ്പന്നങ്ങൾക്ക് ന്യായവില ലഭിക്കാത്തതും വിപണന സൗകര്യങ്ങളുടെ അപര്യാപ്തതയുമാണ്. എന്നാൽ കാർഷിക ഉൽപ്പന്നങ്ങളും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും ഉൽപ്പാദിപ്പിക്കുന്നതിനും വിപണനം

ചെയ്യുന്നതിനുമായി ഒരു കാർഷിക കമ്പനി രൂപീകരിച്ചിട്ടുണ്ട്. പാലിനും മുട്ടയ്ക്കും വരെ അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന കേരളം ഇക്കാര്യങ്ങളിൽ അടുത്തുതന്നെ സ്വയംപര്യാപ്തതയിലെത്തുമെന്ന് നമുക്ക് ആശിക്കാം. കാർഷിക മേഖലയിലെ കാലാവസ്ഥാ പ്രതിരോധവും ലഘൂകരണവും മൂല്യവർദ്ധനവും ലക്ഷ്യമിട്ടുകൊണ്ട് ലോകബാങ്ക് സഹായത്തോടെ 2365 കോടി രൂപയുടെ കേരള കാർഷിക കാലാവസ്ഥാ പ്രതിരോധ മൂല്യ വർദ്ധിത ശൃംഖല നവീകരണ പദ്ധതി നടപ്പാക്കുന്നതിന് ബഡ്ജറ്റിൽ 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനത്തെ നേരിടുന്ന കാർഷികമുറകൾ ആവിഷ്കരിക്കാനും ഉൽപ്പാദനം, സംഭരണം, സംസ്കരണം, വിതരണം, മൂല്യവർദ്ധനവ് എന്നീ മേഖലകളിലെ നൂതന സാധ്യതകൾ കേരളത്തിലെ കാർഷിക സമൂഹത്തിന് ലഭ്യമാക്കാനും പ്രസ്തുത പദ്ധതിയിലൂടെ കഴിയുമെന്ന് വിശ്വസിക്കുന്നു. കേന്ദ്രസർക്കാരിന്റെ നയംമൂലമുണ്ടായ കടുത്ത സാമ്പത്തിക ഞെരുക്കത്തിലും കർഷകർക്ക് പ്രയോജനം ലഭിക്കണമെന്ന ഉദ്ദേശ്യത്തോടെ കൃഷിവകുപ്പിന് 839.72 കോടി രൂപ വകയിരുത്തിയത് പ്രശംസ അർഹിക്കുന്നതാണ്. കർഷകർക്ക് നേരിട്ട് സഹായം ലഭ്യമാക്കുകയും കൃഷി വകുപ്പിന്റെ തനത് പദ്ധതികളായ പച്ചക്കറി വികസനം, ഞങ്ങളും കൃഷിയിലേയ്ക്ക്, ഗ്രീൻ റോയൽറ്റി

എന്നീ പദ്ധതികളിലും പ്രകൃതിക്ഷോഭംമൂലമുണ്ടായ വിളനാശം, ഉൽപ്പാദന ബോണസ് തുടങ്ങിയവയിലും കൂടുതൽ തുക വകയിരുത്തണമെന്ന് താൽപ്പര്യപ്പെടുന്നു.

സ്വാതന്ത്ര്യത്തിന്റെ 75-ാം വർഷം പൂർത്തീകരിച്ച നമ്മുടെ രാജ്യത്ത് പഴുതടച്ച സാർവ്വത്രികമായിട്ടുള്ള സാമൂഹ്യ സുരക്ഷാ പദ്ധതി ഇന്നും നിലവിലില്ല. 2021-22-ലെ തൊഴിൽ ശക്തി സർവ്വേയുടെ വാർഷിക റിപ്പോർട്ടിൽ പറയുന്നത് രാജ്യത്താകമാനമുള്ള ശമ്പളമോ വേതനമോ ലഭിക്കുന്ന തൊഴിൽശക്തികളിൽ 51 ശതമാനം പേർക്കും യാതൊരു സാമൂഹ്യ സുരക്ഷയും ആനുകൂല്യവും കിട്ടുന്നില്ലയെന്നാണ്. കോർപ്പറേറ്റുകളെമാത്രം വളർത്തുന്ന ഒരു നയമാണ് ബി.ജെ.പി.-ക്കുള്ളത്. ജനങ്ങൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ രാജ്യത്തിന് ബാധ്യതയാകുമെന്ന് പ്രഖ്യാപിച്ച ആദ്യത്തെ പ്രധാനമന്ത്രിയാണ് ശ്രീ. നരേന്ദ്രമോദി. രാജ്യത്തിന്റെ വികസനമെന്നത് കോർപ്പറേറ്റ് വികസനമെന്നതാണ് പ്രധാനമന്ത്രിയുടെ നയം. ടൂറിസം, പശ്ചാത്തല വികസനം, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലകളിലുമൊക്കെത്തന്നെ വലിയ മാറ്റമാണ് ഈ ബഡ്ജറ്റിലൂടെ

സംസ്ഥാന സർക്കാർ ഈ പ്രതിസന്ധിയിലും കൊണ്ടുവന്നിരിക്കുന്നത്. ഈ ബഡ്ജറ്റിൽ അസംഘടിത മേഖലയിൽ എട്ടുകോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. കർഷകത്തൊഴിലാളി ക്ഷേമനിധിയിലെ അറുപത് വയസ്സ് കഴിഞ്ഞിട്ടുള്ള അംഗങ്ങളുടെ കുടിശ്ശിക നൽകാൻ ഏകദേശം അഞ്ഞൂറുകോടി രൂപ ആവശ്യമാണ്. അങ്ങ് മറുപടി പറയുമ്പോൾ കർഷകത്തൊഴിലാളി ക്ഷേമനിധി ആനുകൂല്യം കൊടുക്കുന്നതിന് ആവശ്യമായ പണം ബഡ്ജറ്റിൽ വകയിരുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. തൊഴിലാളികൾ അടയ്ക്കുന്ന അംശദായത്തിന് തുല്യമായ അംശദായം ഗവൺമെന്റ് അടയ്ക്കണമെന്നാണ് നിയമത്തിൽ പറയുന്നത്. നിലവിൽ തൊഴിലാളി ഇരുപത് രൂപയാണ് അടയ്ക്കുന്നത്; അതോടൊപ്പം ഗവൺമെന്റിന്റെ അംശദായംകൂടി അടയ്ക്കേണ്ടതുണ്ട്. അതുപോലെ, ഭൂമി ക്രയവിക്രയം ചെയ്യുമ്പോൾ സെസ്സ് പിരിക്കുകയും ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട് ഒരു നിശ്ചിത ഫീസ് ഈടാക്കുന്നുമുണ്ട്. ഇതെല്ലാം കാർഷികമേഖലയുമായി ബന്ധപ്പെട്ട പണമായതുകൊണ്ട് കർഷകത്തൊഴിലാളി ക്ഷേമനിധിയിലേയ്ക്ക് അടയ്ക്കാൻ സാധിച്ചാൽ ക്ഷേമനിധിയുമായി ബന്ധപ്പെട്ട സാമ്പത്തിക പരാധീനതകൾ കുറയ്ക്കാൻ

കഴിയും. അതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. അതുപോലെ, കർഷകത്തൊഴിലാളി പെൻഷൻ കൊടുക്കുന്നതിന് വരുമാന സർട്ടിഫിക്കറ്റ് ആവശ്യപ്പെടുന്നതുകൂടി ഒഴിവാക്കാൻ അങ്ങ് മുൻകയ്യെടുക്കണം.

അസറ്റ് ഡെവലപ്മെന്റ് ഫണ്ടുമായി ബന്ധപ്പെട്ട് അഞ്ച് കോടിരൂപയാണ് എം.എൽ.എ.-മാർക്ക് അനുവദിച്ചിട്ടുള്ളത്. എം.എൽ.എ.-മാർക്ക് ആ പണം എങ്ങനെ വിനിയോഗിക്കണമെന്നതിനും അക്രെഡിറ്റഡ് ഏജൻസികളെ നിശ്ചയിക്കുന്നതിനും അവകാശമുണ്ട്. എന്നാൽ എന്റെ നിയോജകമണ്ഡലത്തിലെ രണ്ട് പദ്ധതികളിൽ അടൂർ ഗാന്ധി പാർക്കുമായി ബന്ധപ്പെട്ട പദ്ധതിക്ക് അറുപതുലക്ഷം രൂപ അനുവദിച്ചെങ്കിലും ധനകാര്യ വകുപ്പ് ഒബ്ജക്ഷൻ പറഞ്ഞിരിക്കുകയാണ്. അതിൽ യാതൊരുവിധ പ്രശ്നങ്ങളുമില്ലാത്തതാണ്. അതുപോലെ, 'അന്തിപച്ച'യ്ക്കുവേണ്ടി പതിനാല് ലക്ഷം രൂപ അനുവദിച്ചെങ്കിലും പ്രസ്തുത തുകയും ധനകാര്യ വകുപ്പ് നൽകാതെയിരിക്കുകയാണ്. എം.എൽ.എ.-മാർക്കുള്ള അവകാശത്തെ കവർന്നെടുക്കാൻ വേണ്ടിയുള്ള ബോധപൂർവ്വമായ പരിശ്രമമാണോ ധനവകുപ്പ് ചെയ്യുന്നതെന്നറിയില്ല. അതുകൊണ്ട് തീർച്ചയായും ഈ വിഷയത്തിൽ അങ്ങ് ഇടപെട്ട് പരിഹാരമുണ്ടാക്കണം. അഞ്ച് കോടി രൂപയുടെ അസറ്റ്

ഡെവലപ്മെന്റ് ഫണ്ട് വലിയ പദ്ധതികൾക്കുവേണ്ടിയാണ് ചെലവഴിക്കുന്നത്. ഒരു കോടി രൂപയുടെ എസ്.ഡി.എഫ്. (സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ട്) ചെറിയ വർക്കുകൾ ചെയ്യുന്നതിനാണ് ഉപയോഗിക്കുന്നത്. അത് നൽകില്ലെന്ന് പറയുന്നത് ശരിയായ കാര്യമല്ല. അതുകൊണ്ട് ഇതിനാവശ്യമായ ഇടപെടൽ ധനവകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാകുന്നതിന് അങ്ങ് നടപടി സ്വീകരിക്കണം.

ആരോഗ്യരംഗത്ത് വലിയ മാറ്റമാണ് ഈ സർക്കാർ കൊണ്ടുവന്നിരിക്കുന്നത്. ഏറ്റവും മെച്ചപ്പെട്ട നിലയിലാണ് ആരോഗ്യരംഗം മാറിക്കൊണ്ടിരിക്കുന്നത്. അടൂർ ജനറൽ ആശുപത്രിയിൽ വലിയ വികസനമാണ് നടന്നുകൊണ്ടിരിക്കുന്നത്. ഇപ്പോൾത്തന്നെ പതിനാല് കോടിരൂപയുടെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. അഞ്ചുകോടി രൂപയുടെ നിർമ്മാണം തുടങ്ങാൻ പോകുന്നു. വലിയ മാറ്റങ്ങളാണ് അടൂർ ജനറൽ ഹോസ്പിറ്റലിൽ നടക്കുന്നത്. എന്നാൽ അവിടെ സ്ഥലപരിമിതിയുടെ പ്രശ്നമുണ്ട്. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വകുപ്പ് മന്ത്രിമാരും ചീഫ് സെക്രട്ടറി അടക്കമുള്ള ബന്ധപ്പെട്ട ഉദ്യോഗസ്ഥരും പങ്കെടുത്ത യോഗത്തിൽ ഐ.എച്ച്.ആർ.ഡി. കോളേജ് സ്ഥിതി ചെയ്യുന്ന സ്ഥലം അടൂർ ജനറൽ ഹോസ്പിറ്റലിന് കൈമാറ്റം ചെയ്യുന്നതിനും

കെ.എ.പി.-യുടെ സ്ഥലം ഐ.എച്ച്.ആർ.ഡി. കോളേജിന് നൽകാനും തീരുമാനമെടുത്തെങ്കിലും നടപടി ഇഴഞ്ഞുനീങ്ങുകയാണ്. അടിയന്തരമായി അതിനുള്ള നടപടി സ്വീകരിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ തീരുമാനം പ്രാവർത്തികമാക്കാൻ ഗവൺമെന്റ് പരിശ്രമിക്കണം.

വ്യാവസായിക മേഖലയിൽ വലിയ മാറ്റങ്ങളാണ് ഉണ്ടായിരിക്കുന്നത്. ഒരുപാട് സ്റ്റാർട്ട് അപ് സംരംഭങ്ങൾ വന്നിരിക്കുന്നു. സ്വകാര്യമേഖലയുടെ പങ്കാളിത്തത്തോടുകൂടി വലിയ മാറ്റങ്ങളാണ് ആ രംഗത്ത് വന്നുകൊണ്ടിരിക്കുന്നത്. അടൂരിൽ വ്യവസായ വകുപ്പിന്റെ രണ്ടര ഏക്കർ സ്ഥലം കാടുപിടിച്ചുകിടക്കുകയാണ്. വ്യവസായ വകുപ്പുമന്ത്രിയുടെ 'മുഖാമുഖം' പരിപാടിയിൽ ടി വിഷയം ഉന്നയിച്ചപ്പോൾ അവിടെ വ്യവസായ പാർക്ക് അനുവദിക്കാമെന്ന് അദ്ദേഹം പറഞ്ഞിരുന്നു. അതിനാവശ്യമായ ഇടപെടൽ വ്യവസായ വകുപ്പിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ഇരുപത് പദ്ധതികളാണ് ഓരോ എം.എൽ.എ.-യും നൽകുന്നത്. ഞാനും നൽകിയിട്ടുണ്ട്. അതിൽ ഏറ്റവും വലിയ പദ്ധതിയാണ് അടൂർ-കൊടുമൺ ഇന്റർനാഷണൽ സ്റ്റേഡിയം. സംസ്ഥാനത്തെ ഏറ്റവും വലിയ സ്റ്റേഡിയവും കായിക മത്സരങ്ങൾ നടക്കുന്നതും അവിടെയാണ്. ആ സ്റ്റേഡിയവുമായി

അനുബന്ധിച്ച് സ്പോർട്സ് സ്കൂൾ തുടങ്ങണമെന്ന് കഴിഞ്ഞ ബഡ്ജറ്റിലും ഞാൻ ആവശ്യപ്പെട്ടിരുന്നു. ഇത്തവണ ബഡ്ജറ്റിൽ അതിനായി ടോക്കൺ പ്രൊവിഷൻ വച്ചിട്ടുണ്ട്. ഐക്കാട് ഗവൺമെന്റ് എൽ.പി. സ്കൂൾ കെട്ടിടത്തിൽ അതിനുള്ള സൗകര്യമുണ്ട്. ഈ ബഡ്ജറ്റിൽ സ്പോർട്സ് വകുപ്പിന് അനുവദിച്ച പണത്തിൽനിന്നും അവിടെ സ്പോർട്സ് സ്കൂൾ ആരംഭിക്കുന്നതിനുള്ള തീരുമാനമുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

എന്റെ മണ്ഡലത്തിലെ ഏറ്റവും പ്രധാനപ്പെട്ട സ്ഥലമാണ് പന്തളം. പന്തളം ശബരിമലയുടെ മൂലസ്ഥാനമാണ്. അവിടെ വലിയ ട്രാഫിക് പ്രശ്നങ്ങളുണ്ട്. പന്തളം ബൈപ്പാസുമായി ബന്ധപ്പെട്ട് പ്രവർത്തനം നടന്നുവരികയാണ്. എന്നാൽ അവിടെ മെഡിക്കൽ മിഷൻ മുതൽ മണികണ്ഠൻ ആൽത്തറ വരെയുള്ള ഭാഗത്ത് വലിയ തിരക്കാണ്. അതുകൊണ്ട് അവിടെ എലിവേറ്റഡ് ഹൈവേ നിർമ്മിക്കുന്നതിന് ആവശ്യമായ സംവിധാനം കെ.എസ്.ടി.പി./പി.ഡബ്ല്യു.ഡി.വഴി ഏറ്റെടുക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

സ്വാതന്ത്ര്യത്തിനുശേഷം സോഷ്യലിസ്റ്റിന്റെ പരമാധികാര മതേതര റിപ്പബ്ലിക്കായ ജനാധിപത്യ രാഷ്ട്രത്തിനാണ് അടിത്തറ പാകിയത്. എല്ലാ

പൗരന്മാർക്കും നീതിയും സമത്വവും സ്വാതന്ത്ര്യവും ഉറപ്പാക്കുമെന്നും രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും നിലനിർത്തുമെന്നും സാഹോദര്യം വളർത്തുമെന്നും ഉറപ്പുനൽകി, ജനാധിപത്യത്തിന്റെ സുഗമമായ പ്രവർത്തനത്തിന് നിയമനിർമ്മാണ സഭകളും ഭരണ നിർവ്വഹണ സമിതികളും നീതിന്യായ കോടതികളും ക്രമീകരിച്ച്, മാധ്യമങ്ങളും തനതായ ഉത്തരവാദിത്വം ഏറ്റെടുത്ത് സ്വാതന്ത്ര്യാനന്തരം 75 വർഷം പിന്നിടുമ്പോൾ ഗുരുതരമായ അടിസ്ഥാന മാറ്റങ്ങൾ രാജ്യം നേരിടുന്നു. വർത്തമാന രാജ്യം നെഞ്ചേറ്റുന്ന മുതലാളിത്തം അതിന്റെ കടുത്ത പ്രതിസന്ധിയിൽ ഉഴലുകയാണ്. ഫെഡറൽ സംവിധാനത്തിൽ പ്രവർത്തിക്കുന്ന രാഷ്ട്രത്തിൽ നമ്മുടെ സംസ്ഥാനത്തെ വീർപ്പുമുട്ടിക്കാനാണ് കേന്ദ്ര ഗവൺമെന്റ് പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. വർഗ്ഗീയ ഫാസിസ്റ്റ് അജണ്ടകളുമായി പ്രവർത്തിക്കുന്ന നരേന്ദ്രമോദി കേരളത്തിന്റെ അവകാശങ്ങളെയാകെ നിഷേധിക്കുകയാണ്. കേരളത്തിന് അർഹതപ്പെട്ട എല്ലാ ആനുകൂല്യങ്ങളും കേന്ദ്ര ഭരണകൂടം തിരസ്കരിക്കുന്നു. നമ്മുടെ രാജ്യത്തെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട അർഹരായ കുട്ടികൾക്കും വൃദ്ധർക്കും ആരോഗ്യ പരിരക്ഷ നൽകുന്നതിൽ നിഷേധാത്മകമായ നിലപാടാണ് നരേന്ദ്രമോദി സർക്കാർ

സ്വീകരിക്കുന്നത്. രാജ്യത്തിന്റെ സമ്പത്ത് ആകെ വിറ്റഴിക്കുന്ന തിരക്കിലാണ് ശ്രീ. നരേന്ദ്രമോദി. 2002-ൽ ഗുജറാത്തിൽ വംശഹത്യ പരീക്ഷണം നടത്തിയ ശ്രീ. നരേന്ദ്രമോദി വീണ്ടും നമ്മുടെ രാജ്യത്ത് വംശഹത്യ പരീക്ഷണശാലകൾ സൃഷ്ടിക്കുകയാണ്. ഈ ഘട്ടത്തിൽ കേരളത്തിനെതിരായ സാമ്പത്തിക അവഗണനയ്ക്കും കേരളത്തോടുള്ള വർഗ്ഗീയവംശ വിദ്വേഷത്തിനെതിരായി ഇടതുപക്ഷ ഗവൺമെന്റ് പോരാടുകയാണ്. ഇടതുപക്ഷ മന്ത്രിമാരും എം.എൽ.എ.-മാരും പാർലമെന്റിനുമുമ്പിൽ സമരം ചെയ്തപ്പോൾ കേരളത്തിലെ യു.ഡി.എഫ്., അതിനൊപ്പം നിന്നില്ല. അത് നിങ്ങളുടെ ബി.ജെ.പി.-യോടുള്ള സാഹോദര്യത്തിന്റെ തെളിവാണ്. കേരളം ഉൾപ്പെടെ ബി.ജെ.പി. ഇതര ഗവൺമെന്റുകളെ മോദി ഭരണകൂടം തേജോവധം ചെയ്യുകയാണെന്ന് എ.ഐ.സി.സി. അദ്ധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെ തൃശ്ശൂരിൽ പറഞ്ഞു. ആ യോഗത്തിൽ കെ.പി.സി.സി. അദ്ധ്യക്ഷൻ ശ്രീ. കെ. സുധാകരനും പ്രതിപക്ഷ നേതാവ് ശ്രീ. വി. ഡി. സതീശനും സന്നിഹിതനായിരുന്നു. അവർക്ക് ആ ഘട്ടത്തിൽ മിണ്ടാട്ടമുണ്ടായിരുന്നില്ല. കേരളത്തിലെ കോൺഗ്രസ്-ബി.ജെ.പി. മൃദുസമീപനമാണ് ആ മൗനത്തിലൂടെ

തെളിയിക്കപ്പെട്ടത്. ഈ ബഡ്ജറ്റ് പുതുയുഗ പ്രവാഹം സൃഷ്ടിക്കുന്ന ഒന്നാണ്. പിന്നാക്കക്കാരെ നവധാരകളിലേയ്ക്ക് നയിക്കുന്ന ഒന്നാണെന്നും ഞാൻ അഭിപ്രായപ്പെടുന്നു. "കെട്ടിമറയ്ക്കില്ലെൻ പാതി നെഞ്ചും കെട്ടിമറയ്ക്കില്ലെൻ കൈയ്യും"- കെട്ടിമറയ്ക്കാത്ത പാതി നെഞ്ചും കെട്ടിമറയ്ക്കാത്ത എന്റെ കൈയ്യും നവകേരള സൃഷ്ടിക്കായി മുന്നോട്ടുവരുന്നു. ഞാൻ ഈ ബഡ്ജറ്റിനെ ഒരിക്കൽക്കൂടി പിന്തുണയ്ക്കുന്നു.

<u>ശ്രീ. ഡി. കെ. മുരളി</u>: സർ, ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുകയാണ്. ബഡ്ജറ്റിന്റെ ആദ്യ വാചകം തന്നെ കേരളത്തിന് പ്രത്യാശ നൽകുന്നതാണെന്ന് എടുത്ത് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. സൂര്യോദയ സമ്പദ്ഘടനയായി മാറികൊണ്ടിരിക്കുന്ന കേരളത്തിന്റെ വളർച്ചയെ വെല്ലുവിളികളെയും ആശങ്കകളെയും അഭിമുഖീകരിച്ച് എങ്ങനെ ത്വരിതപ്പെടുത്താമെന്ന അന്വേഷണവും പ്രായോഗിക നിർദ്ദേശവും അടങ്ങിയതാണ് ഈ ബഡ്ജറ്റ്. അതാണ് കേരളത്തിന്റെ പ്രത്യാശ. കേരളത്തെ മുടിഞ്ഞുപോയ നാടെന്ന് ചിത്രീകരിക്കുന്ന കേരള വിരുദ്ധരെ അഗാധമായി നിരാശപ്പെടുത്തിക്കൊണ്ട് "തകരില്ല കേരളം, തളരില്ല കേരളം, തകർക്കാനാകില്ല കേരളത്തെ" എന്ന ആത്മാഭിമാനം ഉയർത്തിപ്പിടിച്ച്

നമ്മുടെ സംസ്ഥാനത്തെ അതിവേഗം നവീകരിക്കാനും ലക്ഷ്യമിട്ട ബൃഹത് പരിപാടികളാണ് ഈ ബഡ്ജറ്റ് മുന്നോട്ടുവയ്ക്കുന്നത്. തീർച്ചയായും അതാണ് ഈ ബഡ്ജറ്റിന്റെ ഏറ്റവും വലിയ പ്രത്യേകത. ഈ ബഡ്ജറ്റ് ജനപക്ഷ ബഡ്ജറ്റാണ്. കുറെക്കൂടി വ്യക്തമായി പറഞ്ഞാൽ ഇതൊരു നിസ്വപക്ഷ ബഡ്ജറ്റാണ്. നമ്മുടെ നാട്ടിലെ സാധാരണക്കാരെയും പാവപ്പെട്ടവരെയുമാണ് ഈ ബഡ്ജറ്റ് ചേർത്തുപിടിക്കുന്നത്. ഇതൊരു ജെൻഡർ ബഡ്ജറ്റാണ്; സ്ത്രീപക്ഷ ബഡ്ജറ്റ് എന്നുപറയാം. കുടുംബശ്രീക്ക് നീക്കിവച്ച തുക പരിശോധിച്ചാൽ ഇതൊരു സ്ത്രീപക്ഷ ബഡ്ജറ്റാണെന്ന് മനസ്സിലാകും. ജെൻഡർ ബഡ്ജറ്റ് എന്ന നിലയിൽ വകകൊള്ളിച്ച തുക ബഡ്ജറ്റിലുണ്ട്. ഏത് പ്രതിസന്ധി സൃഷ്ടിച്ചാലും എന്തെല്ലാം വെല്ലുവിളികൾ നേരിടേണ്ടി വന്നാലും സാധാരണക്കാർക്ക് നൽകേണ്ട ആനുകൂല്യങ്ങൾക്കോ ക്ഷേമപ്രവർത്തനങ്ങൾക്കോ നാടിന്റെ വികസന പ്രവർത്തനങ്ങൾക്കോ മുടക്കം വരുത്താൻ എൽ.ഡി.എഫ്. ഗവൺമെന്റ് തയ്യാറല്ല എന്ന ഒരു കാര്യമാണ് ഈ ബഡ്ജറ്റ് അസന്ദിഗ്ദ്ധമായി പ്രഖ്യാപിക്കുന്നത്. ഈ ഗവൺമെന്റിന് കെടുകാര്യസ്ഥതയുണ്ടെന്ന വിമർശനം പ്രതിപക്ഷനേതാവ് വായ്ത്താരി പോലെ പറഞ്ഞുനടക്കുകയാണ്. ബഡ്ജറ്റിലും സഭയുടെ

മേശപ്പുറത്ത് വച്ച ആസൂത്രണ കമ്മീഷന്റെ സാമ്പത്തിക അവലോകനത്തിലുമുള്ള കണക്കുകളിൽ വ്യക്തമായി പറയുന്നത് ഈ കാലഘട്ടത്തിൽ നമ്മുടെ നികുതി വരുമാനവും നികുതിയേതര വരുമാനവും വർദ്ധിച്ചിരിക്കുകയാണെന്നാണ്. നമ്മുടെ വികസനക്ഷേമപ്രവർത്തനങ്ങളൊന്നും സ്തംഭിപ്പിച്ചിട്ടില്ല, ട്രഷറി പ്രവർത്തിക്കുകയാണ്; പ്രതിപക്ഷം വ്യാമോഹിക്കുന്നതുപോലെ അത് പൂട്ടുന്നില്ല. കേരളം മുന്നോട്ടുതന്നെ പോകുകയാണ്; അതിന് കൂടുതൽ ആവേശം സൃഷ്ടിക്കുന്ന തരത്തിൽ ബഡ്ജറ്റിലെ പ്രഖ്യാപനങ്ങളെ നമുക്ക് കാണാൻ സാധിക്കും. എന്നാൽ ഈ ഗവൺമെന്റിനെ സാമ്പത്തികമായി ഞെരുക്കാൻ കേന്ദ്രം ഇടപെടുന്ന കാര്യം വസ്തുതകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചാൽ  മനസ്സിലാകും. ഫിസിക്കൽ ഫെഡറലിസത്തിന്റെ എല്ലാ തത്വങ്ങളെയും ലംഘിച്ചുകൊണ്ടാണ് യൂണിയൻ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. അക്കാര്യത്തിൽ കോൺഗ്രസിന് അഭിപ്രായവ്യത്യാസമുണ്ടോ? കേരളത്തിലെ മുഖ്യമന്ത്രിയും മന്ത്രിമാരും എം.എൽ.എ.-മാരും എം.പി.മാരും ഫെബ്രുവരി 8-ാം  തീയതി ഡൽഹിയിൽ നടത്തിയ സമരത്തിന്റെ തലേദിവസം അവിടെ സമരം നടത്തിയത്

കർണ്ണാടകയിലെ കോൺഗ്രസ് നേതൃത്വം കൊടുക്കുന്ന ഗവൺമെന്റാണ്. ഞങ്ങൾ നടത്തിയ സമരത്തിൽ പ്രതിപക്ഷത്തിനെ ക്ഷണിച്ചതാണ്; ഇപ്പോൾ എന്ത് തൊടുന്യായങ്ങളാണ് നിങ്ങൾ പറയുന്നത്. തെരഞ്ഞെടുപ്പ് വരുന്നതുകൊണ്ട് വരാൻ സാധിക്കില്ലെന്ന കാര്യം ഞങ്ങൾക്ക് മനസ്സിലായി. അക്കാര്യം ഈ സഭയിൽ ബഹുമാനപ്പെട്ട പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബാണ് പറഞ്ഞത്. തെരഞ്ഞെടുപ്പായതുകൊണ്ട് വരുന്നില്ലെന്ന് പറഞ്ഞാൽ തെരഞ്ഞെടുപ്പായതുകൊണ്ട് കേരളത്തിലെ ജനങ്ങൾക്ക് കിട്ടേണ്ട വിഹിതം വേണ്ട എന്ന അഭിപ്രായമാണോ നിങ്ങൾക്കെന്ന് വ്യക്തമാക്കേണ്ടതുണ്ട്. ആ സമരത്തിനെ നിങ്ങൾ ആക്ഷേപിച്ചത് എങ്ങനെയാണ്? ശ്രീ. വി. ഡി. സതീശൻ നാടകമെന്ന് പറഞ്ഞാണ് ആക്ഷേപിച്ചത്. നിങ്ങളുടെ അഖിലേന്ത്യാ നേതാവ് ശ്രീ. കെ. സി. വേണുഗോപാൽ പറഞ്ഞത് ഡ്രാമയെന്നാണ്. ഒരാൾ മലയാളത്തിലും മറ്റെയാൾ ഇംഗ്ലീഷിലും പറഞ്ഞതെന്ന വ്യത്യാസമേയുള്ളൂ. ഈ സമരത്തിലൂടെ എന്ത് മുദ്രാവാക്യങ്ങളാണ്, എന്ത് ആവശ്യങ്ങളാണ് കേന്ദ്രത്തോട് ഉന്നയിച്ചതെന്നും ആ സമരത്തിന് പിന്തുണ നൽകി വന്നവർ ആരൊക്കെയെന്നും നിങ്ങൾ അന്വേഷിച്ചോ? 'ആസേതു ഹിമാചലം'

എന്നതന്നെ പറയാവുന്ന വിധത്തിൽ നേതാക്കൻമാർ സമരത്തിൽ പങ്കെടുത്തു. കാശ്മീർ മുൻമുഖ്യമന്ത്രി ശ്രീ. ഫാറൂഖ് അബ്ദുല്ല, ഡൽഹി മുഖ്യമന്ത്രി ശ്രീ. അരവിന്ദ് കെജ്‌രിവാൾ, പഞ്ചാബ് മുഖ്യമന്ത്രി, തമിഴ്നാടിന്റെ മന്ത്രിമാർ (തമിഴ്നാടിന്റെ മുഖ്യമന്ത്രി സന്ദേശം അയച്ചു), ഈ അടുത്ത കാലം വരെ കോൺഗ്രസിലായിരുന്ന ഇന്ത്യയിലെ പ്രമുഖ അഭിഭാഷകരിൽ ഒരാളായ ശ്രീ. കപിൽ സിബൽ തുടങ്ങിയവരെല്ലാം പിന്തുണ പ്രഖ്യാപിച്ച സമരമായിരുന്നു. കേരളം ഉന്നയിക്കുന്നത് ന്യായമായ ആവശ്യമായതുകൊണ്ടാണ് അവരെല്ലാം പിന്തുണ പ്രഖ്യാപിച്ചത്. ഫെഡറൽ സ്വഭാവത്തെ ലംഘിച്ചുകൊണ്ടാണ് കേന്ദ്രം മുന്നോട്ടുപോകുന്നത്. കേന്ദ്രത്തിന്റെ അജണ്ട ഹിന്ദുത്വരാഷ്ട്രമാണ്; അധികാര കേന്ദ്രീകരണമാണ്. അതിനെ അംഗീകരിക്കാൻ കഴിയില്ല. അതുകൊണ്ട് 'കേരളം ചോദിക്കുന്ന ന്യായമായ ആവശ്യങ്ങൾക്ക് ഒപ്പമാണ് ഈ നാട്" എന്നാണ് അവിടെ പ്രഖ്യാപിക്കപ്പെട്ടത്. പക്ഷേ പ്രതിപക്ഷം അതിനോട് മുഖം തിരിഞ്ഞുനിന്നില്ലേ; ആ സമരത്തെ തള്ളിപ്പറയുന്നില്ലേ; ഈ കേരളത്തോട് കാണിക്കുന്ന വഞ്ചനയല്ലേ അത്? ഓരോ കാര്യത്തിലും നിങ്ങൾ സ്വീകരിക്കുന്ന ഇരട്ടത്താപ്പ് നിലപാടുകൾ ജനങ്ങൾ തിരിച്ചറിയുന്നുണ്ടെന്ന

കാര്യം ശ്രീ. വി. ഡി. സതീശനും കോൺഗ്രസ്സും മനസ്സിലാക്കണം. പാർലമെന്റ് സമ്മേളനം ഒരു ദിവസംകൂടി നീട്ടിവച്ച് രാമക്ഷേത്രവും പ്രതിഷ്ഠയും സംബന്ധിച്ച് ഒരു ദിവസം നീണ്ടുനിൽക്കുന്ന ചർച്ച നടത്തിയതിൽ കോൺഗ്രസ്സും പങ്കെടുക്കുകയല്ലേ ചെയ്തത്? അതിനെ പ്രതിപക്ഷവും മുസ്ലീം ലീഗും ബഹിഷ്കരിക്കുകയാണ് ചെയ്തത്. യു.ഡി.എഫ്.-ൽ മുസ്ലീം ലീഗ് നേതാക്കന്മാരോട് എനിക്ക് വിനയപൂർവ്വം അഭ്യർത്ഥിക്കാനുള്ളത് കോൺഗ്രസിന്റെ വർഗ്ഗീയതയെ സംബന്ധിച്ചുള്ള മൃദുസമീപനവും ഹിന്ദുത്വ അജണ്ട വരുമ്പോൾ സ്വീകരിക്കുന്ന ഇരട്ടത്താപ്പ് നിലപാടും മുന്നോട്ട് കൊണ്ടുപോയാൽ (....ബഹളം.....). ശ്രീ. കെജ്‌രിവാളും നിങ്ങളും തമ്മിൽ വ്യത്യാസമില്ലെന്നാണോ പറഞ്ഞുകൊണ്ടിരിക്കുന്നത് ....

മി. സ്പീക്കർ: പ്ലീസ്.....പ്ലീസ്...... ശ്രീ. പി. സി. വിഷ്ണുനാഥ്..

ശ്രീ. ഡി. കെ. മുരളി: സർ, ന്യായമായ ആവശ്യങ്ങൾ ഉന്നയിക്കുമ്പോൾ കോൺഗ്രസ് സ്വീകരിക്കുന്ന നിലപാട് മറ്റൊന്നുമല്ല. നിങ്ങൾ പ്രതിനിധാനം ചെയ്യുന്ന ഒരു സമൂഹം ഇത് അംഗീകരിക്കുമോയെന്ന് മുസ്ലീം ലീഗിന്റെ പ്രിയപ്പെട്ട നേതാക്കന്മാർ ആലോചിക്കണം. ഇതിനൊക്കെ ഭാവിയിൽ ജനങ്ങളോട് മറുപടി പറയേണ്ടിവരും; അത് കാണാതെ പോകരുത്.

മദ്ധ്യപ്രദേശിലെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. കമൽനാഥും മകനും ചെറുമകനും ബി.ജെ.പി.യിലേയ്ക്ക് പോകുന്നുവെന്ന വാർത്ത വന്നിട്ടുണ്ട്. നിങ്ങളുടെ നേതാവും എം.പി.യുമായ ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ പ്രധാനമന്ത്രിയുടെ സൽക്കാരത്തിൽ പങ്കെടുത്തതിനെ ശ്രീ. വി. ഡി. സതീശനും കെ. മുരളീധരനും ന്യായീകരിക്കുകയാണ്. നമ്മുടെ നാടിന്റെ ഇന്നത്തെ രാഷ്ട്രീയ സ്ഥിതിയെന്താണ്? ഭാരതരത്നം അവാർഡുപോലും രാഷ്ട്രീയമായി വിനിയോഗിക്കുകയാണ്. ഓരോ സാഹചര്യത്തെയും രാഷ്ട്രീയ മുതലെടുപ്പിന് വിനിയോഗിച്ചുകൊണ്ട് കേന്ദ്രത്തിൽ സംഘപരിവാർ രാഷ്ട്രീയം മുന്നോട്ടുപോകുമ്പോൾ അതിനെ ചെറുക്കാൻ അതിന്റെ എതിർചേരിയിൽ അണിനിരക്കാൻ ധൈര്യപൂർവ്വം നിൽക്കേണ്ട സന്ദർഭത്തിൽ ഇത്തരത്തിലുള്ള വീട്ടുവീഴ്ചയല്ലേ നിങ്ങൾ കാണിക്കുന്നത്. ഓരോ ഭാരതരത്നവും നൽകിയതിന് പിന്നിലുള്ള കാര്യം പരിശോധിച്ചാൽ അത് മനസ്സിലാകും. ഇങ്ങനെ സംഘപരിവാറിനെ എതിർക്കാൻ ശക്തിയില്ലാത്തവരായി കോൺഗ്രസ് മാറിയാൽ അതിനൊപ്പം കേരളം നിൽക്കില്ലെന്നുകൂടി മനസ്സിലാക്കണം. മുസ്ലീം ലീഗിന്റെ നേതാക്കൻമാർക്ക്/ലീഗിനുതന്നെ ഇത്തരം നയങ്ങളോടുള്ള കോൺഗ്രസിന്റെ മൃദുസമീപനം ഇന്നല്ലെങ്കിൽ നാളെ തിരിച്ചറിയേണ്ടിവരും.

എത്രയുംപെട്ടെന്ന് തിരിച്ചറിഞ്ഞാൽ ജനങ്ങളുടെ മുമ്പിൽ നിങ്ങൾക്ക് തല ഉയർത്തി നിൽക്കാനാവും.

കേന്ദ്രം ഒട്ടേറെ കാര്യങ്ങളിൽ കേരളത്തെ സാമ്പത്തികമായി ഞെരുക്കുന്നു. സംസ്ഥാന സർക്കാരിന് കടമെടുക്കാനുള്ള അവകാശത്തെ ന്യായം പറഞ്ഞ് നിഷേധിക്കുകയാണ്. ഏതെങ്കിലും സർക്കാരിന് കടമെടുക്കാതെ മുന്നോട്ടുപോകാനാകുമോ; ഇല്ല. ഏതെങ്കിലും സംസ്ഥാനം കടമെടുക്കാതെയുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. കേന്ദ്രം കടമെടുക്കുന്നില്ലേ; അതിനെപ്പറ്റി നിങ്ങളുടെ നിലപാടെന്താണ്? കിഫ്ബിയെയും പെൻഷൻ ബോർഡിനെയും കടമെടുപ്പ് പരിധിയിൽ കൊണ്ടുവരണമെന്ന കേന്ദ്രനയത്തോട് നിങ്ങൾ യോജിക്കുകയാണോ? കിഫ്ബിയിലൂടെ നമ്മുടെ പശ്ചാത്തല സൗകര്യ രംഗത്ത് വരുത്തിയ മാറ്റങ്ങൾ നിങ്ങൾ ചെറുതായി കാണുന്നുണ്ടോ? നിങ്ങളുടെ മണ്ഡലങ്ങളിൽ കിഫ്ബിയുടെ ഫണ്ട് ഉപയോഗിച്ചിട്ടില്ലേ? കിഫ്ബിയിലൂടെ പണം ചെലവഴിച്ചാൽ അത് കേരളത്തെ കടക്കെണിയിലേയ്ക്ക് കൊണ്ടുപോകും അതുകൊണ്ട് തങ്ങളുടെ മണ്ഡലത്തിൽ കിഫ്ബിയുടെ ഫണ്ട് വേണ്ടെന്ന്

നിങ്ങൾ തീരുമാനിച്ചോ? നാട് വികസിക്കണം; നാടിന് പശ്ചാത്തല സൗകര്യമുണ്ടാകണം.

മി. സ്പീക്കർ: പ്ലീസ്.....കൺക്ലൂഡ്..

ശ്രീ. ഡി. കെ. മുരളി: സർ, അവസാനിപ്പിക്കാം. ഇത്തരത്തിലുള്ള ജനവിരുദ്ധ സമീപനങ്ങളിൽനിന്ന് മാറിനിൽക്കാൻ എത്രയും പെട്ടെന്നുതന്നെ തയ്യാറാകുന്നത് നിങ്ങൾക്ക് നല്ലതാണെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് കേരളത്തെ മുന്നോട്ടുനയിക്കാൻവേണ്ടി തയ്യാറാക്കിയ ഈ ബഡ്ജറ്റിനെ ഒരിക്കൽക്കൂടി അനുകൂലിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല: സർ, "Life is a tale told by an idiot, full of sound and fury, signifying nothing"- വില്യം ഷേക്സ്പിയറിന്റെ കൃതിയായ മക്ബത്തിലെ എറ്റവും പ്രധാനപ്പെട്ട ഒരു വാചകമാണിത്. ഷേക്സ്പിയർ ജീവിതത്തെ വിലയിരുത്തുന്നത് ഇങ്ങനെയാണ്; "ജീവിതമെന്നാൽ വിഡ്ഢിയാൽ പറഞ്ഞ ഒരു കടംകഥയാണ്, നിറയെ ശബ്ദവും ബഹളവും എന്നാൽ ഒരു കാര്യവുമില്ല". ശ്രീമതി നിർമ്മല സീതാരാമൻ അവതരിപ്പിച്ച ബഡ്ജറ്റും ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ബഡ്ജറ്റും ഇതേ രീതിയിലാണെന്ന് പറയാൻ എനിക്ക്

യാതൊരു മടിയുമില്ല. കേവലം പ്രഖ്യാപനങ്ങളും വാഗ്ദാനങ്ങളുമല്ലാതെ ഒന്നുമില്ല. ട്രഷറിയിൽ പൂച്ച പെറ്റുകിടക്കുകയാണ്; വാഗ്ദാനങ്ങൾക്ക് യാതൊരു കുറവുമില്ല. ഇന്ന് സൂര്യോദയ സമ്പദ്ഘടനയായി കേരളം മാറുകയാണെന്നാണ് ധനകാര്യ വകുപ്പുമന്ത്രി പറയുന്നത്. ഇതുകേട്ടിട്ട് തൊട്ടടുത്ത ബെഞ്ചിലിരുന്ന ഭക്ഷ്യ വകുപ്പുമന്ത്രി കൈപോലും കൊടുക്കാതെ ഇറങ്ങിപ്പോകുന്നത് ഈ സഭ കണ്ട കാര്യമാണ്. ഭക്ഷ്യവകുപ്പിനും കൃഷിവകുപ്പിനും റവന്യൂ വകുപ്പിനും ഈ ബഡ്ജറ്റിനോട് പ്രതിഷേധമുണ്ട്. ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ പ്രസംഗത്തിൽ, അവസാന ഭാഗം ഒഴിച്ചുനിർത്തിയാൽ ഈ ബഡ്ജറ്റിനോടുള്ള സി.പി.ഐ.-യുടെ പ്രതിഷേധം വളരെ വ്യക്തമായിതന്നെ കാണാൻ കഴിയുന്ന കാര്യമാണ്. കേരളത്തിന്റെ സമസ്തമേഖലകളെയും തകർത്തുതരിപ്പണമാക്കി അഴിമതിയും കെടുകാര്യസ്ഥതയുംകൊണ്ട് കേരളത്തെ അന്ധകാരത്തിലേയ്ക്ക് തള്ളിവിടുന്നതാണ് ശ്രീ. കെ. എൻ. ബാലഗോപാലന്റെ സൂര്യോദയം. 8 വർഷം മുമ്പ് കണ്ട കേരളമല്ലായെന്ന് അദ്ദേഹം പറഞ്ഞത് ശരിയാണ്. കാരണം നമ്മുടെ പൊതുകടം 4,29,270 കോടി രൂപയായി വർദ്ധിച്ചു. ഇ.എം.എസ്. മുതൽ ഉമ്മൻചാണ്ടി വരെയുള്ള ഗവൺമെന്റുകൾ ഭരിച്ച

കാലത്തുള്ള പൊതുകടം 1.9 കോടി രൂപയാണ്. കേരളത്തിൽ ജനിച്ചുവീഴുന്ന ഓരോ കുട്ടിയും ഒരു ലക്ഷത്തിലേറെ കടക്കാരനായിട്ടാണ് ജനിച്ചുവീഴുന്നത്. ഈ ബഡ്ജറ്റിൽ എല്ലാവരെയും വിസ്മയിപ്പിച്ച ഒരു കാര്യമുണ്ട്, മാർക്സിസ്റ്റ് പാർട്ടിയുടെ പുതിയ ഉദാരവൽക്കരണ നയങ്ങളോടും നവലിബറൽ സമീപനങ്ങളോടുമുള്ള സമീപനമാണ്. നിങ്ങളുടെ സമീപനം മാറിയോ; എങ്കിൽ പറയണം. സ്വകാര്യ മൂലധനം - വിദ്യാഭ്യാസ രംഗത്ത് വിദേശ മൂലധനനിക്ഷേപം വരുന്നതിനെ നിങ്ങൾ അനുകൂലിക്കുന്നുണ്ടോ; നിങ്ങൾ അതിനെ അനുകൂലിക്കുന്നുണ്ടോ......; നിങ്ങളുടെ കഴിഞ്ഞ കാലത്തെ നിലപാട് എന്തായിരുന്നു? സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വന്നപ്പോൾ അതിനെ എതിർത്ത് കൂത്തുപറമ്പിൽ വെടിവയ്പുണ്ടായി 5 പേർ മരിച്ചില്ലേ; ആ സഖാവ് പുഷ്പനെയെങ്കിലും ശ്രീ. കെ. എൻ. ബാലഗോപാൽ ഓർക്കേണ്ടതായിരുന്നു. ഉന്നതവിദ്യാഭ്യാസ രംഗത്ത് വിദേശ മൂലധനനിക്ഷേപം വേണമെന്നും സർവ്വകലാശാലകൾ വേണമെന്നും പറഞ്ഞ ശ്രീ. ടി. പി. ശ്രീനിവാസൻ എന്ന ആഗോള പ്രശസ്തനായ വ്യക്തിയെ കരണത്തടിച്ച എസ്.എഫ്.ഐ.-ക്കാരോട്, കരണത്തടി കിട്ടിയ അദ്ദേഹത്തോട് മാപ്പുപറയാനെങ്കിലും ശ്രീ. കെ. എൻ. ബാലഗോപാൽ

തയ്യാറാകേണ്ടതായിരുന്നു. ഇതിനോട് ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുപോലും അഭിപ്രായ വ്യത്യാസമുണ്ട്. സ്വകാര്യ സർവ്വകലാശാലകൾക്കും വിദേശ സർവ്വകലാശാലകൾക്കും അനുമതി നൽകുന്നതിനെ ഞങ്ങൾ എതിർക്കുന്നില്ല. ഞങ്ങൾ അതിനെ സ്വാഗതം ചെയ്യുന്നു. നമ്മുടെ നാട്ടിലെ ചെറുപ്പക്കാർ മറ്റ് രാജ്യങ്ങളിൽ പോയി വിദ്യാഭ്യാസം ചെയ്ത് കേരളത്തിൽ ഇപ്പോൾ ജനങ്ങളില്ലാത്ത അവസ്ഥയിലേക്കാണ് മാറുന്നത്. ഡൽഹിയിലെ സമരത്തെപ്പറ്റി ശ്രീ. ഡി. കെ. മുരളി ഇവിടെ പറയുകയുണ്ടായി. എന്തിനാണ് നിങ്ങൾ സമരം ചെയ്തത്; ഏഴരവർഷക്കാലമായി ശ്രീ. നരേന്ദ്ര മോദിക്കെതിരെ, മോദി എന്ന പേരോ അമിത്ഷാ എന്ന പേരോ ഉച്ചരിക്കാൻ നമ്മുടെ മുഖ്യമന്ത്രിക്ക് മുട്ടുവിറയ്ക്കുമായിരുന്നു. ഒരിക്കലും അദ്ദേഹം അത് ചെയ്തിട്ടില്ല. കഴിഞ്ഞ ഏഴരവർഷവും ഒരു സമരം ചെയ്യാൻ തയ്യാറായിട്ടില്ല. ഡൽഹിയിൽ നടത്തിയ സമരം.... യൂണിയൻ ഗവൺമെന്റ് എന്നാണ് പറയുന്നത്. മോദി ഗവൺമെന്റ് എന്ന് പറയുകയില്ല, പേടിയാണ്. യൂണിയൻ ഗവൺമെന്റ്; ബി.ജെ.പി. ഗവൺമെന്റ് എന്ന് പറയുകയില്ല, പേടിയാണ്. പുതിയൊരു പദാവലി അദ്ദേഹം കൊണ്ടുവന്നിരിക്കുകയാണ്. നരേന്ദ്ര മോദിയെന്നോ

അമിത്ഷാ എന്നോ പറഞ്ഞാൽ വിവരമറിയും എന്നുള്ളതുകൊണ്ടാണ് അദ്ദേഹം അത് പറയാതിരുന്നതെന്ന് ഞങ്ങൾ സംശയിച്ചുപോകുകയാണ്. ലാവ്‌ലിൻ കേസ് 38 തവണ മാറ്റിവച്ചു. സുപ്രീം കോടതിയിൽ അന്ന് സി.ബി.ഐ.-യുടെ അഭിഭാഷകന് പനിയായിരിക്കും, അസുഖമായിരിക്കും. പിന്നെ എങ്ങനെ ശ്രീ. നരേന്ദ്രമോദിയുടെ പേര് പറയും. ഏഴരവർഷക്കാലമാബി.ജെ.പി. ഗവൺമെന്റ് യി ഒരു സമരവുമുണ്ടായില്ല. ശ്രീ. നരേന്ദ്രമോദിക്കെതിരെ മിണ്ടിയില്ല. ശ്രീ. എൻ. കെ. പ്രേമചന്ദ്രനെപ്പറ്റി പറഞ്ഞല്ലോ; ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ എന്ത് തെറ്റ് ചെയ്തു; ശ്രീ. എൻ. കെ. പ്രേമചന്ദ്രനെ പ്രധാനമന്ത്രി വിളിച്ചു, അദ്ദേഹം പോയി. ഞങ്ങളെ മുഖ്യമന്ത്രി വിളിക്കാറുണ്ട്, ഞങ്ങൾ പോകുന്നില്ലേ; ശ്രീ. നരേന്ദ്രമോദിക്ക് ആമാടപ്പെട്ടിയും കസവുമുണ്ടുമായി പോയത് കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ആയിരുന്നില്ലേ; ആമാടപ്പെട്ടിയും കസവുനേര്യതും കൊടുത്ത്, ആറന്മുള കണ്ണാടിയും കൊടുത്ത് സ്വീകരിച്ച മുഖ്യമന്ത്രിയുടെ ചെയ്തിയെപ്പറ്റി നിങ്ങൾക്ക് എന്താണ് പറയാനുള്ളത്; ഇത്തവണ പ്രധാനമന്ത്രി വന്നപ്പോൾബി.ജെ.പി. ഗവൺമെന്റ് മുഖ്യമന്ത്രിയുടെ ബോഡി ലാംഗ്വേജ് കാണണമാബി.ജെ.പി. ഗവൺമെന്റ് യിരുന്നു. എന്തായിരുന്നു

അദ്ദേഹത്തിന്റെ ബോഡി ലാംഗ്വേജ്; ഞാൻ അത്രമാത്രമേ പറയുന്നുള്ളൂ. പാർലമെന്റ് തെരഞ്ഞെടുപ്പിനുവേണ്ടിയുള്ള സ്റ്റണ്ടാണ് നിങ്ങൾ ചെയ്തത്. 57,000 കോടി രൂപയുടെ കടം എന്ന് ഇവിടെ പറയുന്നു. 57,000 കോടി രൂപ കേരളത്തിന് നഷ്ടപ്പെട്ടുവെന്ന് പറയുന്നു. ജി.എസ്.ടി. വളർച്ചാനിരക്ക് 14 ശതമാനം കുറവാണെങ്കിൽ 5 വർഷത്തേക്ക് നഷ്ടപരിഹാരം ലഭിക്കും. അത് നേരത്തേ തീരുമാനിച്ചതാണ്. 16 ശതമാനം വളർച്ച നേടി എന്ന് ഇവിടത്തെ ധനകാര്യ വകുപ്പുമന്ത്രി പറയുന്നു. പിന്നെ നമുക്ക് എങ്ങനെ ജി.എസ്.ടി. കോമ്പൻസേഷൻ ലഭിബി.ജെ.പി. ഗവൺമെന്റ് ക്കും. ഫിസ്കൽ ഡെഫിസിറ്റ് ഗ്രാന്റ് ഏറ്റവും കൂടുതൽ ലഭിച്ചത് കേരളത്തിനാണ്, 53,000 കോടി രൂപ. യു.ഡി.എഫ്. ഗവൺമെന്റ് കാലത്ത് 9000 കോടി രൂപ മാത്രമാണ് ലഭിച്ചത്. ധനകാര്യ കമ്മീഷന്റെ നിലപാട് ശരിയല്ലെന്ന അഭിപ്രായം ഞങ്ങൾക്കുമുണ്ട്. ഞങ്ങൾ പറഞ്ഞ കാര്യമാണ്. 14-ാം ധനകാര്യ കമ്മീഷൻ 2.5 ശതമാനമാണ് നമുക്ക് നൽകിയതെങ്കിൽ 15-ാം ധനകാര്യ കമ്മീഷൻ 1.9 ശതമാനമായി അത് കുറച്ചു. 1971-ലെ ജനസംഖ്യാ കണക്കായിരുന്നു എടുക്കേണ്ടത്. 2011-ലെ ജനസംഖ്യാ കണക്കാണ് എടുത്തത്. അതുകൊണ്ടാണ് നമുക്കിത് കുറഞ്ഞത്. Off-Budget

Borrowing.... നിങ്ങൾ ഇങ്ങനെ Off-Budget Borrowing എടുക്കരുതെന്ന് ഞങ്ങൾ അന്ന് പറഞ്ഞതല്ലേ; നിങ്ങൾ കിഫ്ബിക്കുവേണ്ടിയും പെൻഷൻ കമ്പനിക്കുവേണ്ടിയും എടുത്തതെല്ലാം കടമെടുപ്പ് പരിധിയിലുൾപ്പെടുമെന്ന് ഞങ്ങൾ പറഞ്ഞപ്പോൾ ഞങ്ങളെ അന്ന് വിമർശിച്ചവരാണ് നിങ്ങൾ. ഇപ്പോൾ എന്ത് സംഭവിച്ചു? കടമെടുപ്പ് പരിധി 3 ശതമാനമാണ്. അത് വർദ്ധിപ്പിക്കണമെന്ന് കോൺഗ്രസ്സും ആവശ്യപ്പെടുന്ന കാര്യമാണ്. കേന്ദ്രത്തിനെതിരെ നിങ്ങൾ സമരം ചെയ്യുമ്പോൾ ഒരു കാര്യം നിങ്ങൾ ഓർക്കണം; കേന്ദ്ര ഗവൺമെന്റിനെതിരെ ഏറ്റവും ശക്തമായ നിലപാടുകൾ സ്വീകരിക്കുന്ന പാർട്ടി ഇന്ത്യൻ നാഷണൽ കോൺഗ്രസ്സാണ്. ബി.ജെ.പി.-ക്കെതിരെ പോരാടുന്ന പ്രസ്ഥാനം ഇന്ത്യൻ നാഷണൽ കോൺഗ്രസ്സാണ്. പിണറായി ഗവൺമെന്റ് പോലെ തന്നെയാണ് മോദി ഗവൺമെന്റും. ഒരു വർഷം കൊണ്ട് രണ്ടുകോടി ആളുകൾക്ക് ജോലി കൊടുക്കുമെന്ന് ശ്രീ. നരേന്ദ്ര മോദി പറഞ്ഞു. ആർക്കെങ്കിലും ജോലി കിട്ടിയോ? 2022-ന് മുമ്പ് 200 സ്മാർട്ട് സിറ്റികൾ ഇന്ത്യയിൽ ആരംഭിക്കുമെന്ന് പറഞ്ഞു. എവിടെയെങ്കിലും ആരംഭിച്ചോ; പെട്രോൾ, ഡീസൽ ലിറ്ററിന് 35 രൂപയ്ക്ക് കൊടുക്കുമെന്ന് പറഞ്ഞു. കൊടുത്തോ; 100 രൂപ കവിഞ്ഞു. കർഷകരുടെ

വരുമാന വർദ്ധനവ് രണ്ടിരട്ടിയായി വർദ്ധിപ്പിക്കുമെന്ന് പറഞ്ഞു. വർദ്ധിപ്പിച്ചോ; എല്ലാവർക്കും വീട് കൊടുക്കുമെന്ന് ശ്രീ. നരേന്ദ്രമോദി പറഞ്ഞു. ആർക്കെങ്കിലും കൊടുത്തോ; യു.പി.എ. ഗവൺമെന്റ് കർഷകരുടെ 60,000 കോടി രൂപയുടെ കടം എഴുതിത്തള്ളി. കോർപ്പറേറ്റുകളുടെ 25 ലക്ഷം കോടി രൂപയുടെ കടമെഴുതിത്തള്ളുകയാണ് മോദി ഗവൺമെന്റ് ചെയ്തത്. കേന്ദ്ര ഗവൺമെന്റ് ജനങ്ങളെ ശ്വാസം മുട്ടിക്കുകയാണ്. തൊഴിലില്ലായ്മയും വിലക്കയറ്റവും കൊണ്ട് ജനങ്ങൾ പ്രയാസപ്പെടുകയാണ്. സൈന്യത്തിൽ പോയി ജോലി ചെയ്ത് ജീവിക്കാമെന്ന് കരുതിയാൽ പുതിയ 'അഗ്നിപഥ് ' പദ്ധതി (Agnipath Scheme) കാരണം അതിനുപോലും കഴിയാത്ത അവസ്ഥയാണ്. കേന്ദ്രഗവൺമെന്റിന്റെ നയങ്ങളെ ഞങ്ങൾ എതിർക്കുന്നു. നരേന്ദ്രമോദിയുടെ 10 വർഷക്കാലത്തെ ഭരണം ഇന്ത്യയെ ദരിദ്ര രാജ്യങ്ങളിൽ 111-ാം റാങ്കായി മാറ്റിയിരിക്കുന്നു. ദാരിദ്ര്യത്തിലേക്ക് ഇന്ത്യയെ നയിച്ച ഗവൺമെന്റാണ് മോദി ഗവൺമെന്റ്. പണപ്പെരുപ്പം കൊണ്ട് രാജ്യത്തെ ജനങ്ങളെ വഞ്ചിക്കുന്ന ഗവൺമെന്റാണ് മോദി ഗവൺമെന്റ്. മോദി ഗവൺമെന്റ് സ്വീകരിക്കുന്ന അതേ നയം തന്നെയാണ് നിങ്ങളും ഇവിടെ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇവിടെ ആർക്കെങ്കിലും തൊഴിലുണ്ടോ?

മി. സ്പീക്കർ: പ്ലീസ്...പ്ലീസ്...

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ നിർത്താം. ഇവിടെ ആർക്കെങ്കിലും തൊഴിൽ കൊടുക്കുന്നുണ്ടോ; തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ എണ്ണം ഇന്ത്യയിലേറ്റവും കൂടുതലുള്ള സംസ്ഥാനമായി കേരളം മാറുന്നു. ഗവൺമെന്റിന് പരിപാടിയുണ്ടോ; പദ്ധതിയുണ്ടോ; സർക്കാർ ജീവനക്കാർക്ക് 20 ശതമാനം ഡി.എ. കൊടുക്കാനുണ്ടായിരുന്നിട്ടും ഒരു ശതമാനം ഡി.എ. ആണ് നിങ്ങൾ കൊടുത്തത്. സർക്കാർ ജീവനക്കാർ അനുഭവിക്കുന്ന പ്രയാസങ്ങൾക്ക് കയ്യും കണക്കുമുണ്ടോ; ഇങ്ങനെ കേന്ദ്രഗവൺമെന്റും സംസ്ഥാന ഗവൺമെന്റും ചേർന്ന് ജനങ്ങളെ ബുദ്ധിമുട്ടിച്ചുകൊണ്ട് മുന്നോട്ടുപോകുന്നു. നിങ്ങളുടെ 'പ്ലാൻ-ബി' എന്താണ്; ജനങ്ങളെ പിഴിയാനാണോ 'പ്ലാൻ-ബി'; ജനങ്ങളെ ബുദ്ധിമുട്ടിക്കാനാണോ 'പ്ലാൻ-ബി'? പങ്കാളിത്ത പെൻഷന്റെ കാര്യത്തിൽ നിങ്ങൾ ഒളിച്ചോട്ടം നടത്തുന്നു. ഈ സംസ്ഥാനത്ത് പിണറായി വിജയൻ ഗവൺമെന്റും ഇന്ത്യയിൽ നരേന്ദ്രമോദി ഗവൺമെന്റും ജനങ്ങൾക്കെതിരെ യുദ്ധം പ്രഖ്യാപിച്ച ഗവൺമെന്റുകളായെന്നുവേണം കരുതുവാൻ. സാധാരണ ജനങ്ങളുടെ ജീവിതം കൂടുതൽ ദുഃസഹമാകുന്നു. പാവപ്പെട്ടവന്റെ ജീവിതം

കൂടുതൽ ദുഃസഹമാകുന്നു. അതിന് പരിഹാരമുണ്ടാകാതെ പ്രഖ്യാപനങ്ങളും വാഗ്ദാനങ്ങളും മാത്രം വാരിക്കോരി കൊടുത്തുകൊണ്ട് ജനങ്ങളെ വഞ്ചിക്കുന്ന നിലപാടാണ് ഈ ഗവൺമെന്റുകൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ശ്രീമതി നിർമ്മലാ സീതാരാമന്റെ ബഡ്ജറ്റ് എടുത്താലും ശ്രീ. കെ. എൻ. ബാലഗോപാലിന്റെ ബഡ്ജറ്റ് എടുത്താലും രണ്ടിടത്തും കാണാൻ കഴിയുന്നത് ജനവഞ്ചനയാണ്...

മി. സ്പീക്കർ: അങ്ങയെപ്പോലെ മുതിർന്നൊരാൾ ഇങ്ങനെ എക്സീഡ് ചെയ്യരുത്. പ്ലീസ്...

ശ്രീ. രമേശ് ചെന്നിത്തല: അതുകൊണ്ട് ഞാൻ ഇതിനെ എതിർക്കുന്നു. എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. പി. എസ്. സുപാൽ: സർ, കോൺഗ്രസ്സിന്റെ നേതാക്കന്മാരുടെ എല്ലാപ്രസംഗവും ഒരു കേരള വിരുദ്ധ കേന്ദ്രത്തെ അനുകൂലിക്കുന്ന പ്രസംഗങ്ങളായി മാറിക്കൊണ്ടിരിക്കുകയാണ്. ശ്രീ. രമേശ് ചെന്നിത്തലയുടെ പ്രസംഗമടക്കം പി. വി. നരസിംഹറാവുവിന് 'ഭാരതരത്ന' അവാർഡ് ലഭിച്ചതുപോലെ ഒരു ഭാരതരത്നമാണോ കോൺഗ്രസ്സിന്റെ നേതാക്കന്മാർ പ്രതീക്ഷിക്കുന്നതെന്നുള്ള കാര്യത്തിൽ സംശയമുണ്ട്. കേരളത്തിന്റെ സമഗ്ര

വികസനത്തിന് കുതിപ്പേകുന്ന ബഡ്ജറ്റാണ് ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ചത്. ഞാൻ ഈ ബഡ്ജറ്റിനെ പിന്തുണയ്ക്കുകയാണ്. കേന്ദ്രസർക്കാർ കേരളത്തെ ശ്വാസം മുട്ടിക്കുകയാണ്. നമുക്ക് അർഹതപ്പെട്ട ഏതാണ്ട് 58,000 കോടിയോളം രൂപയാണ് കേന്ദ്രഗവൺമെന്റ് നിഷേധിക്കുന്നത്. ഈ സാഹചര്യത്തിൽ പകച്ചുനിൽക്കുന്ന ഗവൺമെന്റല്ല കേരളത്തിലെ ഗവൺമെന്റ്. കേരളത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്ന നിലപാട് ശക്തമായി ഈ ഗവൺമെന്റ് സ്വീകരിക്കുകയാണ്. 2020-21 സാമ്പത്തിക വർഷത്തിൽ 1.32 ലക്ഷം കോടി രൂപയായിരുന്ന തനത് നികുതി വരുമാനം 2022-23 സാമ്പത്തിക വർഷത്തിൽ 1.59 ലക്ഷം കോടി രൂപയായി വർദ്ധിപ്പിക്കുകയുണ്ടായി. 5 വർഷം കൊണ്ട് തനത് വരുമാനം ഇരട്ടിയാക്കി വർദ്ധിപ്പിച്ച ഗവൺമെന്റാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ. സാമ്പത്തിക പ്രതിസന്ധി ഉണ്ടെന്നുപറഞ്ഞുകൊണ്ട് കയ്യുംകെട്ടി നോക്കിയിരുന്ന സർക്കാരല്ല കേരളത്തിലെ എൽ.ഡി.എഫ്. സർക്കാർ. വിദ്യാഭ്യാസ മേഖലയിൽ ഗവൺമെന്റ് നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ, ആരോഗ്യരംഗത്ത് ഈ ഗവൺമെന്റ് അടിസ്ഥാന സൗകര്യങ്ങൾ

വർദ്ധിപ്പിക്കുവാൻ നടത്തിയ അഭിമാനകരമായിട്ടുള്ള പ്രവർത്തനങ്ങൾ, ലൈഫ് ഭവന നിർമ്മാണ പദ്ധതിയിലൂടെ ലക്ഷക്കണക്കിന് കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചുനൽകിയ സർക്കാരാണ് കേരളത്തിലെ എൽ.ഡി.എഫ്. സർക്കാർ. അടിസ്ഥാന സൗകര്യ വികസനമേഖലയിൽ ഒരു വലിയ മുന്നേറ്റമാണ് കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ കാലത്ത് നടപ്പാക്കാൻ സാധിച്ചത്. ഇവിടെ ദേശീയപാത വികസനം യാഥാർത്ഥ്യമാകുകയാണ്. മലയോര ഹൈവേ, തീരദേശ പാത എന്നിവയുടെ നിർമ്മാണവും പൂർത്തിയാക്കിക്കൊണ്ടിരിക്കുന്നു. ദേശീയ ജലപാതയുൾപ്പെടെയുള്ള വൻവികസനപ്രവർത്തനങ്ങൾ യാഥാർത്ഥ്യമാക്കിക്കൊണ്ട് മുന്നോട്ടുപോകുന്ന നിലപാടാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് സ്വീകരിക്കുന്നത്. ചെറുകിട വ്യവസായമേഖലയിൽ ഒരുലക്ഷത്തിനാല്പതിനായിരത്തിലധികം സംരംഭങ്ങൾ ഈ കാലയളവിൽ നടത്തിക്കൊണ്ട് പതിനായിരക്കണക്കിന് ആളുകൾക്ക് തൊഴിൽ നൽകാനുള്ള സംവിധാനം ഈ ഗവൺമെന്റ് സൃഷ്ടിച്ചു. എത്രപേർക്ക് തൊഴിൽ നൽകിയെന്ന് ശ്രീ. രമേശ് ചെന്നിത്തല ചോദിക്കുന്നത് കേട്ടു. ഈ രാജ്യത്ത് തൊഴിൽ നൽകുന്ന ഏകസംസ്ഥാനം

കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരാണ്. ഏതാണ്ട് രണ്ട് ലക്ഷത്തിമുപ്പതിനായിരത്തിലധികം ആളുകൾക്കാണ് പി. എസ്. സി. മുഖേന നിയമനം നൽകിയത്. കോൺഗ്രസ് ഭരിച്ചിരുന്ന ഗവൺമെന്റ് നൽകിയോ; കേന്ദ്ര ഗവൺമെന്റ് നൽകുന്നുണ്ടോ? രാജ്യത്താകെ നടത്തുന്ന നിയമനങ്ങളുടെ 40 ശതമാനവും നടത്തുന്നത് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റാണ്. ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്തുയർന്നുകൊണ്ടാണ് ഈ സർക്കാർ 2024-2025 വർഷത്തെ ബഡ്ജറ്റ് അവതരിപ്പിച്ചത്. റബ്ബറിന്റെ വിലസ്ഥിരതാ ഫണ്ടുയർത്താനുള്ള നടപടി ഈ ഗവൺമെന്റ് സ്വീകരിച്ചു. വിലസ്ഥിരതാ ഫണ്ട് 250 രൂപയെങ്കിലുമാകണമെന്ന് നമ്മൾ ആഗ്രഹിച്ചെങ്കിലും കേന്ദ്രസർക്കാർ സഹായം നൽകണ്ടേ; നിങ്ങൾ അതിനെക്കുറിച്ച് ഒരു വാക്കും പറയുന്നില്ലല്ലോ? പക്ഷേ കേരളത്തിലെ ഗവൺമെന്റ് സാമ്പത്തിക പ്രതിസന്ധിയുണ്ടായിട്ടും 170 രൂപയെന്നുള്ളത് 180 രൂപയാക്കി വർദ്ധിപ്പിച്ച് കർഷകരെ സഹായിക്കുന്ന നിലപാടാണ് സ്വീകരിച്ചത്. സർക്കാർ ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പാക്കിയത് ഈ രാജ്യം ഭരിച്ചിരുന്ന കോൺഗ്രസ് ഗവൺമെന്റാണ്. ആ പങ്കാളിത്ത പെൻഷൻ

പദ്ധതി മാറ്റിക്കൊണ്ട് നിയമപ്രകാരമുള്ള പെൻഷൻ സംവിധാനത്തിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് കേരളത്തിലെ ഗവൺമെന്റ് ഇപ്പോൾ പ്രഖ്യാപിച്ചു. ടൂറിസം മേഖല ശക്തിപ്പെടുത്തിക്കൊണ്ട് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനുള്ള നടപടികൾ ഈ ഗവൺമെന്റ് സ്വീകരിക്കുന്നു. പരമ്പരാഗത വ്യവസായമേഖലയായ കശുവണ്ടിമേഖലയെയും തോട്ടം മേഖലയെയും ശക്തിപ്പെടുത്താനാവശ്യമായ നിലപാടുകൾ ഈ ഗവൺമെന്റ് മുന്നോട്ടുവയ്ക്കുന്നു. അതുമാത്രമല്ല, സാമൂഹ്യ സുരക്ഷാ പെൻഷൻ വർദ്ധിപ്പിച്ചത് എൽ. ഡി. എഫ്. സർക്കാരാണ്. ഇപ്പോൾ കുടിശ്ശികയുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണെങ്കിലും കുടിശ്ശികയില്ലാതെ സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് കേരളത്തിലെ ബഹു. ധനകാര്യ വകുപ്പുമന്ത്രി വളരെ വ്യക്തമായിപ്പറഞ്ഞു. നമ്മുടെ രാജ്യത്തിനാകെ അഭിമാനകരമായുള്ള പൊതുവിതരണ സംവിധാനം മാവേലി സ്റ്റോറുകൾ സ്ഥാപിച്ചുകൊണ്ട് ശക്തിപ്പെടുത്തുകയും വിലനിലവാരം ഫലപ്രദമായി പിടിച്ചുനിർത്തുകയും ചെയ്ത സർക്കാരാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ. കേന്ദ്രസർക്കാർ നിലപാടുകൾ സ്വീകരിക്കുമ്പോൾ

പൊതുവിതരണ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തി കൂടുതൽ തുക നൽകിക്കൊണ്ട് സിവിൽ സപ്ലൈസ് കോർപ്പറേഷനെ സഹായിക്കുന്നതിനുള്ള നടപടികൾ കേരള ഗവൺമെന്റ് സ്വീകരിക്കണമെന്നാണ് ബഹു. ധനകാര്യ വകുപ്പുമന്ത്രിയോട് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്. നമ്മുടെ സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷം വർദ്ധിച്ചുകൊണ്ടിരിക്കുന്നു, ഇന്ന് ഗൗരവമായി സഭയിലേയ്ക്ക് വന്ന ഒരു വിഷയമാണ്. അതിന് കൂടുതൽ തുക അനുവദിച്ചുകൊണ്ട് മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. കേരളത്തോടുള്ള കേന്ദ്രഗവൺമെന്റിന്റെ അവഗണന... പലതവണ സംസ്ഥാനം ആവശ്യപ്പെട്ടെങ്കിലും കേന്ദ്രഗവൺമെന്റ് അത് ചെവിക്കൊള്ളാൻ തയ്യാറായില്ല. എം. പി.-മാരുടെ യോഗം ചേർന്ന അവസരത്തിൽ പ്രതിപക്ഷത്തെ പലതവണ ഞങ്ങൾ ക്ഷണിക്കുകയും ഒരുമിച്ച് നിവേദനം നൽകാമെന്ന് സമ്മതിക്കുകയും ചെയ്തു നിങ്ങളുടെ എം. പി.-മാർ മുങ്ങുന്ന കാഴ്ചയാണ് കാണാൻ സാധിച്ചത്. നിങ്ങളെ സമരത്തിനുവേണ്ടി ഞങ്ങൾ ക്ഷണിച്ചുവെങ്കിലും നിങ്ങൾ അതിൽ പങ്കെടുത്തില്ല, നിങ്ങൾ രാഷ്ട്രീയമായ

ഒരു വിവേചന നിലപാടാണ് സ്വീകരിച്ചത്. പക്ഷേ കേരളം സമരത്തിൽത്തന്നെ അടിയുറച്ചുനിന്നുകൊണ്ട് മുന്നോട്ടുപോകുന്ന നിലപാട് സ്വീകരിച്ചു. കേരളം നടത്തുന്ന സമരത്തെക്കുറിച്ച് നിങ്ങൾ പറഞ്ഞത് ഇത് സമരമാണോ അതോ സെമിനാറാണോയെന്നാണ്. എന്നാൽ കേരളത്തിലെ ഗവൺമെന്റ് സമരം നടത്തുന്നതിനുമുമ്പ് അവിടെ മറ്റൊരു സമരം കണ്ടു. അത് കോൺഗ്രസ് ഭരിക്കുന്ന കർണാടക സർക്കാരിന്റെ സമരമായിരുന്നു. അതിനെ ഞങ്ങൾ സമരമെന്നുപറയുന്നു. പക്ഷേ ആ സമരത്തെ നിങ്ങൾ സെമിനാറാണെന്ന് പറയുമോ, അങ്ങനെ നിങ്ങൾക്ക് പറയാൻ സാധിക്കുമോ? കേരളം നടത്തിയ അത്യുജ്ജ്വലമായിട്ടുള്ള സമരം കേവലമൊരു കേന്ദ്ര വിരുദ്ധസമരം എന്നുള്ള നിലയിൽ കാണാൻ സാധിക്കില്ല. കേരളം ഉയർത്തിയത് രാജ്യത്തിനുവേണ്ടിയുള്ള പോരാട്ടമായിരുന്നു, കേരളത്തിന്റെ ഫെഡറൽ സംവിധാനത്തിനുവേണ്ടിയുള്ള പോരാട്ടമായിരുന്നു. കന്യാകുമാരി മുതൽ കാശ്മീർ വരെ അണിനിരന്ന ഒരു സമരമായി അത് മാറുകയുണ്ടായി. രാജ്യത്തെ മാധ്യമങ്ങൾ ആ സമരം റിപ്പോർട്ട് ചെയ്യാൻ അവിടെയെത്തിച്ചേരുകയുണ്ടായി. രാജ്യത്തിന്റെ മതേതരത്വം സംരക്ഷിക്കാൻ അല്ലെങ്കിൽ രാജ്യത്തിന്റെ

മതേതരത്വത്തിനെതിരായുള്ള, ജനാധിപത്യത്തിനെതിരായുള്ള, ഫെഡറലിസം അട്ടിമറിക്കുന്ന കേന്ദ്രസർക്കാരിനെതിരായുള്ള ഒരു കൊടുങ്കാറ്റായി ഈ സർക്കാർ നടത്തിയ സമരം മാറിയെന്നുള്ളതാണ് യാഥാർത്ഥ്യം. ഒരുപക്ഷേ ഇന്ത്യാമുന്നണി രൂപീകരിച്ചതിനുശേഷം ഒരു ബി. ജെ. പി. വിരുദ്ധ ഇന്ത്യാമുന്നണിയെന്ന ആശയത്തിന് ശക്തിപകർന്ന ഒരു പോരാട്ടമായി കേരളം നടത്തിയ സമരം മാറിയെന്നുള്ളതാണ് യാഥാർത്ഥ്യം. നവകേരള സദസ്സിനെ നിങ്ങൾ എതിർത്തവരാണ്, പക്ഷേ കേരളത്തിലെ ജനങ്ങൾ അതിനെ നെഞ്ചിലേറ്റുകയുണ്ടായി. കേരളത്തെ അവഗണിക്കുന്നനിലയിൽ, കേന്ദ്രഗവൺമെന്റിനെതിരായുള്ള കേരളത്തിന്റെ സമരത്തെ നിങ്ങൾ എതിർത്തു, പക്ഷേ കേരളം നടത്തിയ സമരത്തെ രാജ്യം നെഞ്ചിലേറ്റുന്ന കാഴ്ചയാണ് കാണാൻ കഴിഞ്ഞത്. കേന്ദ്രം ഇറക്കിയ ധവളപത്രത്തിന് ബദലായി എ. ഐ. സി. സി.-യുടെ പ്രസിഡന്റായുള്ള ശ്രീ. മല്ലികാർജ്ജുൻ ഖാർഗെ ഇറക്കിയ ബ്ലാക്ക് പേപ്പറിൽ പറയുന്നത് കേന്ദ്രം കേരളത്തെ അവഗണിച്ചുവെന്നുള്ളതാണ്. അത് പറയാൻ കേരളത്തിലെ കോൺഗ്രസ്സുകാർക്ക് നാവ് പൊങ്ങുന്നില്ലെന്നുള്ളത് ഖേദകരമായുള്ള കാര്യമാണ്. ഇവിടെ മുസ്ലീം ലീഗിന്റെ നേതാക്കന്മാരുണ്ട്, നിങ്ങളുടെ ജനറൽ

സെക്രട്ടറിയായ ശ്രീ. പി. എം. എ. സലാം പറഞ്ഞത് കേന്ദ്രത്തിനെതിരായുള്ള കേരളത്തിന്റെ സമരത്തിന് ന്യായമായ കാരണങ്ങളുണ്ടെന്നാണ്. കേരള ഗവൺമെന്റ് നടത്തിയ സമരത്തെ നിങ്ങൾ പിന്തുണച്ച, അത് പരസ്യമായി നിങ്ങൾ നിയമസഭയിൽ പറയാൻ തയ്യാറുണ്ടോ? കേന്ദ്രസർക്കാർ കേരളത്തോട് കാണിക്കുന്ന അവഗണനയിൽ മുഴുവൻ ജനങ്ങളും പ്രതിഷേധിക്കുന്നുവെന്നാണ് നിങ്ങളുടെ നേതാവായ സാദിഖ് അലി ശിഹാബ് തങ്ങൾ പറഞ്ഞത്. അത് കോൺഗ്രസ്സുകാരുടെ മുഖത്തുനോക്കിപ്പറയാൻ നിങ്ങൾ തയ്യാറാണോയെന്ന് ഞാൻ ചോദിക്കുകയാണ്. ഇവിടെ ഒരു ജാഥ നടക്കുന്നു; സാധാരണ ജാഥയ്ക്ക് ഒരു ക്യാപ്റ്റനാണ് ഉണ്ടായിരിക്കുക, ഈ ജാഥയ്ക്ക് രണ്ട് ക്യാപ്റ്റൻമാരുണ്ട്. ഒന്ന് കെ. പി. സി. സി. പ്രസിഡന്റും മറ്റൊന്ന് പ്രതിപക്ഷ നേതാവും. എന്തിനുവേണ്ടിയാണ് ഈ ജാഥ നടത്തുന്നത്, എന്താണ് അതിന്റെ മുദ്രാവാക്യം? ഒരുമിച്ച് ഒരു പത്രസമ്മേളനംപോലും നടത്താൻ കഴിയാത്ത പ്രതിപക്ഷ നേതാവും കെ. പി. സി. സി. പ്രസിഡന്റുമാണ് ഇപ്പോൾ ഒരുമിച്ച് ജാഥ നയിക്കുന്നത്. കെ. പി. സി. സി. പ്രസിഡന്റ് ഒരു പ്രസ്താവന നടത്തും, ഉടൻ അദ്ദേഹം പറഞ്ഞത് തമാശയാണെന്ന് പ്രതിപക്ഷ നേതാവ് പറയും.

ഇത്രയധികം തമാശ പറയുന്ന ഒരു കെ. പി. സി. സി. പ്രസിഡന്റാണോ കേരളത്തിൽ കോൺഗ്രസ്സിനുള്ളത്. നിങ്ങൾ നടത്തുന്ന ഈ ജാഥ ജനങ്ങൾ തള്ളിക്കളയുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. നമ്മുടെ രാജ്യം വളരെ ഗുരുതരമായുള്ള സാഹചര്യങ്ങളിലൂടെയാണ് കടന്നുപോയിക്കൊണ്ടിരിക്കുന്നത്. ഈ ഗുരുതരസാഹചര്യം ബി. ജെ. പി. രാജ്യത്ത് സൃഷ്ടിക്കുമ്പോൾ അതിനെതിരായുള്ള പ്രതിപക്ഷത്തിന്റെ മുന്നേറ്റം രാജ്യത്തെ ജനങ്ങൾ കാംക്ഷിക്കുന്നത് അനിവാര്യമാണ്. അതിന് വഴിയൊരുക്കേണ്ട പാർട്ടികളിലൊന്നാണ് കോൺഗ്രസ്. ഞങ്ങൾ അങ്ങനെയാണ് കാണുന്നതും. പക്ഷേ മധ്യപ്രദേശിലടക്കം അഞ്ച് സംസ്ഥാനങ്ങളിൽ തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ ഇന്ത്യാമുന്നണിയെന്ന സങ്കൽപ്പത്തെ അട്ടിമറിക്കുന്ന നിലപാടാണ് കോൺഗ്രസ് സ്വീകരിച്ചത്. നിങ്ങൾ ബി.ജെ.പി.-യെ വെല്ലുവിളിക്കുന്നു, എതിർക്കുന്നുവെന്നൊക്കെയാണ് പറഞ്ഞത്, അത്തരത്തിൽ വെല്ലുവിളിക്കുന്ന നിങ്ങളുടെ നേതാക്കൾ ബി. ജെ. പി. നേതാക്കളുടെ മുമ്പിൽ മുട്ടിലിഴയുന്ന കാഴ്ചയാണ് രാജ്യത്ത് കാണാൻ കഴിയുന്നത്. ഇപ്പോൾ കോൺഗ്രസ്സ് നേതാക്കൾ ഒന്നൊന്നായി ബി.ജെ.പി.-യിലേയ്ക്ക് ചേക്കേറിക്കൊണ്ടിരിക്കുന്നു.

അവരുടെയെണ്ണം പറയാൻ കോൺഗ്രസ്സുകാർക്കുപോലും കഴിയാത്ത അവസ്ഥയാണ്. മുഖ്യമന്ത്രിമാർ ഉൾപ്പെടെയുള്ള നേതാക്കൾ........., നാളെ കേരളത്തിൽ നിന്ന് എത്ര കോൺഗ്രസ്സുകാർ ബി.ജെ.പി.-യിലേയ്ക്ക് പോകുമെന്നുള്ള കാര്യത്തിൽ ഞങ്ങൾക്ക് ആശങ്കയുണ്ട്. പലരും ചിരിക്കുന്നു, കാരണം ഇവിടെ ബി.ജെ.പി. അനുകൂല പ്രസ്താവനയും എൽ. ഡി. എഫ്.-നെതിരെയുള്ള പ്രസ്താവനയും നടത്തുന്ന നിങ്ങളുടെ മോഹമെന്നുപറയുന്നത് ബി.ജെ.പി. എന്ന ലാവണമാണെന്നുള്ള കാര്യത്തിൽ സംശയമില്ല. ഈ നിലപാട് നിങ്ങൾ തിരുത്തണമെന്നുമാത്രം ഈ അവസരത്തിൽ പറഞ്ഞുകൊണ്ട് ഈ ബഡ്ജറ്റിനെ ശക്തമായി പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുന്നു. കേരളത്തിന്റെ സമ്പൂർണ്ണമായ തകർച്ച മുഴുവൻ കൃത്യമായി വരച്ചുകാണിക്കുന്ന ഭാവിയിലേയ്ക്ക് യാതൊരു പ്രതീക്ഷയും നൽകാത്തൊരു ബഡ്ജറ്റാണിത്. നിങ്ങളുടെ മുന്നണിയിലെ രണ്ടാം കക്ഷിയായ സി.പി.ഐ.-ക്കുപോലും അംഗീകരിക്കാൻ കഴിയാത്തൊരു ബഡ്ജറ്റാണ്. അതല്ലേ സത്യം; ഇവിടെ വലിയ പ്രസംഗമൊക്കെ നടത്തുന്നുണ്ടെങ്കിലും പുറത്ത്

എന്താണ് പറയുന്നത്; ഇതിനെ അംഗീകരിക്കുന്നില്ലെന്ന് സി.പി.ഐ. കൃത്യമായി പറയുന്നു. പണ്ട് കാരണവൻമാരുടെ ധൂർത്തുകാരണം തകർന്ന് തരിപ്പണമായ പഴയ തറവാടുകളിൽ പൊങ്ങച്ചത്തിനും അഹങ്കാരത്തിനും ഒരു കുറവുമില്ല. ചെലവിനുവേണ്ടി കിണ്ടി മുതൽ കോളാമ്പിവരെ വിൽക്കുന്ന തകർന്ന തറവാട്ടുഭരണമാണ് ഈ ബഡ്ജറ്റിലൂടെ കണ്ണോടിച്ചപ്പോൾ മനസ്സിലാക്കാൻ കഴിയുന്നത്. സ്ക്രാപ് സെയിൽ, മണ്ണ് വിൽപ്പന തുടങ്ങി എന്തൊക്കെ കാണേണ്ടിവരും. മുമ്പ് എതിർത്തിരുന്ന നയങ്ങളുടെ നടത്തിപ്പുകാരായി മാറുന്ന കാഴ്ച ഈ ബഡ്ജറ്റിൽ കാണാം. നവലിബറലിസം; ആസിയാൻ കരാർ പറഞ്ഞ് യു.പി.എ. സർക്കാരിന്റെ പിന്തുണ പിൻവലിച്ചത് ഓർമ്മയുണ്ടോ; ഇടതുപക്ഷത്തിന് ഓർമ്മയില്ലേ? ഇപ്പോൾ നിങ്ങൾ എവിടെയാണ്; മൂലധന ശക്തികളെ സ്വാഗതം ചെയ്യുന്നു; ലോക ബാങ്ക്, മസാല ബോണ്ട്, ഐ.എം.എഫ്. വായ്പകൾ സ്വീകരിക്കുന്നു; എന്തിനേറെ, വിദേശ സർവ്വകലാശാലകൾക്കുപോലും അനുമതി നൽകുമെന്ന് പറയുന്നു. വൈകിയാണെങ്കിലും വിവേകം ഉദിക്കുന്നത് നല്ലതുതന്നെയാണ്. കേരളത്തിന്റെ വികസന സാദ്ധ്യതകൾ ഇല്ലാതാക്കിയ മുൻ നിലപാടുകൾക്ക് നിങ്ങൾ മാപ്പുപറയണ്ടേ; ശ്രീ. പി. ശ്രീരാമകൃഷ്ണനും ശ്രീ. എം. സ്വരാജും

ശ്രീമതി സിന്ധു ജോയിയുമൊക്കെ വാങ്ങിക്കൂട്ടിയ അടികളൊക്കെ എന്തിനായിരുന്നു; വൈകി മാത്രം വിവേകം ഉദിക്കുന്ന ഒരു പ്രസ്ഥാനമാണ് സി.പി.ഐ.(എം.) എന്നായിരുന്നു സഖാവ് എം. വി. രാഘവൻ ഇടയ്ക്കിടക്ക് നമ്മളെ ഓർമ്മിപ്പിച്ചിരുന്നത്. നിങ്ങൾ എന്തിനെയും ന്യായീകരിക്കുമെന്നതാണ് ആകെ ഒരു സമാധാനം. ഈ നയവ്യതിയാനങ്ങളെ ന്യായീകരിക്കാൻ നിങ്ങളുടെ നേതാക്കൻമാർ പാടുപെടുന്നത് കാണുമ്പോൾ ഞങ്ങൾക്കുപോലും സഹതാപം തോന്നുന്നു. പലർക്കും ചിരി തോന്നുന്നു. നമ്മുടെ ഉന്നത വിദ്യാഭ്യാസ മേഖലയുടെ ഇന്നത്തെ സ്ഥിതിയെന്താണ്; ചെറുപ്പക്കാരായ ധാരാളം ആളുകൾ നാട്ടിൽനിന്നും പഠനത്തിനായി വിദേശത്തേയ്ക്ക് പോയിക്കൊണ്ടിരിക്കുന്നു. ഇരുപത്തി അയ്യായിരത്തോളം എഞ്ചിനീയറിംഗ് സീറ്റുകൾ കേരളത്തിൽ ഒഴിഞ്ഞുകിടക്കുകയാണ്. 35 ശതമാനംപോലും അഡ്മിഷൻ പൂർത്തിയാകാത്ത എത്ര ആർട്സ് ആൻഡ് സയൻസ് കോളേജുകൾ നമ്മുടെ കേരളത്തിലുണ്ട്; കേരളത്തിലെ നൂറോളം സർക്കാർ കോളേജുകളിൽ പ്രിൻസിപ്പൽമാരില്ല. പ്രധാനപ്പെട്ട യൂണിവേഴ്സിറ്റികളിലൊന്നിലും വൈസ് ചാൻസലർമാരില്ല. നാണക്കേടല്ലേയിത്; പ്ലസ് ടു കഴിഞ്ഞാൽ കുട്ടികൾ എങ്ങനെയെങ്കിലും

കേരളം വിട്ടുപോകുന്നത് തടയാൻ കഴിയില്ല. കുറച്ചുകാലം കഴിഞ്ഞാൽ നമ്മുടെ കേരളം വയസ്സൻമാരുടെ നാടായി മാറുമെന്നുള്ളതാണ് സത്യം. കേരളത്തിന്റെ ശക്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നമ്മൾ നൽകിയ അധികാരവികേന്ദ്രീകരണമാണ്. പക്ഷെ, അവർക്ക് നൽകേണ്ട മൂന്നാം ഗഡു ഇതുവരെ കൊടുത്തോ; ഇതുവരെ ചെലവഴിച്ചത് 33 ശതമാനം മാത്രമാണ്. ഒരു ലക്ഷം രൂപയ്ക്ക് അപ്പുറമുള്ള ബില്ലുകളൊന്നും മാറാത്തതിനാൽ കോൺട്രാക്ടർമാർ ആരും പഞ്ചായത്തിന്റെ അടുത്തേയ്ക്ക് വരുന്നില്ല. വികസനം മൂന്നിലൊന്നായി. എന്ത് പറഞ്ഞാലും നിങ്ങൾ കേന്ദ്ര സർക്കാരിനെ കുറ്റം പറയുകയാണ്. ഈ ബഡ്ജറ്റിൽ എത്ര പ്രാവശ്യമാണ് കേന്ദ്ര സർക്കാരിനെക്കുറിച്ച് പറഞ്ഞിട്ടുള്ളത്. ഈ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആരെയാണ് പഴിക്കേണ്ടത്; കെട്ടിട നികുതി, ഭൂനികുതി, ഫീസ് എല്ലാം വർദ്ധിക്കുന്നു, വികസനം ചുരുങ്ങുന്നു. ജനങ്ങൾ ഈ സർക്കാരിൽനിന്നും എന്താണ് പ്രതീക്ഷിക്കേണ്ടത്; കെ-സ്മാർട്ട് നടപ്പാക്കാൻ ശ്രമിച്ചതോടെ കെട്ടിട നികുതിപോലും മുനിസിപ്പാലിറ്റികൾക്ക് വാങ്ങാൻ കഴിയുന്നില്ല. കെ-റെയിൽ, കെ-ഫോൺ തുടങ്ങിയവ പോലെയായി ഇപ്പോൾ കെ-സ്മാർട്ടും. 500 കോടി രൂപയില്ലെങ്കിൽ സപ്ലൈകോ അടച്ചുപൂട്ടുമെന്നാണ്

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി പറയുന്നത്. കൃഷി, മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രിമാരെ, സി.പി.ഐ മന്ത്രിമാരെയെല്ലാം അവഗണിച്ചു. നിങ്ങൾ ഒരുമിച്ച് ഒരു ചായ കുടിച്ചാൽ തീരാവുന്ന പ്രശ്നം മാത്രമേ അതിൽ ഉണ്ടാകൂ. പക്ഷെ, ഇവിടെ ശരിക്കും അവഗണിച്ച ഒരു വിഭാഗമുണ്ട്. റേഷൻ കടയിൽ ക്യൂ നിൽക്കുന്ന, സപ്ലൈകോയിൽനിന്നും സാധനം വാങ്ങുന്ന, കൃഷിയും കന്നുകാലി വളർത്തലുംകൊണ്ട് ഉപജീവനം നടത്തുന്ന സാധാരണക്കാരായ ജനങ്ങളെ, വിലക്കയറ്റം കാരണം അവശ്യസാധനങ്ങൾ വാങ്ങാൻ കഷ്ടപ്പെടുന്ന പാവങ്ങളെയാണ് നിങ്ങൾ അവഗണിച്ചത്. അവർ വരുന്ന തെരഞ്ഞെടുപ്പിനുവേണ്ടി കാത്തിരിക്കുകയാണ്. നവകേരള സദസ്സുകൊണ്ട് ഈ നാടിന് എന്ത് ഗുണമാണുണ്ടായത്; ഏത് കൺസൾട്ടന്റാണ് സർക്കാരിന് ഈ അഡ്വൈസ് തന്നത്; ഏതായാലും നിങ്ങളെ അവർ കുഴിയിൽ ചാടിക്കുകയാണ് ചെയ്തതെന്നുള്ളതാണ് സത്യം. ഇത് തുടങ്ങുന്നതിനുമുമ്പ് നിങ്ങളോട് ജനങ്ങൾക്ക് എന്തെങ്കിലും തരത്തിലുള്ള മതിപ്പുണ്ടായിരുന്നെങ്കിൽ അതുകൂടി ഇല്ലാതാക്കാനല്ലേ ഇതുകൊണ്ട് കഴിഞ്ഞത്. സുരക്ഷാ ഉദ്യോഗസ്ഥരും പാർട്ടി ഗുണ്ടകളും ചേർന്ന് പ്രതിഷേധങ്ങളെയും എതിർശബ്ദങ്ങളെയും കായികമായി

നേരിടുന്നത് ജനം കണ്ടില്ലേ? ആനയെ തല്ലിയാൽ കേസെടുക്കും, യൂത്ത് കോൺഗ്രസ്സുകാരെ തല്ലിയാൽ ഒരു ചുക്കുമില്ല. കേരളത്തിന്റെ ഭാഗമായി ലിവിംഗ് മ്യൂസിയമെന്ന പേരിൽ ആദിവാസി ജനവിഭാഗത്തെ വേഷം കെട്ടിച്ച് പ്രദർശന വസ്തുവാക്കിയില്ലേ? മനുഷ്യനെ കാഴ്ച വസ്തുവാക്കുന്ന ഇത്തരം ആശയങ്ങൾ എവിടെ നിന്നാണ് ഉടലെടുക്കുന്നത്? ഇത് നിങ്ങളുടെ ഫ്യൂഡൽ മനോനിലയാണ് കാണിക്കുന്നത്. ഇതൊന്നും ആരും ഒരിക്കലും പൊറുക്കില്ല. 1,40,000 സംരംഭങ്ങൾ തുടങ്ങിയെന്നാണ് സർക്കാർ പറയുന്നത്. ഒരു നിയോജക മണ്ഡലത്തിൽ 1000 എണ്ണം. ഒരു മുറുക്കാൻ പീടികയോ ഇസ്തിരി കടയോ തുടങ്ങിയാൽ വ്യവസായം ആകുമോ; ഇവയിൽ സംരംഭമെന്ന് വിളിക്കാൻ പറ്റുന്ന എത്രയെണ്ണമുണ്ടാകും; എത്രയെണ്ണം ഇനിയും പൂട്ടാതെ ബാക്കിയുണ്ടെന്നതിന്റെ കണക്ക് എടുത്തിട്ടുണ്ടോ? ടെലിവിഷനിൽ പരസ്യം ചെയ്തതുകൊണ്ടൊന്നും വ്യവസായികൾ കേരളത്തിലേയ്ക്ക് വരില്ല. അവരുടെ വിശ്വാസം ആർജ്ജിക്കണം. അവരൊക്കെ ആന്ധ്രാപ്രദേശിലേയ്ക്കും തമിഴ്നാട്ടിലേയ്ക്കും പോയിക്കൊണ്ടിരിക്കുകയാണ്. കാക്കനാടുള്ള ട്രാവൻകൂർ സിമന്റ്സിന്റെ 2.79 ഏക്കർ ഭൂമി വിൽപ്പനയ്ക്ക് വച്ചിരിക്കുകയാണ്. സംസ്ഥാനത്ത് വികസന

ആവശ്യങ്ങൾക്ക് സ്ഥലമില്ലാത്ത അവസ്ഥയാണ്. അപ്പോഴാണ് കണ്ണായ സ്ഥലത്തെ ഭൂമി വിറ്റുതുലയ്ക്കുന്നത്. അങ്ങയുടെ സ്ക്രാപ്പിംഗ് നയംപോലെ പൊതുമേഖലാ സ്ഥാപനങ്ങളും അവയുടെ ആസ്തികളും വിറ്റഴിക്കൽ നയം അടുത്തുണ്ടാകുമോ? നികുതി വകുപ്പിന്റെ കെടുകാര്യസ്ഥതയാണ് ഇത്രയും ഭീമമായ സാമ്പത്തിക പ്രതിസന്ധിക്ക് കാരണം. 28000 കോടി രൂപയുടെ നികുതി കുടിശ്ശിക പിരിക്കാനുണ്ട്. ഇത് കേരളമുണ്ടായ കാലം മുതലുള്ളതാണെന്ന് പറയുന്നു. ശരിയായിരിക്കാം. പക്ഷെ, കേരളം ഉണ്ടായ സമയത്തുള്ള നികുതി വകുപ്പിന്റെ ഘടനയാണോ ഇപ്പോഴുള്ളത്? വളരെ വിപുലമായ സംവിധാനത്തോടെയല്ലേ ഈ വകുപ്പ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്? എത്ര ജീവനക്കാരുണ്ട്? കിട്ടാനുള്ളത് പിരിക്കാതെ എല്ലാവിധ നിരക്കുകളും നികുതികളുമൊക്കെ 50000 കോടി രൂപയോളം വർദ്ധിപ്പിച്ച് വരുമാനം കൂട്ടാനല്ലേ സർക്കാർ ശ്രമിക്കുന്നത്. ധൂർത്തും സാമ്പത്തിക അച്ചടക്കമില്ലായ്മയുമാണ് സ്ഥിതി ഇത്രയും വഷളാക്കിയത്. ഇത്രയും നാൾ കിഫ്ബിയായിരുന്നു ഒറ്റമൂലി. അതിന്റെ ധനസമാഹരണ സാധ്യത പൂർണ്ണമായും അടഞ്ഞിരിക്കുകയാണ്. 82000 കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി നൽകി. ടേം ലോൺ, സർക്കാർ

ഗ്രാന്റ്, മസാല ബോണ്ട് തുടങ്ങിയവയിലൂടെ സമാഹരിച്ചത് 23000 കോടി രൂപയാണ്. ബാക്കി 59000 കോടി രൂപ എങ്ങനെയാണ് സൃഷ്ടിക്കുക; മസാല ബോണ്ട് എങ്ങനെയാണ് മടക്കിക്കൊടുക്കുക. നമ്മുടെ കടം 475000 കോടി രൂപയോളം വന്നു. ഈ സംഖ്യ മടക്കിക്കൊടുക്കണ്ടേ; സമയമായി. 86 ശതമാനത്തോളം തുക പലിശയ്ക്കും ശമ്പളത്തിനും മാത്രമായി നീക്കിവയ്ക്കേണ്ട അവസ്ഥയാണുള്ളത്. എന്തായാലും 'പ്ലാൻ-എ' കൊണ്ട് മുന്നോട്ടുപോകാൻ കഴിയില്ല. എന്താണ് 'പ്ലാൻ-ബി'; അതൊന്ന് പറയണം. അത് നിയമസഭയിൽ പറഞ്ഞതാണ്. അത് അറിയാനുള്ള അവകാശം നിയമസഭയ്ക്കുണ്ട്. പാർലമെന്റ് ഇലക്ഷൻ വരുന്നതുകൊണ്ട് കൽപ്പിച്ചുകൂട്ടി മറച്ചുവയ്ക്കുകയാണ് ചെയ്യുന്നത്. 'പ്ലാൻ-ബി' എന്ന് പറഞ്ഞാൽ എല്ലാവർക്കും ഓരോ ബക്കറ്റ് കൊടുത്ത് ശ്രീമതി മറിയക്കുട്ടി തെണ്ടിയതുപോലെ റോഡിൽക്കൂടി തെണ്ടാൻ പറയുമെന്നാണ് എനിക്ക് തോന്നുന്നത്. അതാണോ 'പ്ലാൻ-ബി'; ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുന്നു.

ചീഫ് വിപ്പ് <u>(ഡോ. എൻ. ജയരാജ്):</u> സർ, ഞാൻ ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെ അനുകൂലിക്കുകയാണ്. ആഗോളമാന്ദ്യത്തിന്റെയും കേന്ദ്ര

ഗവൺമെന്റിന്റെ തെറ്റായ സാമ്പത്തിക നയത്തിന്റെയും ഇടയിലാണ് ആദരണീയനായ ധനകാര്യ വകുപ്പുമന്ത്രി ഈ ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. യഥാർത്ഥത്തിൽ ഈ പ്രതിസന്ധികൾക്കിടയിലും ക്ഷേമപ്രവർത്തനങ്ങൾക്കോ വികസന പ്രവർത്തനങ്ങൾക്കോ യാതൊരു ലോപവും വരുത്താതെ മാറുന്ന കാലത്തിന്റെ മാറ്റങ്ങളെ ഉൾക്കൊണ്ടുകൊണ്ട് ശരിയായ ദിശാബോധത്തോടെ മുമ്പോട്ടുപോകാൻ ഈ ബഡ്ജറ്റിലെ നിർദ്ദേശങ്ങൾക്ക് കഴിയുമെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. മാത്രമല്ല, ഹ്രസ്വ-ദീർഘകാല പരിപ്രേക്ഷ്യങ്ങളെ വളരെ കൃത്യമായിത്തന്നെ മനസ്സിലാക്കിക്കൊണ്ട് കേരളത്തിന്റെ മുമ്പോട്ടുള്ള വളർച്ചയ്ക്ക് കൂടുതൽ കരുത്തും ശക്തിയും ഓജസ്സും നൽകാനുള്ള പ്രവർത്തനങ്ങളെ ഈ ബഡ്ജറ്റ് അഭിസംബോധന ചെയ്യുന്നുവെന്നുള്ളതാണ് ആമുഖമായി സൂചിപ്പിക്കാനുള്ള കാര്യം. സാമ്പത്തിക ശാസ്ത്രത്തിൽ താൽപ്പര്യമുള്ള ഒരു വ്യക്തിയെന്ന നിലയിൽ കേന്ദ്ര സർക്കാരിന്റെ ഇടക്കാല ബഡ്ജറ്റിനെയും ഫെഡറൽ താൽപ്പര്യങ്ങളെ അവഗണിച്ചുകൊണ്ടുള്ള നിലപാടുകളെയും സംസ്ഥാന ഗവൺമെന്റിന്റെ ബഡ്ജറ്റിനെയും കുറിച്ചുള്ള ഒരു അവലോകനം തയ്യാറാക്കുകയുണ്ടായി. യാഥാർത്ഥ്യങ്ങളെ യാഥാർത്ഥ്യങ്ങളായി

ഉൾക്കൊള്ളുകയെന്നുള്ളതാണ് ഞാൻ മനസ്സിലാക്കിയ ഏറ്റവും പ്രധാനപ്പെട്ട കാര്യം. സത്യത്തിന്റെ മുഖം സ്വർണ്ണത്തിന്റെ മൂടികൊണ്ട് അടച്ചാലും സത്യം സത്യമായി നിൽക്കും. നമ്മുടെ സംസ്ഥാന സർക്കാരിന്റെ തനത് വരുമാനത്തിൽ കഴിഞ്ഞ കാലയളവുകളിൽ വർദ്ധനവുണ്ടായി എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. അത് അത്രയും ആയില്ല എന്ന് പറയുമ്പോഴും അതൊരു യാഥാർത്ഥ്യമായി നിൽക്കുന്നു. കേന്ദ്ര വിഹിതം വെട്ടിക്കുറയ്ക്കുന്നുവെന്നുള്ളത് വളരെ പ്രധാനപ്പെട്ട വിഷയമാണ്. ഇവിടെ സംസാരിച്ചയാളുകൾ, പ്രത്യേകിച്ച് പ്രതിപക്ഷത്തുനിന്നും സംസാരിച്ചവർ FRBM (Fiscal Responsibility and Budget Management) Act നടപ്പാക്കിയിട്ട് ഏകദേശം 20 വർഷത്തോളമായി. ഇതുവരെ അപ്രായോഗികമായി ഒരിക്കൽപ്പോലും സംസ്ഥാനങ്ങൾക്കോ കേന്ദ്ര സർക്കാരിനോ ടാർജറ്റ് അച്ചീവ് ചെയ്യാൻ കഴിഞ്ഞിട്ടില്ല. അപ്രായോഗികമായ ഇതിൽ മാറ്റം വരുത്തണമെന്നത് എത്രയോ കാലമായുള്ള ആവശ്യമാണ്. സംസ്ഥാനങ്ങൾക്ക് കടമെടുക്കാനുള്ള പരിധി അനാവശ്യമായി നിശ്ചയിക്കുക, അതോടൊപ്പം ധനകാര്യ കമ്മീഷനുകളുടെ ടേംസ് ഓഫ് റഫറൻസിൽ സംസ്ഥാനങ്ങളുമായി കൂടിയാലോചിക്കാതെ നടപടികളിലേയ്ക്ക് പോകുക എന്നൊക്കെയുള്ള

നിലപാടുകളാണ്. കേന്ദ്രത്തിന്റെ നെറ്റ് നികുതിയിലുണ്ടാകുന്ന വർദ്ധനവനുസരിച്ച് സംസ്ഥാനങ്ങൾക്ക് അത് വീതം വയ്ക്കുന്നില്ലെന്നതാണ് വളരെ പ്രധാനപ്പെട്ട കാര്യം. കഴിഞ്ഞ തവണ കേന്ദ്രത്തിന് ലഭിച്ച നെറ്റ് നികുതി ഏകദേശം 11.9 ശതമാനവും സംസ്ഥാനങ്ങൾക്ക് അത് 10.4 ശതമാനവുമാണ്. ഈയൊരു ഡിസ്പാരിറ്റി നിലനിൽക്കുന്നുവെന്നത് പ്രധാനപ്പെട്ട ഒരു കാര്യമാണ്. അതിനിടയിലാണ് ജി.എസ്.ടി.-യുടെ കോമ്പൻസേഷനുൾപ്പെടെ നിർത്തലാക്കിയത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മുൻകയ്യെടുത്ത് ജി.എസ്.ടി.-യുടെ പുനഃസംഘടന നടത്തിയപ്പോൾ ആശാവഹമായ ഒരു മാറ്റം അക്കാര്യത്തിലുണ്ടായി. കൂടാതെ, സെസ്സും സർചാർജ്ജും നടപ്പാക്കിക്കൊണ്ട് സാധാരണഗതിയിൽ സംസ്ഥാനങ്ങളുമായി വീതംവയ്ക്കേണ്ട സെൻട്രൽ പൂളിൽനിന്ന് സെസ്സിന്റെയും സർചാർജ്ജിന്റെയും പേരിൽ സംസ്ഥാനത്തിന് ലഭിക്കേണ്ട ആനുകൂല്യങ്ങൾ കേന്ദ്രം വെട്ടിക്കുറയ്ക്കുകയും/പിടിച്ചുവയ്ക്കുകയും ചെയ്യുന്ന നിലപാട് കുറേക്കാലമായി ആവർത്തിക്കുകയാണ്. ഫെഡറൽ സംവിധാനത്തെ പൂർണമായും ഇല്ലാതാക്കുകയാണ്. സംസ്ഥാനങ്ങൾക്ക് വരാൻ പോകുന്ന ഏറ്റവും വലിയ ബാധ്യതകളിലൊന്ന്,

നേരത്തെയുണ്ടായിരുന്നത് കോറും കോർ ഓഫ് ദി കോർ പദ്ധതികളുമായിരുന്നു. നിലവിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പാക്കുമ്പോൾ സംസ്ഥാന വിഹിതം വലിയ തോതിൽ വർദ്ധിപ്പിക്കേണ്ട സാഹചര്യമാണ്. ബഡ്ജറ്റിനകത്തുനിന്ന് നമ്മളെ വല്ലാതെ ഞെരുക്കിനിർത്തുന്ന ഒരു നിലപാട് കേന്ദ്ര സർക്കാർ എടുക്കുന്ന ഒരു കാലഘട്ടത്തിൽ എനിക്കുമുമ്പ് സംസാരിച്ച പ്രതിപക്ഷത്തെ അംഗങ്ങളാരും തന്നെ കേന്ദ്ര സർക്കാരിന്റെ നിലപാടുകളെക്കുറിച്ച് സംസാരിച്ചില്ല. ഉദാഹരണത്തിന് ദേശീയ പാതയെ സംബന്ധിച്ച്, ടോൾ പിരിവിലൂടെ ഏകദേശം 71777 കോടി രൂപയാണ് കേന്ദ്രത്തിന് ലഭിക്കുന്നത്. ഇത് സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കുന്നില്ല. സംസ്ഥാന സർക്കാരും കൂടിചേർന്ന് ഇവിടെ ചെലവഴിക്കുന്ന പണമുപയോഗിച്ചാണ് ദേശീയ പാതയുടെ വികസനം നടക്കുന്നത്. ഇതാണ് യഥാർത്ഥത്തിൽ അവർ കാണിക്കുന്ന ഇരട്ടത്താപ്പിന്റെ നയം. ഇക്കാര്യത്തിൽ നമുക്ക് ഒരുമിച്ച് നിൽക്കാൻ കഴിയുന്നില്ലെന്നുള്ളത് ദുഃഖകരമായ കാര്യമാണ്.

നമ്മുടെ ബഡ്ജറ്റിൽ കാർഷിക മേഖലയ്ക്ക് പ്രോത്സാഹനം നൽകുന്ന ഒട്ടേറെ പദ്ധതികൾക്ക് പ്രാധാന്യം കൊടുത്തിട്ടുണ്ട്. 170/- രൂപയായിരുന്ന

റബ്ബറിന്റെ താങ്ങുവില 180/- രൂപയാക്കാൻ തയ്യാറായ സർക്കാരിനെ അഭിനന്ദിക്കുകയാണ്. കേന്ദ്ര സർക്കാർ ഇക്കാര്യത്തിലെടുക്കുന്ന നിലപാടുകൾ വളരെ ദുഃഖകരമാണ്. റബ്ബറിന്റെ വിഷയം കേരളത്തിന്റെ മാത്രം പ്രശ്നമല്ല. റബ്ബറുല്പാദന രാജ്യങ്ങളിലെല്ലാം ഇക്കാര്യത്തിൽ പ്രശ്നമുണ്ട്. അസംഘടിത മേഖലയിലെ തൊഴിലാളികളാണ് റബ്ബർ കർഷകർ. ഒരു നിർദ്ദേശം മുന്നോട്ടുവയ്ക്കാനുള്ളത് ഈ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കാനും റബ്ബർ കർഷകരുടെ ആഗോളതലത്തിലുള്ള ഏകോപനത്തിനുവേണ്ടിയും മുൻകയ്യെടുക്കാൻ കേരള സർക്കാർ തയ്യാറാകണം. നമ്മുടെ രാജ്യത്ത് ഏറ്റവും കൂടുതൽ റബ്ബർ കർഷകരുള്ള ഒരു സംസ്ഥാനമാണ് കേരളം. ഇത് ഒരു ദിവസം കൊണ്ടോ ഒരു സർക്കാരിനെ കൊണ്ടോ പെട്ടെന്ന് പരിഹരിക്കാൻ കഴിയുന്ന കാര്യമല്ല. എന്നാൽ ഇക്കാര്യത്തിൽ ആഗോളതലത്തിലുള്ള ഒരു ഇടപെടൽ നടത്തേണ്ടതുണ്ട്. അതിന് അങ്ങ് മുൻകയ്യെടുക്കണം.

കൂടംകുളം പദ്ധതിയുമായി ബന്ധപ്പെട്ട കോമ്പൻസേഷൻ എന്റെ നിയോജമണ്ഡലത്തിലാണ് ഏറ്റവും കൂടുതൽ കൊടുക്കാനുള്ളത്. അതിന്റെ ബില്ലുകളെല്ലാം തയ്യാറായിട്ടുണ്ട്. എത്രയുംവേഗം കൂടംകുളം പവർ ഹൈവേയുമായി ബന്ധപ്പെട്ട കോമ്പൻസേഷൻ നൽകാനുള്ള നിർദ്ദേശം

അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണം. രണ്ടാമതായി, എം.എൽ.എ. ആസ്തിവികസന ഫണ്ടുമായി ബന്ധപ്പെട്ട് നിലവിലുള്ള ഗൈഡ്‌ലൈനുകൾക്ക് മാറ്റം വരുത്താനുള്ള നിർദ്ദേശം അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടായതാണ്. കാലാനുസൃതമായ മാറ്റങ്ങളുണ്ടായാൽ മാത്രമേ പല പദ്ധതികളും മുന്നോട്ടുകൊണ്ടുപോകാൻ കഴിയുകയുള്ളൂ. അതുകൊണ്ട് ഗൈഡ്‌ലൈനുകൾ പരിഷ്കരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

നാളെ പ്രശസ്ത കവി ഒ.എൻ.വി. കുറുപ്പിന്റെ ചരമദിനമാണ്. എന്റെ അദ്ധ്യാപകൻ കൂടിയായിരുന്ന അദ്ദേഹം ഫെബ്രുവരി 13-നാണ് അന്തരിച്ചത്. അദ്ദേഹത്തിന്റെ 'സരയുവിലേക്ക്' എന്ന മനോഹരമായ കവിതയിൽ പറയുന്നതുപോലെ, '..സ്വന്തമീണം രചിക്കുന്ന ശരവേഗമാണു ഞാനെ..'ന്ന് ഈ ഗവൺമെന്റിനെക്കുറിച്ച് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. സ്വന്തമായ ഈണത്തിലൂടെയും കാഴ്ചപ്പാടിലൂടെയും കേരളത്തിന്റെ വികസന പരിപ്രേക്ഷ്യങ്ങളെ മുന്നോട്ട് കൊണ്ടുപോകുന്ന ഒട്ടേറെ നിർദ്ദേശങ്ങളുള്ള ഈ ബഡ്ജറ്റിനെ ഒരിക്കൽ കൂടി അഭിനന്ദിച്ചുകൊണ്ട് പരിമിതികൾക്കും പ്രതിസന്ധികൾക്കുമിടയിൽ നല്ല ധനകാര്യ മാനേജ്മെന്റുമായി മുന്നോട്ടുപോകുന്ന ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ

അഭിനന്ദിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, കേരളത്തിന്റെ സമ്പദ്ഘടനയെ ഒരു സൺറൈസ് സമ്പദ്ഘടനയായി മാറിക്കൊണ്ടിരിക്കുന്നുവെന്ന പ്രസ്താവനയോടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ഈ ബഡ്ജറ്റിന്റെ ഉള്ളടക്കത്തോട് ഞാൻ ശക്തമായി വിയോജിക്കുന്നു. കേരളം ഇന്നുവരെ ആർജ്ജിച്ച സാമൂഹിക സാംസ്കാരിക സമ്പദ്ഘടനയുടെ അടിത്തറ തകർക്കുന്ന സൺസെറ്റ് ബഡ്ജറ്റാണ് സഭയിൽ അവതരിപ്പിച്ചത്. രണ്ടര മണിക്കൂർ നീണ്ടുനിൽക്കുന്ന ബഡ്ജറ്റ് പ്രസംഗം വെറും രാഷ്ട്രീയ പ്രസംഗം മാത്രമാണ്. കേരളത്തിന്റെ ആവശ്യകതകളെയും അനിവാര്യതകളെയും പരാമർശിക്കാതെ ബഡ്ജറ്റ് സഭയുടെ സമയംകൊല്ലി പരിപാടി മാത്രമായി മാറിപ്പോയി. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ കുറ്റപ്പെടുത്തുന്നില്ല. നയാപൈസയ്ക്ക് ഗതിയില്ലാത്ത കടത്തിൽ മുങ്ങിയ ഒരു സർക്കാരിന്റെ ധനകാര്യ ബഡ്ജറ്റ് ഇങ്ങനെയൊക്കെയല്ലേ തയ്യാറാക്കാൻ കഴിയൂ. മറ്റൊരു പ്രധാനപ്പെട്ട കാര്യം സി.പി.ഐ.(എം.) ഇന്നലെവരെ പറഞ്ഞ നിലപാടുകൾ പൂർണമായും തള്ളിക്കൊണ്ട് തന്ത്രപ്രധാനമായ മേഖലകളിലെല്ലാം സ്വകാര്യ മൂലധനമാണ് എന്നതാണ് ഈ ബഡ്ജറ്റിന്റെ ഉള്ളടക്കം. അദാനി

പോർട്ടിനും സ്വകാര്യ മൂലധനത്തിനുമായി പതിനായിരം ഏക്കർ ഭൂമിയേറ്റെടുക്കാൻ പ്രഖ്യാപിക്കുന്ന ഒരു ബഡ്ജറ്റ് പക്ഷേ കുടിയിറക്കപ്പെടുന്നവരെക്കുറിച്ചോ ആദിവാസിയുടെ ഭൂമി അവകാശത്തെക്കുറിച്ചോ ഒരക്ഷരം പറയുന്നില്ല. കെട്ടിടനിർമ്മാണ ഫീസും നികുതിയും സർക്കാർ വർദ്ധിപ്പിക്കുകയാണ്. സ്ത്രീനീതിയും സുരക്ഷയും ഉറപ്പുവരുത്താൻ പ്രത്യേക നിർദ്ദേശങ്ങളൊന്നുമില്ല. സ്ത്രീകളുടെ സംഘടനയുടെ യോഗം വിളിച്ചുചേർത്ത് അതിൽ നിർദ്ദേശങ്ങൾ വച്ചതെല്ലാം പ്രഹസനമാണെന്നാണ് തോന്നുന്നത്. ഇപ്പോൾ പാവപ്പെട്ട സ്ത്രീകൾക്ക് കുടുംബകോടതിയിൽ വ്യവഹാരം ഫയൽ ചെയ്യാൻ കഴിയാത്ത വിധത്തിൽ ഫീസ് വർദ്ധനവ് വരുത്തി ജനജീവിതത്തിൽ ഇരുട്ട് നിറച്ചിരിക്കുകയാണ് സർക്കാർ. മൂവായിരം കോടിയുടെ സാമ്പത്തിക സമാഹരണം ഈ ബഡ്ജറ്റിൽ വായുവിൽ നിൽക്കുകയാണ്. യാഥാർത്ഥ്യ ബോധത്തിലല്ലാതെ സ്വപ്നത്തിൽ പ്ലാൻ എ, ബി, സി, ഡി പഠിക്കുകയാണ് സർക്കാർ ചെയ്യുന്നത്. ഈ ബഡ്ജറ്റ് സൂര്യോദയമല്ല, കടുത്ത ഇരുട്ടിലേയ്ക്ക് നയിക്കുന്ന സൂര്യാസ്തമയ ബഡ്ജറ്റാണ്. സാമാന്യ ജനജീവിതത്തെ ഇരുട്ടിലേയ്ക്ക് കൊണ്ടുപോകുന്ന, സ്വകാര്യ സാമ്പത്തിക താല്പര്യം ഉയർത്തിപ്പിടിക്കുന്ന ഈ ബഡ്ജറ്റിനെ

ചൈനീസ് കമ്മ്യൂണിസ്റ്റ് കൊടിയിൽ പൊതിഞ്ഞ് അവതരിപ്പിച്ചാൽ ഇടതു ബഡ്ജറ്റ് ആവില്ല. പൊതുസമ്പത്തിന്റെ ധൂർത്തും അഴിമതിയും നികുതിപിരിവിൽ അങ്ങേയറ്റം കെടുകാര്യസ്ഥതയുമാണ്. കഴിഞ്ഞ ബഡ്ജറ്റിൽ ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ച തൊഴിൽസാധ്യതാ പദ്ധതികൾ ജലരേഖയായി മാറിയിരിക്കുകയാണ്. കശുമാവിൽനിന്നും മരിച്ചീനിയിൽനിന്നും 'കെ മദ്യം' മുതൽ കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച തരാതരം പദ്ധതികൾ എന്തായെന്ന് പറയണം? സ്വകാര്യ മൂലധനത്തിന് ലാഭം വാങ്ങുന്നവരും നടത്തിപ്പുകാരുമാണ് രണ്ടാം പിണറായി സർക്കാർ എന്നതിന്റെ സാക്ഷ്യപത്രമാണ് ഈ ബഡ്ജറ്റ്. വിദേശ സർവ്വകലാശാലകൾക്ക് ധാരാളം ഇളവുകൾ നൽകി കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖല തുറന്നുകൊടുക്കുകയാണ് ഈ ബഡ്ജറ്റ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ ഒരു കാര്യം ഓർമ്മിപ്പിക്കാൻ ആഗ്രഹിക്കുന്നു. താങ്കളും ഇടത് വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെ പൊതുമണ്ഡലത്തിലേയ്ക്ക് ഉയർന്നുവന്നയാളാണ്. വിദേശ സർവ്വകലാശാലകളെക്കുറിച്ച് അനുകൂല അഭിപ്രായം പറഞ്ഞ ഉന്നതവിദ്യാഭ്യാസ കൗൺസിൽ ഉപാദ്ധ്യക്ഷൻ ശ്രീ. ടി. പി. ശ്രീനിവാസനെ വഴിയിൽ തല്ലിയത് താങ്കൾക്ക് ഓർമ്മ കാണുമല്ലോ,

ഇപ്പോൾ ഇന്നത്തെ ഈ നിലപാട് മാറ്റത്തിനൊപ്പം അദ്ദേഹത്തിനുള്ള മാപ്പ് കൂടി ഈ ബഡ്ജറ്റിൽ എഴുതിച്ചേർക്കുന്നത് നന്നായിരിക്കും.

ഇക്കഴിഞ്ഞ ജനുവരി മാസം വിദേശ സർവ്വകലാശാലാ ക്യാമ്പസുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് യു.ജി.സി. പ്രഖ്യാപനം വന്നപ്പോൾ രാജ്യപരമാധികാരം ഇകഴ്ത്തപ്പെടുമെന്ന് പറഞ്ഞ പ്രസ്ഥാനത്തിന്റെ ഭാഗമായ സർക്കാർ തന്നെ ഈ നയപ്രഖ്യാപനം പ്രഖ്യാപിക്കുന്നത് ഇടത് നയത്തോടുള്ള വെല്ലുവിളിയാണെന്നുള്ളതിൽ ആർക്കാണ് സംശയം. സ്വാശ്രയ വിദേശ സർവ്വകലാശാലകൾക്കെതിരെ വിദ്യാർത്ഥികളെ തെരുവിലിറക്കി സമരം ചെയ്യാൻ നേതൃത്വം കൊടുത്തവർ, സ്വകാര്യ മേഖലയിൽ അൺ-എയ്ഡഡ് സ്ഥാപനങ്ങളോ പൊതുമേഖലയിൽ സ്വകാര്യ സ്ഥാപനങ്ങളോ തുടങ്ങുമെന്ന മുൻസർക്കാരിന്റെ നിലപാടിനെതിരെ മാസങ്ങൾ നീണ്ടുനിന്ന സമരങ്ങൾ നടത്തി എത്രയെത്ര അധ്യയന ദിവസങ്ങൾ നഷ്ടമാക്കി; എത്രയെത്ര ആളുകളുടെ തലയും കുട്ടികളുടെ കൈകാലുകളും കർണപടങ്ങളും അടിച്ചുപൊട്ടിച്ചു, കാഴ്ച നഷ്ടപ്പെട്ട വിദ്യാർത്ഥികൾ വരെ ഉണ്ടായിരുന്നു. ഒന്നര പതിറ്റാണ്ടുകൾക്കിപ്പുറം നിങ്ങൾ മറന്നുപോയ ആ സമരങ്ങൾക്ക് നേതൃത്വം നൽകിയ, ആ സമരങ്ങളിൽ

രക്തസാക്ഷിത്വം വരിച്ച സഖാക്കൾക്ക് ഇന്ന് ഈ സഭയിൽ വരാൻ അവസരം ലഭിച്ചാൽ അവർ നിങ്ങളെ നോക്കി കുലംകുത്തികൾ എന്നു വിളിക്കാതിരിക്കില്ല. വിദ്യാഭ്യാസ കച്ചവടത്തിനും സ്വകാര്യവൽക്കരണത്തിനും എതിരെ പോരടിച്ച് കൂത്തുപറമ്പിലെ തെരുവിൽ രക്തസാക്ഷിത്വം വരിച്ച ധീരരെയും ജീവിച്ചിരിക്കുന്ന പുഷ്പനെയും വിറ്റ് വോട്ടാക്കുന്ന നിങ്ങൾ ഈ രംഗത്തെ നശിപ്പിച്ച് സ്വകാര്യവൽക്കരിച്ച് കക്ഷിരാഷ്ട്രീയ അതിപ്രസരം കാണിച്ച് പ്രബുദ്ധമായ കേരള അക്കാദമിക് സമൂഹത്തെ വെല്ലുവിളിക്കുകയാണ്. ഇതിന് കേരള യുവജനത കണക്ക് പറയുക തന്നെ ചെയ്യും.

ഈ ബഡ്ജറ്റ് കാർഷിക മേഖലയെ അവഗണനയോടെയാണ് സമീപിച്ചത്. ഉൽപ്പന്നങ്ങൾക്ക് വില ലഭിക്കാതെ കർഷകർ ആത്മഹത്യ ചെയ്യുന്ന കേരളത്തിൽ, പ്രധാന നാണ്യവിളയായ നാളികേരത്തിന് 65 കോടിരൂപ മാത്രമാണ് ബഡ്ജറ്റിൽ നീക്കിവച്ചത്. ഇത് കേരള ബഡ്ജറ്റിന്റെ അര ശതമാനം പോലുമാകുന്നില്ല. കേവലം പത്ത് രൂപയുടെ വർദ്ധനവ് മാത്രം പ്രഖ്യാപിച്ച് റബ്ബർ കർഷകരെ അപമാനിച്ചിരിക്കുകയാണ്. നെൽ കർഷകരെ സംബന്ധിച്ച് ഒറ്റവരിയിൽ പറയുന്ന ബഡ്ജറ്റ്, 'ഞാൻ തോറ്റു

പോയി..' എന്നുപറഞ്ഞ് ആത്മഹത്യ ചെയ്ത പാലക്കാട്ടുള്ള കർഷകനെ ഓർക്കാതെ കേരളത്തിലെ കർഷകരെ വെല്ലുവിളിക്കുകയാണ്.

പൊതുജനാരോഗ്യ രംഗത്ത് നമ്പർ വൺ എന്ന് പാടി പുകഴ്ത്തുന്ന സർക്കാരിന്റെ കീഴിൽ അവശ്യ മരുന്നുകളോ മുറിവ് വച്ചുകെട്ടാനുള്ള തുണി പോലുമില്ലാത്ത നിരവധി ആശുപത്രികളുണ്ട്. പാവപ്പെട്ടവൻ ആശ്രയിക്കുന്ന സർക്കാർ ആശുപത്രിയിൽ കോടിക്കണക്കിന് രൂപയുടെ കെട്ടിടങ്ങൾ നിർമ്മിച്ചും മെഷിനറികൾ വാങ്ങിയും കമ്മീഷനടിക്കുകയാണ് എന്നല്ലാതെ മെഡിക്കൽ കോളേജുകളിൽപോലും അത്യാവശ്യ ടെസ്റ്റുകൾക്ക് സാധാരണക്കാർ സ്വകാര്യ ലാബുകളെ ആശ്രയിക്കുകയാണ്. രോഗികളുടെ എണ്ണത്തിന് ആനുപാതികമായി ഡോക്ടർമാരെയും നഴ്സുമാരെയും ടെക്നീഷ്യന്മാരെയും നിയമിക്കാൻ ബഡ്ജറ്റിൽ നിർദ്ദേശങ്ങളൊന്നുമില്ല. നേരത്തെ കിടത്തി ചികിത്സയുണ്ടായിരുന്ന നിരവധി സി.എച്ച്.സി.-കളിലുൾപ്പെടെ ഇപ്പോൾ ആ സൗകര്യം ഇല്ലാതായിരിക്കുകയാണ്. കേന്ദ്രം ഫെഡറൽ തത്വങ്ങൾക്ക് വിരുദ്ധമായി പക്ഷപാതപരമായി പെരുമാറുന്നുവെന്ന് പരിതപിക്കുന്ന സർക്കാർ, ബഡ്ജറ്റ് ഫണ്ടിന്റെ വിഹിതം നീക്കിവച്ചപ്പോൾ മണ്ഡലങ്ങളോട് കാണിച്ച പക്ഷപാതത്തെ

ഏതുഗണത്തിലാണ് പെടുത്തേണ്ടത്. ഈ സർക്കാർ അധികാരത്തിൽവന്ന് നാളിതുവരെ ബഡ്ജറ്റിൽ 20 ശതമാനം തുക നീക്കിവയ്ക്കുന്ന മരാമത്ത് പദ്ധതികൾക്കായി അഞ്ച് കോടി രൂപയിൽ കവിഞ്ഞ ഒരു തുക വടകര മണ്ഡലത്തിന് അനുവദിച്ചിട്ടില്ല. തൊട്ടടുത്ത ഭരണപക്ഷ മണ്ഡലങ്ങളിൽ പത്തുംപതിനൊന്നും കോടിരൂപ അനുവദിച്ചപ്പോൾ ഞങ്ങളുടെ മണ്ഡലത്തിൽ അഞ്ചുകോടി രൂപ മാത്രമാണ് അനുവദിച്ചത്. ചെറിയൊരു തുക മാത്രം അനുവദിച്ചിരുന്ന മത്സ്യഭവനുവേണ്ടി 30 ലക്ഷം രൂപകൂടി ചോദിച്ചപ്പോൾ അതുപോലും അനുവദിക്കാൻ ധനകാര്യ വകുപ്പുമന്ത്രി സൗമനസ്യം കാണിച്ചില്ലെന്നത് ഖേദകരമായി പറയുകയാണ്. ക്ഷേമപെൻഷന് പണം സ്വരൂപിക്കാൻ പെട്രോളിനും ഡീസലിനും സെസ്സ് ഏർപ്പെടുത്തി സർക്കാർ ഖജനാവിൽ നിറച്ച പണം ആവിയായി പോയോ? ക്ഷേമ പെൻഷനൊന്നും കൊടുക്കുന്നില്ല, ദാരിദ്ര്യത്തിൽ മുങ്ങിയ ജനതയാണ് ഇവിടെയുള്ളത്. ഇത്തരത്തിൽ സാധാരണ ജനങ്ങളുടെ നട്ടുവൊടിക്കുന്നതിനുള്ള അവരുടെ ജീവിതം മുന്നോട്ടുപോകുന്നതിനുള്ള അവശ ജനവിഭാഗങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ഒരു നിർദ്ദേശവുമില്ലാത്ത ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്.

ശ്രീ. ലിന്റോ ജോസഫ്: സർ, സംസ്ഥാന സർക്കാരിനുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച 2024-2025 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ ഞാൻ പൂർണമായും പിന്തുണയ്ക്കുകയാണ്. ഫെഡറൽ തത്വങ്ങൾക്ക് വിരുദ്ധമായി കേന്ദ്ര ഗവൺമെന്റ് സാമ്പത്തിക ഉപരോധം തീർത്ത് പ്രതിസന്ധി സൃഷ്ടിക്കുന്ന ഈ കാലഘട്ടത്തിൽ പ്രതീക്ഷയുടെയും പ്രതിരോധത്തിന്റെയും ബഡ്ജറ്റാണ് ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ചത്. വരുമാനം വർദ്ധിപ്പിച്ചും ചെലവ് ചുരുക്കിയും ക്ഷേമ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകിയും വികസന പ്രവർത്തനങ്ങൾ തുടർന്നും കേന്ദ്ര സർക്കാർ സൃഷ്ടിക്കുന്ന പ്രതിസന്ധികളെ മറികടന്നുകൊണ്ട് കുതിക്കുന്നതിന് കേരളത്തിന് ഇന്ധനം പകരുന്ന ഒരു ബഡ്ജറ്റാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഫെബ്രുവരി 5-ാം തീയതി ബഡ്ജറ്റ് അവതരണത്തിനുശേഷം കേരളത്തിന്റെ പ്രിയങ്കരനായ ധനകാര്യ വകുപ്പുമന്ത്രിയും മന്ത്രിസഭയിലെ അംഗങ്ങളും കേരളത്തിന്റെ പ്രിയങ്കരനായ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഡൽഹിയിലേയ്ക്കാണ് പോയത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വകുപ്പുമന്ത്രിമാരും അംഗങ്ങളുമെല്ലാം ചേർന്ന് ഡൽഹിയിൽ

അത്യുജ്ജ്വലമായ സമരത്തിനാണ് നേതൃത്വം നൽകിയത്. എന്തിനാണ് അവിടെ സമരം നടത്തിയത്? ഫെഡറൽ തത്വങ്ങൾക്ക് വിരുദ്ധമായി സംസ്ഥാന സർക്കാരുകളെ വരിഞ്ഞുമുറുക്കി സാമ്പത്തികമായി പ്രതിരോധം സൃഷ്ടിക്കുന്ന ഈ കാലഘട്ടത്തിൽ സംസ്ഥാനത്തിന് അർഹതപ്പെട്ടത് ചോദിച്ച് വാങ്ങുന്നതിനുള്ള ഉജ്ജ്വലമായ സമരമാണ് കേരളത്തിലെ ജനങ്ങൾക്കുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ അവിടെ സംഘടിപ്പിച്ചത്. ബി.ജെ.പി. ഇതര സംസ്ഥാന ഗവൺമെന്റുകളെ വരിഞ്ഞുമുറുക്കുന്ന സമീപനം കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുമ്പോൾ ആ ഗവൺമെന്റിന്റെ തീരുമാനത്തിനെ തുറന്ന് കാണിക്കുകയെന്നത് രാഷ്ട്രീയ ഇച്ഛാശക്തിയുള്ള കേരളത്തിന്റെ ആവശ്യമാണ്. ആ കടമയും ഉത്തരവാദിത്വവുമാണ് കേരളത്തിനുവേണ്ടി കേരളത്തിലെ ഗവൺമെന്റ് നിർവ്വഹിച്ചിട്ടുള്ളത്. കേരളത്തിൽനിന്നും ഒരു രൂപ നികുതിയായി പിരിച്ചുകൊണ്ടുപോകുമ്പോൾ തിരികെ ലഭിക്കുന്നത് 25 പൈസ മാത്രമാണ്. എന്നാൽ തൊട്ടടുത്തുള്ള സംസ്ഥാനമായ ഉത്തർപ്രദേശിൽനിന്നും ഒരു രൂപ നികുതി പിരിക്കുമ്പോൾ 2.73 പൈസയും രാജസ്ഥാന് 1.33 പൈസയും മധ്യപ്രദേശിന് 2.43 പൈസയുമാണ് തിരികെ ലഭിക്കുന്നത്. ഇങ്ങനെ

തരംതിരിച്ച് ഗവൺമെന്റുകളെ കാണുകയും സംസ്ഥാനത്തിന്റെ മൂലധനമാകെ ഊറ്റിക്കൊണ്ട് പോകുകയും അവർക്ക് ഇഷ്ടപ്പെട്ട ആളുകൾക്ക് അവർക്ക് തോന്നുന്ന നിലയിൽ വീതംവച്ച് നൽകുകയും ചെയ്യുന്ന കേന്ദ്ര ഗവൺമെന്റിന്റെ നിലപാടിനെ ഏറ്റവും ശക്തിയോടെ എതിർക്കുകയെന്ന രാഷ്ട്രീയ നിലപാടാണ് കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റ് സ്വീകരിച്ചത്. കിഫ്ബി പദ്ധതിയിൽ 84,454 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ കേരളത്തിലാകെയുള്ള 140 നിയമസഭാ മണ്ഡലങ്ങളിലും നടത്തുകയാണ്. ആ വികസന പ്രവർത്തനങ്ങളുടെ കരുത്തറിഞ്ഞ ഒരു മണ്ഡലമാണ് തിരുവമ്പാടി. എന്റെ മണ്ഡലത്തിൽ 2,147 കോടി രൂപയുടെ ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാതയുടെ വലിയ പദ്ധതി ഉൾപ്പെടെ 3,500 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ ഒരു ചെറിയ മണ്ഡലത്തിൽ നടക്കുകയാണ്. ആ തുരങ്കപാതയെ കളിയാക്കുകയും ആ തുരങ്ക പാത വരാൻ അനുവദിക്കുകയുമില്ലെന്ന നിലപാടാണ് പ്രതിപക്ഷം സ്വീകരിച്ചത്. ഇങ്ങനെ കേരളത്തിന്റെ സമഗ്രമായ വികസനത്തിനുവേണ്ടി വിഭവങ്ങൾ സമാഹരിച്ച് അത് എല്ലാ ആളുകളിലേയ്ക്കും എത്തിക്കുന്നതിനുവേണ്ടിയുള്ള ഇടപെടൽ നടത്തുമ്പോൾ അതിനെ കടത്തിന്റെ പരിധിയിൽപ്പെടുത്തി

കേരളത്തിനുവേണ്ടിയുള്ള വികസന പ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്ന നിലപാടുകളാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നത്. ലൈഫ് മിഷൻ പദ്ധതിയിലൂടെ 3,71,934 വീടുകൾ നിർമ്മിച്ച് നൽകാൻ കഴിഞ്ഞു. സംസ്ഥാന ഗവൺമെന്റ് അതിനുവേണ്ടി ചെലവഴിച്ച തുക 17,104 കോടി രൂപയാണ്. ഈ പദ്ധതിയിൽ കേന്ദ്ര ഗവൺമെന്റ് അവരുടെ വിഹിതമായി ചെലവഴിച്ചത് 2,081 കോടി രൂപയാണ്. 88 ശതമാനം വിഹിതം സംസ്ഥാന ഗവൺമെന്റ് ചെലവാക്കുമ്പോൾ 12 ശതമാനം മാത്രമാണ് കേന്ദ്ര ഗവൺമെന്റ് വിഹിതമായി ചെലവിടുന്നത്. എന്നിട്ട് പറയുകയാണ്, ശ്രീ. നരേന്ദ്ര മോദിയുടെ ചിത്രം എല്ലാ വീടുകളുടെയും മുന്നിൽ സ്ഥാപിക്കണമെന്ന്. അങ്ങനെവയ്ക്കുമ്പോൾ കേരളത്തിലെ ഇച്ഛാശക്തിയുള്ള ഗവൺമെന്റ് പറയുകയാണ്, സ്വാഭിമാനമുള്ള കേരളത്തിലെ മലയാളികൾക്ക് ഇങ്ങനെ ഏതെങ്കിലും ഗവൺമെന്റിന്റെ ഔദാര്യമാണ് ഈ പദ്ധതിയെന്ന് പറയാൻ കഴിയില്ല. അത് അവകാശമാണെന്ന് പ്രഖ്യാപിക്കുന്ന നാടായി കേരളം മാറുന്നുവെന്നതാണ് ഇതിലെ ഏറ്റവും വലിയ പ്രത്യേകത. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കേരളത്തിലെ ക്ഷേമ പെൻഷൻ 600/- രൂപ എന്ന നിരക്കിൽ 32 ലക്ഷം പേർക്കാണ് വിതരണം ചെയ്തിരുന്നതെങ്കിൽ

ഇന്ന് 1600/- രൂപ നിരക്കിൽ കേരളത്തിലെ 62 ലക്ഷത്തോളം തൊഴിലാളികൾക്ക് ക്ഷേമപെൻഷൻ വിതരണം ചെയ്യുന്നുവെന്നത് അഭിമാനകരമായ നേട്ടമായി നാം കാണേണ്ടതുണ്ട്. ഇത്തരത്തിൽ ഗവൺമെന്റ് എല്ലാ കാര്യങ്ങളിലും ഇടപെട്ടുകൊണ്ട് മുന്നോട്ടുപോകുമ്പോൾ നമുക്ക് അർഹമായ വിഹിതം പിടിച്ചുവയ്ക്കുമ്പോൾ അതിനെ ചോദ്യം ചെയ്യേണ്ടത് നമ്മുടെ കടമയും ഉത്തരവാദിത്വവുമായിട്ടാണ് കാണുന്നത്. കഴിഞ്ഞ നവംബർ മാസം 10-ാം തീയതി പ്രസിദ്ധീകരിച്ച 'മാതൃഭൂമി' ദിനപ്പത്രത്തിൽ കേരളത്തിന് കുറവ് വന്നിട്ടുള്ള സംഖ്യയെക്കുറിച്ച് ഒരു ലേഖനം ഒന്നാം പേജിൽ എഴുതിയിട്ടുണ്ട്. അതിൽ പറയുന്നത്, കേരളത്തിന് ലഭ്യമാകേണ്ട തുക 57,400 കോടി രൂപയാണെന്നാണ്. ജി.എസ്.ടി. വിഹിതം വെട്ടിക്കുറച്ചതിന്റെ ഭാഗമായി 12,000 കോടി രൂപയും റവന്യൂ കമ്മി ഗ്രാന്റിനത്തിൽ 8,400 കോടി രൂപയും വായ്പാ പരിധി വെട്ടിക്കുറച്ചതിന്റെ ഭാഗമായി 19,000 കോടി രൂപയും നികുതി വരുമാനം കുറഞ്ഞതിന്റെ പേരിൽ 18,000 കോടി രൂപയും അങ്ങനെ ആകെ 57,400 കോടി രൂപയുടെ കുറവ് കേരളത്തിനുണ്ടായിട്ടുണ്ടെന്നാണ് ആ ലേഖനത്തിൽ പറയുന്നത്. അതോടൊപ്പംതന്നെ വിവിധയിനങ്ങളിൽ കേന്ദ്ര ഗവൺമെന്റ്

സംസ്ഥാനത്തിന് നൽകാനുള്ള കുടിശ്ശിക 4,224 കോടി രൂപയാണ്. ഈ രണ്ട് തുകയുംകൂടി കൂട്ടുമ്പോൾ 61,000 കോടിയിലധികം രൂപ കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിന് ഇപ്പോൾ നൽകാനുണ്ട്. കേരളത്തിന്റെ മൊത്തം ബാധ്യത 50,000 കോടി രൂപയാണ്. ഈ പറഞ്ഞ കണക്കുകൾ ശരിയാകുന്ന വിധത്തിൽ, 50,000 കോടി രൂപയാണ് കേരളത്തിന്റെ മൊത്തം ബാധ്യതയെങ്കിൽ കേന്ദ്ര ഗവൺമെന്റ് കേരളത്തിന് നൽകാനുള്ള മുഴുവൻ തുകയും അനുവദിച്ചാൽ 11,000 കോടിരൂപ മിച്ചമുള്ള ഒരു സംസ്ഥാനമായി കേരളം മാറുമെന്നത് നാം ഓർക്കണം. ഇതിനെ ചോദ്യം ചെയ്തുകൊണ്ടാണ് കേരളാ ഗവൺമെന്റിന്റെ നേതൃത്വത്തിൽ ഡൽഹിയിൽ ഉജ്ജ്വലമായ സമരം നടത്തിയത്. ആ സമരത്തിൽ പങ്കെടുത്തത് ആരെല്ലാമാണ്? ഡൽഹി മുഖ്യമന്ത്രി ശ്രീ. അരവിന്ദ് കെജ്രിവാൾ, പഞ്ചാബ് മുഖ്യമന്ത്രി ഭഗവന്ത് മാൻ, തമിഴ്നാട് മുഖ്യമന്ത്രി ശ്രീ. എം. കെ. സ്റ്റാലിൻ, ജമ്മുകാശ്മീരിന്റെ മുൻ മുഖ്യമന്ത്രി ശ്രീ. ഫാറൂഖ് അബ്ദുള്ള, അതുപോലെ മുൻ കോൺഗ്രസ് നേതാവും മുതിർന്ന അഭിഭാഷകനുമായ ശ്രീ. കപിൽ സിബൽ, എന്നിവരെല്ലാം പങ്കെടുത്ത ദേശീയ ശ്രദ്ധ ആകർഷിക്കുന്ന ഒരു സമരമായി അത് മാറി. കേരളത്തിലെ

ജനങ്ങൾക്കുവേണ്ടി സംസാരിക്കാൻ പോയ പിണറായി വിജയൻ ഗവൺമെന്റ് രാജ്യത്തിന്റെ പ്രതീക്ഷയുടെ ഒരു ഗവൺമെന്റായി മാറുന്ന കാഴ്ചയാണ് ഡൽഹിയിൽ കണ്ടത്. ഇവിടെ എന്താണ് കോൺഗ്രസിന്റെ നിലപാടെന്നും ഇവിടെ എന്താണ് പ്രതിപക്ഷത്തിന്റെ നിലപാടെന്നും നമ്മൾ പരിശോധിക്കേണ്ടതല്ലേ? ഇവിടെ പ്രതിപക്ഷത്തിന്റെ നിലപാട് 'പഞ്ചാബി ഹൗസ്' എന്ന സിനിമയിൽ കൊച്ചിൻ ഹനീഫ അവതരിപ്പിച്ച കഥാപാത്രം ഒരു കോമഡി പറയുന്നുണ്ട്, അത് ദിലീപിനോടും ഹരിശ്രീ അശോകനോടുമാണ് പറയുന്നത്; "ഇവന്മാർക്ക് മനസ്സിലായി എന്നിട്ടും മറ്റവന്മാർക്ക് മനസ്സിലായില്ല" എന്ന്. കോൺഗ്രസ് പാർട്ടിയുടെ ദേശീയ നേതാക്കന്മാർക്ക് മനസ്സിലായിട്ടും കേരളത്തിലെ നേതാക്കന്മാർക്ക് മനസ്സിലാക്കാൻ കഴിയാത്ത സാഹചര്യമുണ്ടാകുകയാണ്. ഇവിടെ കോൺഗ്രസ് പാർട്ടിയുടെ നിലപാടെന്താണ്? ഇവിടെ കോൺഗ്രസ് പാർട്ടിയുടെ നിലപാട് നേരത്തെ പല അംഗങ്ങളും സൂചിപ്പിച്ചതുപോലെ 'മകൻ മരിച്ചാലും വേണ്ടില്ല; മരുമകളുടെ കണ്ണുനീർ കാണണം' എന്ന അമ്മായിയമ്മയുടെ നിലവാരത്തിലേയ്ക്ക് കോൺഗ്രസും പ്രതിപക്ഷവും മാറുന്ന അപകടകരമായ സ്ഥിതിയാണ് ഇവിടെ ഉണ്ടാകുന്നത്. ഒരു കാര്യം

സൂചിപ്പിക്കാനുള്ളത് 'quisling' എന്നൊരു ഇംഗ്ലീഷ് വാക്കുണ്ട്. ഓക്സ്ഫോർഡ് ഡിക്ഷണറിയിൽ ആ വാക്കിന്റെ അർത്ഥം 'നാടിനെതിരെയുള്ള യുദ്ധത്തിൽ ശത്രുവിനെ സഹായിക്കുന്നവൻ' എന്നാണ്. ഇവിടെ പ്രതിപക്ഷത്തിന്റേത് ആ നിലപാടാണ്. ചതിയൻ, ഒറ്റുകാരൻ എന്നീ പേരുകൾക്ക് പകരമായി സ്കാന്റിനേവിയൻ രാജ്യങ്ങളിൽ ജനത പൊതുവായി ഉപയോഗിക്കുന്ന ഒരു വാക്കാണ് quisling. രണ്ടാം ലോക മഹായുദ്ധ കാലത്ത് നോർവെയുടെ പ്രതിരോധ മന്ത്രിയായിരുന്ന Vidkun Quisling നോർവെ കീഴടക്കാനെത്തിയ ജർമ്മൻ പട്ടാളത്തിനൊപ്പംചേർന്ന് സ്വന്തം രാജ്യത്തിനെതിരെ യുദ്ധം ചെയ്യുന്നുണ്ട്. അങ്ങനെ യുദ്ധം ചെയ്തതിനുള്ള ഉപകാരസ്മരണ എന്ന നിലയിൽ ഹിറ്റ്ലർ Vidkun Quisling-നെ നോർവെയുടെ പ്രസിഡന്റാക്കി മാറ്റുന്നുണ്ട്. ആ Vidkun Quisling-ന് അന്നുമുതൽ ഒരു പരമോന്നത പദവി ലഭിച്ചെങ്കിലും Quisling എന്ന പദം ഒരു അപരനാമമായി മാറുകയാണ് ചെയ്തത്. ആ അപരനാമമെന്ന് പറയുന്നത് സ്വന്തം രാജ്യത്തിനെ ഒറ്റ് കൊടുക്കുന്ന ആ ജനതയുടെ ഭാഗമായി നിൽക്കുന്ന ഒറ്റുകാരന്റെ പദവിയായിരുന്നു. ആ ഒറ്റുകാരന്റെ പദവിയിലേയ്ക്ക് കേരളത്തിലെ കോൺഗ്രസ് പാർട്ടിയും പ്രതിപക്ഷനേതാവും മാറുന്നുവെന്നതാണ് ഇവിടെ

നമുക്ക് കാണാൻ കഴിയുന്നത്. 1957-ൽ ഇ.എം.എസ്. ഗവൺമെന്റ് രൂപീകരിച്ച നാൾമുതൽ ഇന്നേവരെ വ്യത്യസ്തങ്ങളായ കമ്മ്യൂണിസ്റ്റ് ഗവൺമെന്റുകൾ കേരളത്തിൽ അധികാരത്തിലിരുന്നിട്ടുണ്ട്. ഒരുപാട് നേതാക്കന്മാർ കേരളത്തിന്റെ പ്രതിപക്ഷ നേതാക്കളായിരുന്നിട്ടുണ്ട്. പി. ടി. ചാക്കോയും കെ. കരുണാകരനും ശ്രീ. എ. കെ. ആന്റണിയും ഉമ്മൻ ചാണ്ടിയുമെല്ലാം കേരളത്തിന്റെ പ്രതിപക്ഷ നേതാക്കളായിരുന്നിട്ടുണ്ട്. പക്ഷെ പ്രതിപക്ഷനേതാവായി ഇരിക്കുന്ന ഘട്ടത്തിൽത്തന്നെ സ്വാഭാവികമായും കേരളത്തിന്റെ പൊതുവായ ആവശ്യത്തിനുവേണ്ടി ഒന്നിച്ച് പോരാടാൻ തയ്യാറാകുന്ന കാഴ്ചയാണ് ഉണ്ടായിട്ടുള്ളത്. ഇത് കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഞങ്ങളുടെ പ്രതിപക്ഷനേതാവായ ശ്രീ. വി. എസ്. അച്ചുതാനന്ദൻ കാണിച്ചുതന്നിട്ടുണ്ട്. മൂന്നാറിലെ വിഷയവുമായി ബന്ധപ്പെട്ട്, റബ്ബർ കർഷകരുടെ പ്രശ്നവുമായി ബന്ധപ്പെട്ടുകൊണ്ട് പ്രധാനമന്ത്രിയെ കാണുന്നതിനായി അന്നത്തെ കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്ന ഉമ്മൻ ചാണ്ടി സാറിനോടൊപ്പം പ്രതിപക്ഷനേതാവായിരുന്ന ശ്രീ. വി. എസ്. അച്ചുതാനന്ദനും പോയിട്ടുണ്ട്. എന്നാൽ കേരളത്തിലെ ഇപ്പോഴത്തെ പ്രതിപക്ഷത്തിന്റെ നിലപാട്

എന്താണ്; 2016-ൽ പിണറായി വിജയൻ ഗവൺമെന്റ് അധികാരത്തിൽ വന്നനാൾമുതൽ എങ്ങനെയെങ്കിലും ഈ ഗവൺമെന്റിനെ ഇകഴ്ത്താൻ ലഭിക്കുന്ന അവസരങ്ങളെല്ലാം ഉപയോഗപ്പെടുത്തി ഗവൺമെന്റിനെതിരെ ശബ്ദിക്കുകയെന്ന നിലപാടാണ് പ്രതിപക്ഷം സ്വീകരിക്കുന്നത്. 2004 നമുക്ക് ഓർമ്മയുണ്ട്. കേരളത്തിലെ ഇടതുപക്ഷത്തിന്റെ നിലപാടെന്താണ്; 2004-ൽ കേരള മന്ത്രിസഭയിലെ രണ്ടാമനായിരുന്ന ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബിനെതിരെ ഏറ്റവും ഗുരുതരമായ ആരോപണം ഉയർന്നുവന്ന ഘട്ടത്തിൽ അതിനെതിരെ കേരളത്തിലെ എൽ.ഡി.എഫ് ശക്തമായ പ്രതിഷേധം തീർക്കുകയായിരുന്നു.

മി. ചെയർമാൻ: ശ്രീ. ലിന്റോ ജോസഫ്, അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. ലിന്റോ ജോസഫ്: സർ, ഞാൻ ഒരു മിനിട്ടുകൊണ്ട് അവസാനിപ്പിക്കാം. അങ്ങനെ കേരളത്തിൽ എൽ.ഡി.എഫ്. ശക്തമായൊരു പ്രതിഷേധം തീർക്കുന്ന ഘട്ടത്തിലാണ് 2004-ൽ സുനാമി ആഞ്ഞടിക്കുന്നത്. അപ്പോൾ കേരളത്തിലെ പ്രതിപക്ഷമായിരുന്ന ഇടതുപക്ഷം ആ സമരത്തിന്റെ പിന്നാലെ പോകാതെ സുനാമിയിലകപ്പെട്ട ആളുകൾക്ക് ആശ്രയമാകുന്നതിനും അവരെ സഹായിക്കുന്നതിനുമായി തയ്യാറെടുക്കുന്ന

കാഴ്ചയാണ് കേരളത്തിൽ കണ്ടത്. കേരള ജനതയ്ക്കുവേണ്ടി ശബ്ദിക്കുകയെന്നതായിരുന്നു അന്നത്തെ പ്രതിപക്ഷത്തിന്റെ കാഴ്ചപ്പാട്. ആ ശബ്ദം ഉയർത്തിപ്പിടിക്കുന്ന നിലപാടാണ് കേരളത്തിലെ മുൻകാലങ്ങളിലെ എല്ലാപ്രതിപക്ഷവും ചെയ്തതെങ്കിൽ ഇന്നത്തെ പ്രതിപക്ഷത്തിന്റെയും പ്രതിപക്ഷനേതാവിന്റെയും നിലപാട് ഈ കേരളത്തെ എങ്ങനെയെങ്കിലും തകർക്കുകയെന്നുള്ളതാണ്. ഇതിന് ശക്തിയുക്തമായ പ്രതിരോധം കേരളത്തിലെ ജനതതന്നെ തീർക്കുന്ന കാഴ്ചകളാണ് വരുംനാളുകളിൽ കാണാൻ പോകുന്നതെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: സർ, ഈ ബഡ്ജറ്റിനെ വളരെ അഭിമാനത്തോടെയും സന്തോഷത്തോടെയും പിന്തുണയ്ക്കുന്നു. കേന്ദ്ര ബഡ്ജറ്റും കേരള ബഡ്ജറ്റും ഒരുപോലെയാണെന്ന് സൂചിപ്പിച്ചുകൊണ്ടാണ് മുൻപ്രതിപക്ഷനേതാവ് അദ്ദേഹത്തിന്റെ പ്രസംഗം ഇവിടെ ആരംഭിച്ചത്. കേരളത്തിന്റെ മുന്നേറ്റം നമ്മുടെ കൺമുന്നിലെ യാഥാർത്ഥ്യമാണ്. അതിന്റെ കണക്കുകളൊക്കെ ബഹുമാനപ്പെട്ട പ്രതിപക്ഷത്തിനും ലഭിക്കുന്നതുതന്നെയാണ്. 2016-ൽ നമ്മുടെ ആഭ്യന്തര ഉൽപ്പാദനം 9.6

ശതമാനമായിരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷമാകുമ്പോഴേയ്ക്കും അത് 17.6 ശതമാനമായി വർദ്ധിച്ചിട്ടുണ്ടെന്നതാണ് രേഖകളിൽനിന്നും വ്യക്തമാകുന്നത്.

സംസ്ഥാനത്തിന് മൂന്ന് വഴികളാണ് പ്രധാനമായും വരുമാന സ്രോതസ്സായി നിൽക്കുന്നത്. അതിലൊന്ന് നമ്മുടെ തനത് വരുമാനമാണ്. അക്കാര്യത്തിൽ വലിയ മുന്നേറ്റം, ഏതാണ്ട് 50 ശതമാനത്തിന്റെ വളർച്ച കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നാണ് ബഹുമാനപ്പെട്ട ഗവർണറുടെ പ്രസംഗത്തിലും ബഡ്ജറ്റ് രേഖയിലും സാമ്പത്തിക സർവ്വേ മുന്നിലേയ്ക്ക് വരുമ്പോഴും നമുക്ക് മനസ്സിലാക്കാനാകുന്നത്. രണ്ടാമത്തെ വരുമാന സ്രോതസ്സ് കേന്ദ്ര ധനസഹായമാണ്. ഇക്കാര്യത്തിൽ 10 ശതമാനത്തിലധികം കുറവാണ് കേരളം ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്നത്. മൂന്നാമത്തേതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. അത് കേന്ദ്രത്തിന്റെകൂടി സമ്മതത്തോടെ നമ്മൾ എടുക്കേണ്ട വായ്പയാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ തനത് വരുമാനം 71,000 കോടി രൂപയായി വർദ്ധിപ്പിക്കാൻ, 45 ശതമാനത്തോളം വർദ്ധനവ് നേടിയെടുക്കാൻ കഴിഞ്ഞ വർഷം നമുക്ക് കഴിഞ്ഞിട്ടുണ്ട്. 2021-22-ൽ 43,000 കോടി രൂപയാണ് നമുക്ക് വായ്പയെടുക്കാൻ കഴിഞ്ഞിരുന്നത്. 2022-23-ലെ വായ്പ 22,000

കോടി രൂപയാണ്. നേർ പകുതിയായി കുറയുന്ന നിലയിലേയ്ക്ക് കേന്ദ്ര വായ്പ വെട്ടിക്കുറയ്ക്കുന്ന നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിരിക്കുന്നത്. കേരളം ഇന്ന് ധനപ്രതിസന്ധി നേരിടുന്നുണ്ടെങ്കിൽ അത് കേന്ദ്ര സർക്കാർ വായ്പ വെട്ടിക്കുറയ്ക്കുന്നതുവഴി ഉണ്ടാകുന്ന ധനപ്രതിസന്ധിയാണ്. ഇത് പരിഹരിക്കുന്നതിനായി വലിയ നിലയിലുള്ള ചെറുത്തുനിൽപ്പും പോരാട്ടവുമാണ് കേരളത്തിലെ ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിന്റെ മുന്നിൽ നടത്തിയിട്ടുള്ളതെന്ന് മനസ്സിലാക്കാൻ കേരളത്തിന്റെ സാമ്പത്തിക സ്ഥിതി വിശകലനം ചെയ്യുന്ന ഏതൊരാൾക്കും യാതൊരു സംശയവും ഉണ്ടാകില്ലെന്നാണ് കരുതേണ്ടത്.

ഇവിടെ ധൂർത്തിന്റെ കാര്യങ്ങളൊക്കെ പറഞ്ഞു. കേരളത്തിന്റെ ധനകാര്യ സ്ഥിതി പരിശോധിക്കുമ്പോൾ ചെലവിന്റെ കാര്യത്തിൽ 10 ശതമാനത്തിലധികം കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞു. അത് ജനങ്ങൾക്ക് ലഭിക്കുന്ന ഏതെങ്കിലും തരത്തിലുള്ള ആശ്വാസ പദ്ധതികൾ ഇല്ലാതാക്കിക്കൊണ്ടല്ല. ഏതൊക്കെ മേഖലയിൽ ചെലവ് ചുരുക്കാൻ സാധിക്കുമോ ആ മേഖലയിലൊക്കെ ചെലവ് ചുരുക്കിക്കൊണ്ടുള്ള നിലപാടാണ് കേരളത്തിലെ ഗവൺമെന്റ് സ്വീകരിച്ചത്. നമ്മുടെ വരവ്

കുറഞ്ഞു. ധൂർത്തുകൊണ്ടോ വാരിക്കോരി ചെലവഴിച്ചതുകൊണ്ടോ അല്ല കേരളം ധനപ്രതിസന്ധി നേരിടുന്നത്. കേരളത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിന് ഒരു വഴിയേ ഇന്ന് നമ്മുടെ മുന്നിലുള്ളൂ. അതിന് കേരളം ഒറ്റക്കെട്ടായി നിൽക്കണം. കേന്ദ്രത്തിലെ ബി.ജെ.പി. ഭരണം പോകണം. ഇക്കാര്യത്തിൽ കോൺഗ്രസിന്റെ നിലപാടെന്താണ്; കേരളത്തിന്റെ പ്രതിനിധികളായി 18 എം.പി.-മാർ പാർലമെന്റിലുണ്ടായിരുന്നു. ഏറ്റവും അവസാനം മലയാളത്തിൽ പ്രസംഗിക്കുന്ന ശ്രീ. ടി. എൻ. പ്രതാപന്റെ പാർലമെന്റിലെ പ്രസംഗം വന്നു. ആദ്യത്തെ വരിയെന്താണ്; കേരളത്തിനെ വിമർശിച്ചുകൊണ്ടാണ് തുടങ്ങുന്നത്. അവസാനം ഒരു വരിയുണ്ട്. പ്രിയപ്പെട്ട കോൺഗ്രസ് സുഹൃത്തുക്കളെ, നിങ്ങളുടെ പ്രസിഡന്റും പാർലമെന്റിലെ നേതാവുമായ ശ്രീ. മല്ലികാർജ്ജുൻ ഖാർഗെ അവതരിപ്പിച്ച കരിമ്പത്രം നിങ്ങളുടെയെല്ലാം മുന്നിലുണ്ടല്ലോ; അതിലെ ചില കാര്യങ്ങൾ കോൺഗ്രസിന്റെ നേതൃത്വം നിഷേധിക്കുമോയെന്ന് പറയാൻ കഴിയില്ല. അതിൽ പറഞ്ഞിട്ടുള്ള കാര്യം, 'അർഹമായ വിഹിതം വൈകിപ്പിച്ചും ഫണ്ട് അനുവദിക്കാതെയും ബി.ജെ.പി. ഇതര സംസ്ഥാനങ്ങളുടെ പ്രവർത്തനം മുരടിപ്പിക്കുന്ന നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത് എന്നാണ്.

ഇതിനെക്കുറിച്ച് നിങ്ങളുടെ നിലപാടെന്താണ്; ഇതിനെതിരായി പ്രതിഷേധിക്കണമെന്ന് കേരളം ഒറ്റക്കെട്ടായി പറയുമ്പോൾ, ശ്രീ. മല്ലികാർജ്ജുൻ ഖാർഗെ പറയുന്ന ഈ നിലപാടിനോട് ചേർന്നുനിൽക്കാതെ, കേരളത്തിന്റെ ഈ പ്രതിഷേധത്തോടൊപ്പം നിൽക്കാതെ കേരളത്തെ വഞ്ചിക്കുന്ന നിലപാടാണ് കോൺഗ്രസും യു.ഡി.എഫ്.-ഉം സ്വീകരിക്കുന്നതെന്ന് പറയാതെ പോകാൻ സാധിക്കുമോ? നിങ്ങൾ കോൺഗ്രസിന്റെ സ്ഥിതിയെക്കുറിച്ച് ആലോചിക്കണം. പഴയ സ്വാതന്ത്ര്യ സമര സേനാനിയും എന്റെ നാട്ടുകാരനുമായൊരു കവിയുണ്ട്. അദ്ദേഹത്തിന്റെ പേര് ശ്രീ. കെ. വി. ശേഖര പൊതുവാൾ എന്നാണ്. പഴയകാല കോൺഗ്രസുകാർക്കെല്ലാം അദ്ദേഹത്തെ അറിയാം. അദ്ദേഹം പറഞ്ഞിട്ടുള്ള കാര്യമാണ് കോൺഗ്രസിന്റെ നിലപാടിനെ വിശകലനം ചെയ്യുമ്പോൾ നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്. അദ്ദേഹം ചോദിക്കുന്നൊരു ചോദ്യമുണ്ട്. "രാമനും രാവണനും ഒന്നിച്ചാൽ രാമായണമുണ്ടോ; കൃഷ്ണനും കംസനും ചേർന്നാൽപ്പിന്നെ കൃഷ്ണഗാഥയുണ്ടോ.” നിങ്ങൾ ആലോചിക്കേണ്ടത്, ബി.ജെ.പി.-ക്ക് എതിരായി നിൽക്കേണ്ടത് കോൺഗ്രസാണ്. ദേശീയാടിസ്ഥാനത്തിൽ മതനിരപേക്ഷ നിലപാടുകൾ ഉയർത്തിപ്പിടിക്കേണ്ട

പാർട്ടിയാണ് കോൺഗ്രസ്. ആ കോൺഗ്രസിന്റെ ഇപ്പോഴത്തെ സ്ഥിതിയെന്താണ്; ശ്രീ. മല്ലികാർജ്ജുൻ ഖാർഗെയുടെ കരിമ്പത്രത്തിൽ പറയുന്നുണ്ട്, 411 എം.എൽ.എ.-മാരെയാണ് ഈ കാലയളവിൽ ബി.ജെ.പി. വിലയ്ക്കെടുത്തത്. ഞങ്ങൾ ചോദിക്കട്ടെ, അതിൽ 90 ശതമാനവും കോൺഗ്രസുകാരല്ലെന്ന് പറയാനുള്ള ആർജ്ജവം കോൺഗ്രസ് കാണിക്കുമോ? മുസ്ലീംലീഗുകാർ ആലോചിക്കൂ. മുസ്ലീംലീഗുകാരാണ് പറയേണ്ടത്. വേവലാതി വേണ്ട. 411-ൽ 90 ശതമാനവും കോൺഗ്രസ് ആണ്. ഇതുസംബന്ധിച്ച് മുസ്ലീംലീഗിന്റെ നിലപാട് എന്താണെന്ന് അവർ പറയട്ടെ. ഇന്നിപ്പോൾ ഏറ്റവും അവസാനം, മധ്യപ്രദേശിന്റെ മുഖ്യമന്ത്രി കഴിഞ്ഞ തെരഞ്ഞെടുപ്പിൽക്കൂടി മുഖ്യമന്ത്രിയായി മത്സരിക്കാൻ മുന്നോട്ട് വന്നിട്ടുള്ളതാണ്. കേന്ദ്രത്തിലെ മന്ത്രിയായിരുന്നില്ലേ; ശ്രീ. കമൽനാഥ്. അദ്ദേഹം എങ്ങോട്ടാണ് പോകുന്നത്; കൃഷ്ണനും കംസനും ഒന്നായിച്ചേരുന്ന ഏറ്റവും രാക്ഷസീയമായൊരു അന്തരീക്ഷം നമ്മുടെ രാജ്യത്ത് ഉയർന്നുനിൽക്കുന്നു എന്നുള്ളത് പറയാതിരിക്കാനാവില്ല. നിങ്ങൾ ആലോചിക്കേണ്ടത്, പുട്ടിന് തേങ്ങ ചിരവിയിടുമെന്ന് പറയാറുണ്ട്. ഇപ്പോൾ നിങ്ങൾ അങ്ങനെ ചിരട്ട ചിരവിക്കൊണ്ടിരിക്കുകയാണ്. ബി.ജെ.പി.-ക്കാരൻ

ഉണ്ടാക്കുന്ന പുട്ടിനുവേണ്ടി ചിരട്ട ചിരകുന്നവരായി കോൺഗ്രസ് മാറുന്നുവെന്നതാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. ഇപ്പോൾ ഒരു അഭിപ്രായം പറഞ്ഞുവല്ലോ; മുസ്ലീംലീഗുകാർ ഇതിനെക്കുറിച്ച് പ്രതികരിക്കേണ്ടതാണ്. എന്താണ് പറഞ്ഞത്; 'ശാപ്പാട് കിട്ടിയാൽ എവിടെയും പോകും'. ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ പോയതിൽ എന്താണ് തെറ്റ്; ശ്രീ. കെ. മുരളീധരൻ പോയതിൽ എന്താണ് തെറ്റ്; ഞങ്ങളും വേണമെങ്കിൽ പോകും എന്നുള്ളതാണല്ലോ; പ്രധാനമന്ത്രി വന്നപ്പോൾ മുഖ്യമന്ത്രി പോയി സ്വീകരിച്ചതിലെ ബോഡി ലാംഗ്വേജിനെക്കുറിച്ച് പറയുന്നു. എന്നാൽ ഉമ്മൻ ചാണ്ടിയുടെ ബോഡി ലാംഗ്വേജ് നമുക്ക് ആ ചിത്രമെടുത്ത് നോക്കാം. എന്താണ് ബോഡി ലാംഗ്വേജ്; നിങ്ങൾ പറയൂ. കേരളത്തിലേയ്ക്ക് വരുന്ന കേന്ദ്ര ഭരണാധികാരിയെ മാന്യമായ രീതിയിൽ സ്വീകരിക്കുക എന്നുള്ള കേരളത്തിന്റെ ആതിഥ്യ മര്യാദ തലയെടുപ്പോടെ ഉയർത്തിപ്പിടിക്കുമ്പോൾ അത് നിങ്ങൾക്ക് സഹിക്കുന്നില്ലല്ലേ; ബി.ജെ.പി.-യുടെ പിൻപണി സി.പി.ഐ.(എം.)-നും ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കുമില്ല. സ്വന്തം ആളുകളെ പിടിച്ചുനിർത്താൻ കഴിയാത്ത നിലയിൽ ഏറ്റവും ഗതികെട്ട അവസ്ഥയിലേയ്ക്ക് കോൺഗ്രസ് പോകുന്നുവെന്നുള്ളതാണ്

നമുക്ക് കാണാൻ സാധിക്കുന്നത്.

കേരളത്തിന്റെ ഒരു പൊതുചിത്രത്തെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചിട്ടുണ്ട്. കേരളം ആഭ്യന്തര ഉൽപ്പാദനത്തിൽ 2016-ൽ 5,60,000 കോടിയായിരുന്നു. 2023-ൽ 10,17,000 കോടിയായി വർദ്ധിച്ചിട്ടുണ്ട്. നികുതിയിനത്തിൽ ആഭ്യന്തര ഉൽപ്പാദനത്തിൽ ഈ വർദ്ധനവിന്റെ ഒപ്പംതന്നെയാണ് കേരളത്തിന്റെ പ്രതിശീർഷ വരുമാനവും. ഇവിടെ പൂച്ച പെറ്റുകിടക്കുന്നു എന്നല്ലേ പറഞ്ഞത്. 2016-ൽ കേരളത്തിന്റെ പ്രതിശീർഷ വരുമാനം 1,48,000 രൂപയായിരുന്നു. ഇന്ന് അഭിമാനത്തോടുകൂടി ഈ ഗവൺമെന്റിന് പറയാം, 2023-ൽ നമ്മുടെ പ്രതിശീർഷ വരുമാനം 2,78,000 രൂപയായി വർദ്ധിച്ചിരിക്കുന്നു. ഇങ്ങനെയൊരു വളർച്ചാനിരക്ക് ഇന്ത്യയിൽ എവിടെയാണ് ചൂണ്ടിക്കാണിക്കാനുള്ളത്; കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങൾ വളരെ കുറച്ചാണെങ്കിലുമുണ്ടല്ലോ; അഭിമാനകരമായ നേട്ടം കേരളം നേടിയിട്ടുണ്ട്. നികുതി വരുമാനത്തിൽ നേടിയ മുന്നേറ്റം, സാമ്പത്തിക വളർച്ചയിൽ കൈവരിച്ച കാര്യങ്ങൾ, കേന്ദ്ര സർക്കാർ എല്ലാ നിലയിലും കേരളത്തെ വരിഞ്ഞുകെട്ടുമ്പോൾ ഇതിനുമുന്നിൽ ഞങ്ങൾക്ക് മുട്ടുമടക്കാൻ മനസ്സില്ലെന്ന് പ്രഖ്യാപിച്ചുകൊണ്ട്, ഞങ്ങളിവിടെ സൂര്യന്റെ

വെളിച്ചം പ്രകാശിപ്പിക്കുമെന്ന് പ്രഖ്യാപിച്ചുകൊണ്ട് ഈ ബഡ്ജറ്റ് കേരളത്തിലെ ജനങ്ങൾക്കുവേണ്ടി ഗവൺമെന്റ് സമർപ്പിച്ചിട്ടുള്ളത്.

ഈ ബഡ്ജറ്റിനെ പിന്തുണച്ചുകൊണ്ട് സംസാരിക്കുമ്പോൾ ശ്രീനാരായണ ഗുരുവിന്റെ ദൈവദശകത്തിലെ ഒരു വരി ഈ ഗവൺമെന്റിനും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്കുംവേണ്ടി സമർപ്പിക്കുകയാണ്.

" അന്നവസ്ത്രാദി മുട്ടാതെ
തന്നു രക്ഷിച്ചു ഞങ്ങളെ
ധന്യരാക്കുന്ന നീയൊന്നു-
തന്നെ ഞങ്ങൾക്കു തമ്പുരാൻ."

ഈ കേരളം ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനെ എങ്ങനെയാണ് കാണുന്നത് എന്നതിൽ ദൈവദശകത്തിലെ ശ്രീനാരായണ ഗുരുവിന്റെ വരികൾ സമർപ്പിച്ചുകൊണ്ട്, ഈ ബഡ്ജറ്റിനെ പിന്തുണച്ചുകൊണ്ട് ഞാനെന്റെ വാക്കുകൾ ഉപസംഹരിക്കുകയാണ്.

<u>ശ്രീ. അഹമ്മദ് ദേവർകോവിൽ</u>: സർ, ഞാൻ ഈ ബഡ്ജറ്റിനെ പിന്തുണയ്ക്കുന്നു. 'ഒരു വിഭാഗത്തിനോടുള്ള അമർഷം നീതി പ്രവർത്തിക്കുന്നതിന് നിങ്ങൾക്ക് തടസ്സമാകരുത്' എന്ന് വിശുദ്ധ ഖുറാനിലെ

അഞ്ചാം അധ്യായത്തിലെ എട്ടാം സൂക്തത്തിലൂടെ ദൈവം മനുഷ്യരോട് പറയുന്നുണ്ട്: കേരള ജനതയെ രാഷ്ട്രീയ വിദ്വേഷം കൊണ്ടുമാത്രം ദ്രോഹിക്കുന്ന യൂണിയൻ സർക്കാരിനെതിരെ കേരളം നടത്തുന്ന പ്രതിഷേധങ്ങളിൽനിന്ന് എൽ.ഡി.എഫ്.-നോടുള്ള രാഷ്ട്രീയ വിരോധത്തിന്റെ പേരിൽമാത്രം വിട്ടുനിൽക്കുകയും കേരളത്തെ പിന്നിൽനിന്ന് കുത്തുകയും ചെയ്യുന്ന പ്രതിപക്ഷത്തിന്റെ ചെയ്തികൾ കണ്ടതുകൊണ്ടാണ് ഈ അധ്യായം ഞാൻ ഓർത്തത്. കടുത്ത രാഷ്ട്രീയ വിരോധത്തിന്റെ പേരിൽ എൻ.ഡി.എ. ഇതര സർക്കാരുകളെ, വിശേഷിച്ച് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളെ കഴുത്ത് ഞെരിക്കുന്ന സമീപനമാണ് കേന്ദ്രം നടത്തിവരുന്നത്. യൂണിയൻ സർക്കാരിന്റെ അന്യായങ്ങളെ ഇന്ത്യയുടെ പരമോന്നത കോടതിയിൽ വസ്തുതകൾ നിരത്തി കേരളം ചോദ്യം ചെയ്തുവരികയാണ്. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ സാമ്പത്തിക തീർപ്പിൽ യു.പി.-ക്ക് 17.93%, ബീഹാറിന് 10.05%, മധ്യപ്രദേശിന് 7.85%, മഹാരാഷ്ട്രയ്ക്ക് 6.31% വകയിരുത്തുമ്പോൾ കേരളത്തിന് 1.92% മാത്രമാണ് നൽകുന്നത്. എന്തിന്റെ പേരിലാണ് ഈ വിവേചനം? ഇന്ത്യയിൽ ദാരിദ്ര്യ നിരക്ക് ഏറ്റവും കുറവുള്ള സംസ്ഥാനമായി മാറിയതാണോ ഞങ്ങൾ ചെയ്ത

തെറ്റ്; ഇന്ത്യയിൽ ഉയർന്ന പ്രതിശീർഷ വരുമാനമുള്ളതാണോ സംസ്ഥാനം ചെയ്ത തെറ്റ്; സുസ്ഥിര വികസന സൂചികയിൽ കേരളം തുടർച്ചയായി മൂന്നാം സ്ഥാനം നിലനിർത്തിയതാണോ കേരളത്തിന്റെ പാതകം; ഇതിനെതിരെ പ്രതിപക്ഷത്തിന് എന്താണ് പറയാനുള്ളത്? ഗ്രാന്റുകൾ വെട്ടിച്ചുരുക്കിയും മറ്റ് ധനാഗമന മാർഗ്ഗങ്ങൾ തടഞ്ഞും 57000 കോടി രൂപ സംസ്ഥാനത്തിന് ഇല്ലാതെയാക്കിയിട്ടും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 2024-2025-ലേയ്ക്ക് അവതരിപ്പിച്ച സൂര്യോദയ ബഡ്ജറ്റ് യു.ഡി.എഫ്.-നെയും ബി.ജെ.പി.-യെയും വല്ലാതെ അസ്വസ്ഥമാക്കുന്നുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ക്ഷേമ പെൻഷൻ പ്രതിപാദിക്കുന്ന ഭാഗം വായിച്ചപ്പോൾ പ്രതിപക്ഷ മുഖങ്ങളിൽ പടർന്ന ഇരുട്ടും അങ്കലാപ്പും ഞാൻ ഭയപ്പാടോടെ നോക്കുകയായിരുന്നു. എല്ലാ എൽ.ഡി.എഫ്. ബഡ്ജറ്റുകളെയുംപോലെ ക്ഷേമ പെൻഷനിൽ വർദ്ധനവുണ്ടാകുമോ എന്നതായിരുന്നു അവരുടെ ആശങ്കയ്ക്ക് നിദാനം. കേന്ദ്രത്തിന്റെ കടുംവെട്ടുകളിൽ ക്ഷേമ പെൻഷന്റെ വർദ്ധന പ്രഖ്യാപിക്കാതിരുന്നപ്പോൾ മാത്രമാണ് പ്രതിപക്ഷാംഗങ്ങളുടെ ശ്വാസം നേരെയായത്. ക്ഷേമ പെൻഷൻ വാങ്ങുന്ന 56 ലക്ഷം പാവങ്ങളായ മനുഷ്യരോട് എന്തിനാണ് പ്രതിപക്ഷം

ഈ പക കൊണ്ടുനടക്കുന്നത്; അവർ എന്ത് തെറ്റാണ് നിങ്ങളോട് ചെയ്തത്? ആര് വഴിമുടക്കിയാലും കുടിശ്ശിക തീർത്ത് ഈ പാവങ്ങളെ സർക്കാർ ചേർത്തുനിർത്തുകതന്നെ ചെയ്യുമെന്ന പ്രഖ്യാപനം പ്രശംസനീയമാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നന്ദിപ്രമേയ പ്രസംഗത്തിൽ നാട്ടിലെ കച്ചവടക്കാരുടെ പ്രയാസങ്ങൾ പറയുന്നതുകേട്ടു. പ്രതിമാസം 1600 രൂപ വീതം 56 ലക്ഷം നിസ്സ്വരായ മനുഷ്യരിലൂടെ ആറ് മാസം 5400 കോടി രൂപ കേരളത്തിലെ ഗ്രാമ-നഗരങ്ങളിലെ മാർക്കറ്റുകളിലെത്തുന്നത് അട്ടിമറിച്ച ബി.ജെ.പി. യൂണിയൻ സർക്കാരിനെതിരെ എന്തുകൊണ്ടാണ് അങ്ങേയ്ക്ക് പ്രതിഷേധമില്ലാത്തത്? കേന്ദ്രം കാപെക്സ് ഫണ്ടിൽ 2020-21-ൽ 11912 കോടി രൂപ വകയിരുത്തിയപ്പോൾ കേരളത്തിന് വകയിരുത്തിയത് 163 കോടി രൂപയും നൽകിയത് 81.50 കോടി രൂപയും മാത്രമാണ്. 2021-22-ൽ 95147 കോടി രൂപ വകയിരുത്തിയപ്പോൾ 238.50 കോടി രൂപ മാത്രമാണ് ലഭിച്ചത്. 2023 ഡിസംബറിൽ 97750 കോടി രൂപ വകയിരുത്തിയപ്പോൾ കേരളത്തിന് ഒരു രൂപപോലും ലഭിച്ചില്ല. ഈ കൊടിയ അന്യായത്തിനെതിരെ ഒരു വാക്കെങ്കിലും പറയാൻ എന്തിനാണ് പ്രതിപക്ഷം ഭയക്കുന്നത്? രാജ്യത്തെതന്നെ ഏറ്റവും വലിയ

പദ്ധതികളിലൊന്നായ വിഴിഞ്ഞം തുറമുഖത്തിനായി ചെലവഴിച്ച സംഖ്യയുടെ ബില്ലുകൾ തയ്യാറാക്കി കാപെക്സിൽ സമർപ്പിച്ചിട്ടും മുട്ടാപ്പോക്ക് ന്യായങ്ങൾ പറഞ്ഞ് കേന്ദ്രം പണം തടഞ്ഞത് ആ വകുപ്പ് കൈകാര്യം ചെയ്തിരുന്ന സമയത്തെ എന്റെ നേരനുഭവമാണ്. ബഡ്ജറ്റ് പ്രസംഗത്തിൽ പ്രതിപാദിച്ചതുപോലെ മതനിരപേക്ഷതയുടെയും സമാധാനത്തിന്റെയും സാഹോദര്യത്തിന്റെയും സാമൂഹ്യ നീതിയുടെയും ജനങ്ങളുടെ ഉയർന്ന നിലവാരത്തിന്റെയും പേരിലാണ് കേരള വികസന മാതൃക അറിയപ്പെടുന്നത്. എന്നാൽ യൂണിയൻ ഗവൺമെന്റ് അവതരിപ്പിച്ച ഇടക്കാല ബഡ്ജറ്റ് കണ്ട് കണ്ണുതള്ളിയവരാണ് നാം. തെരഞ്ഞെടുപ്പ് ലക്ഷ്യംവച്ച് കാട്ടിക്കൂട്ടാൻ പോകുന്ന ഗിമ്മിക്കുകളും പൊള്ളയായ വാഗ്ദാനങ്ങളുമാണ് അതിൽ മുഴുവൻ നിറഞ്ഞുനിൽക്കുന്നത്. വിലക്കയറ്റവും തൊഴിലില്ലായ്മയും നേരിടുന്നതിനുള്ള ഒരു പദ്ധതിയും യൂണിയൻ ബഡ്ജറ്റിൽ നാം കണ്ടില്ല. കേന്ദ്രം കോർപ്പറേറ്റുകളെ വാരിപ്പുണരുകയും അടിസ്ഥാന ജനവിഭാഗങ്ങളെ കയ്യൊഴിയുകയും ചെയ്യുന്നതിന്റെ നേർച്ചിത്രമായിരുന്നു അത്. എന്നാൽ കേരളത്തിന്റെ ബഡ്ജറ്റ് പരിശോധിച്ചാൽ, കൃഷിക്ക് 1698 കോടി രൂപ, സഹകരണ മേഖലയ്ക്ക് 1344 കോടി രൂപ, കെ.എസ്.ആർ.ടി.സി.-ക്ക്

1120.54 കോടി രൂപ, ലൈഫ് പദ്ധതിക്കായി രണ്ടുവർഷത്തേയ്ക്ക് 10000 കോടി രൂപ, തൊഴിലാളി ക്ഷേമത്തിനായി 464.44 കോടി രൂപ, പരമ്പരാഗത തൊഴിലിനായി 90 കോടി രൂപ. ഇങ്ങനെ രാജ്യത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ ഉത്തേജിപ്പിച്ചും അടിസ്ഥാന ജനവിഭാഗത്തെ ഹൃദയത്തോട് ചേർത്തുനിർത്തിയുമാണ് സർക്കാർ മുന്നോട്ടുപോകുന്നത്. ഉന്നത വിദ്യാഭ്യാസത്തിനായുള്ള ബഡ്ജറ്റിലെ നിർദ്ദേശങ്ങളിൽ പുകമറ സൃഷ്ടിക്കാൻ കഴിയുമോയെന്ന ദയനീയമായ പരിശ്രമം ചില കോണുകളിൽ നടക്കുന്നുണ്ട്. 2022-ൽ വിദേശത്ത് പഠനത്തിനായി 13.2 ലക്ഷം കുട്ടികൾ പോയതിൽ 50000 കുട്ടികൾ കേരളത്തിൽനിന്നാണെന്ന് ഇക്കൂട്ടർ മനസ്സിലാക്കണം. ഉന്നത വിദ്യാഭ്യാസ പരിഷ്കരണങ്ങളെക്കുറിച്ച് രൂപീകരിച്ച മൂന്ന് കമ്മീഷനുകളും ഉന്നതവിദ്യാഭ്യാസ മേഖലയിൽ സ്വകാര്യ സർവ്വകലാശാലകളുടെ ആവശ്യം ഊന്നിപ്പറയുന്നത് വിസ്മരിക്കരുത്. എൽ.ഡി.എഫ്. അംഗീകരിച്ച നവകേരള രേഖയിൽ ഉന്നതവിദ്യാഭ്യാസ രംഗത്തെ മാറ്റങ്ങളെക്കുറിച്ച് പ്രത്യേകം പ്രസ്താവിച്ചിട്ടുണ്ട്. വിദ്യാഭ്യാസത്തെ മൂലധനശക്തികൾക്ക് തീറെഴുതി വലതുപക്ഷ സർക്കാരുകൾ കൈകഴുകുമ്പോൾ കഴിഞ്ഞ ബഡ്ജറ്റിൽ 4916.99 കോടി രൂപയും ഈ

ബഡ്ജറ്റിൽ 4927 കോടി രൂപയുമാണ് ഇതിനായി എൽ.ഡി.എഫ്. സർക്കാർ വകയിരുത്തിയത്. ആയതിനാൽ നയവ്യതിയാനത്തിന്റെ വാചാടോപങ്ങൾകൊണ്ട് ഈ മുന്നേറ്റം തടയാൻ കഴിയില്ലെന്ന് ഓർക്കുന്നത് നല്ലതാണ്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം ഈ ബഡ്ജറ്റ് കാലയളവിൽ പൂർണ്ണസജ്ജമാകാൻ പോകുന്നത് കേരളത്തിനൊരു മുതൽക്കൂട്ടാണ്. ലോക ഭൂപടത്തിൽ കേരളത്തിന് പ്രത്യേക സ്ഥാനം ലഭിക്കാൻ പോകുന്നു. ഈ തുറമുഖത്തിന്റെ പ്രവർത്തനം നാടിന്റെ സർവ്വതലസ്പർശിയായ വികസനത്തിന് എപ്രകാരമാണ് ചാലകശക്തിയാകുന്നതെന്നതിന്റെ കൃത്യമായ ദിശാസൂചികയാണ് ഈ ബഡ്ജറ്റ്. ഒരുവശത്ത് യൂണിയൻ സർക്കാരിന്റെ കടുത്ത അവഗണന, മറുവശത്ത് ആഗോളതലത്തിലുള്ള യുദ്ധങ്ങളും സാമ്പത്തിക മാന്ദ്യവും അവ നമുക്കേൽപ്പിക്കുന്ന ആഘാതങ്ങളും. ഇവയെല്ലാം നമുക്ക് അതിജീവിക്കേണ്ടതായിട്ടുണ്ട്. ഓഖിയെയും പ്രളയങ്ങളെയും കോവിഡ് മഹാമാരിയെയും ഒറ്റക്കെട്ടായി കരുത്തോടെ നേരിട്ട കേരളം ഏത് പ്രതിസന്ധികളെയും അതിജീവിച്ച് പൂർവ്വാധികം ശക്തിയോടെ മുന്നേറുകതന്നെ ചെയ്യുമെന്ന് സൂചിപ്പിക്കാൻകൂടി ഞാൻ ആഗ്രഹിക്കുകയാണ്. അതിനായി

ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാർ സജ്ജമാണെന്ന് തെളിയിക്കുന്ന ബഡ്ജറ്റാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചിട്ടുള്ളത്. ആഗതമാകുന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ കേരളത്തിന്റെ കഴുത്ത് ഞെരിക്കുന്ന ബി.ജെ.പി.-യെയും അവർക്ക് കീ ജയ് വിളിക്കുന്ന യു.ഡി.എഫ്.-നെയും ജനങ്ങൾ ശിക്ഷിക്കുമെന്ന കാര്യത്തിൽ ഒരു സന്ദേഹവും വേണ്ട. ഈ ബഡ്ജറ്റിനെ എല്ലാ നിലയിലും ഞാൻ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. മുരളി പെരുനെല്ലി: സർ, സൂര്യോദയമെന്നത് ഇരുട്ടിനെ വകഞ്ഞുമാറ്റി ഭൂമണ്ഡലത്തിന് പുത്തനുണർവ് നൽകുന്ന പ്രതിഭാസമാണ്. ഒരു സൂര്യോദയ സമ്പദ്ഘടനയായി മാറിക്കൊണ്ടിരിക്കുന്ന 2024-25-ലെ ബഡ്ജറ്റിനെ വളരെ അഭിമാനത്തോടെയും സന്തോഷത്തോടെയും പിന്തുണയ്ക്കുകയാണ്. 8 വർഷങ്ങൾക്കുമുൻപ് കേരളത്തിന്റെ സമ്പദ്ഘടന കട്ടപിടിച്ച ഇരുട്ടിന്റെ തടവറയിൽ കിടക്കുകയായിരുന്നു. 2016-ൽ അധികാരത്തിൽവന്ന സഖാവ് പിണറായി വിജയൻ നേതൃത്വം നൽകുന്ന കേരളത്തിലെ ഇടതുപക്ഷ സർക്കാരിന്റെയും തുടർന്ന് കേരളത്തിന്റെ രാഷ്ട്രീയ ചരിത്രത്തിലാദ്യമായി രണ്ടാംവട്ടവും അധികാരത്തിൽവന്ന 2021-ലെ

തെരഞ്ഞെടുപ്പിൽ വർദ്ധിതവീര്യത്തോടുകൂടിയും ഭൂരിപക്ഷത്തോടുകൂടിയും അധികാരത്തിൽവന്ന ഇന്നത്തെ സർക്കാരിന്റെയും നിശ്ചയദാർഢ്യത്തോടെയുള്ള ഇടപെടലുകളുടെ ഭാഗമായി കേരളത്തെ നമുക്കിന്ന് ഇന്ത്യയുടെ മുൻനിരയിലെത്തിക്കാൻ കഴിഞ്ഞുവെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. ഇതോടെ നിരാശപൂണ്ട കേരള വിരുദ്ധ ശക്തികൾ എൽ.ഡി.എഫ്. സർക്കാരിനെതിരായി ഇപ്പോൾ ഉറഞ്ഞുതുള്ളിക്കൊണ്ടിരിക്കുകയാണ്. അതിൽ കേന്ദ്ര ബി.ജെ.പി. സർക്കാരിന്റെ പിന്നാലെ പെട്ടിപ്പാട്ടുമായി നടക്കുന്ന കേരളത്തിലെ പ്രതിപക്ഷത്തെയും നമുക്ക് കാണാം. അവരോടൊപ്പം കോർപ്പറേറ്റ് ശക്തികളും അവർ നിയന്ത്രിക്കുന്ന കുത്തക മാധ്യമങ്ങളും പ്രവർത്തിക്കുന്നത് കേരളത്തിൽ നമ്മൾ കാണുകയാണ്. ഇവരെ തള്ളിമാറ്റികൊണ്ട് കേരളത്തിലെ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരപ്പിച്ച സൂര്യോദയ ബഡ്ജറ്റുമായി എൽ.ഡി.എഫ്. സർക്കാർ മുന്നോട്ടുപോകുകയാണ്. എൽ.ഡി.എഫ്. സർക്കാർ ഇനിയും മുന്നോട്ടാണ് എന്ന യാഥാർത്ഥ്യം നമുക്ക് കാണാം. കേരളത്തിലെ ഇന്നത്തെ സമരകോലാഹലങ്ങൾ കാണുമ്പോൾ പഴയൊരു സിനിമാരംഗം എന്റെ

മനസ്സിൽ തെളിഞ്ഞുവരികയാണ്. ഭാവിയിൽ ഇത്തരക്കാരായ ചിലരുണ്ടാകുമെന്ന് മുൻകൂട്ടി കണ്ടുകൊണ്ട് നിർമ്മിച്ച ചിത്രമാണോ അതെന്ന് സംശയിക്കുന്ന വിധത്തിലാണ് ആ ചിത്രത്തിന്റെ ക്ലിപ്പിംഗുകൾ. തിരക്കേറിയ റോഡിൽ നിരവധി വാഹനങ്ങൾ ഓടിക്കൊണ്ടിരിക്കുമ്പോൾ അതിനിടയിലേയ്ക്ക് ഒരു പായയും തലയണയുമായി ജഗതി ശ്രീകുമാർ കടന്നുവന്ന് അവിടെ പായ വിരിച്ച് കിടക്കുന്ന കാഴ്ചയാണ് നമ്മൾ കാണുന്നത്. വാഹനങ്ങളുടെ കാതടപ്പിക്കുന്ന ഹോണടി ശബ്ദം കേൾക്കുന്നുണ്ട്. പോലീസ് അവിടെയെത്തി പബ്ലിക് റോഡിലാണോടാ നീ കിടക്കുന്നതെന്ന് ചോദിക്കുമ്പോൾ നിന്റെ തറവാട്ടിൽ വന്ന് കിടക്കണോയെന്ന് അദ്ദേഹം തിരിച്ചുചോദിക്കുന്നുണ്ട്. അപ്പോൾ പോലീസ് ഛീ എഴുന്നേൽക്കെടായെന്ന് പറയുമ്പോൾ എന്നാൽ എന്നെ അറസ്റ്റ് ചെയ്യൂ എന്നുപറഞ്ഞു നിൽക്കുന്ന ഒരു കഥാപാത്രത്തെയാണ് നമുക്ക് അവിടെ കാണാൻ കഴിയുന്നത്. അപ്പോൾ പോലീസ് അദ്ദേഹത്തെ കഴുത്തിന് പിടിച്ച് എഴുന്നേൽപ്പിക്കുന്നു. ഈ കോപ്രായങ്ങൾ കണ്ട് സ്റ്റേഷനിലെ എസ്.ഐ.-യായ കൊച്ചിൻ ഹനീഫ ജഗതി ശ്രീകുമാറിന് തലയ്ക്ക് വട്ടാണെന്ന് കരുതി മണിയൻപിള്ള രാജുവിന്റെ പ്രകൃതി ചികിത്സാ കേന്ദ്രത്തിലേയ്ക്ക്

അയയ്ക്കുമ്പോൾ അവിടെ ജഗതി ശ്രീകുമാറിനുണ്ടായ അനുഭവമെന്താണെന്നൊക്കെ ഞാൻ വിവരിക്കുന്നില്ല. മണ്ണിന്റെ പുറത്ത് അദ്ദേഹത്തിന്റെ തലമാത്രമേയുള്ളൂ. പെലെ കഥാപാത്രം വന്ന് അത് ഫുട്ബോളാണെന്ന് കരുതി തട്ടുന്നതൊക്കെ നമുക്ക് കാണാൻ കഴിയും. അത് വളരെ രസകരമായൊരു കാര്യമാണ്. ആ സ്റ്റേഷനിൽ ഒളിപ്പിച്ചുവച്ചിരുന്ന രത്നങ്ങൾ കൈവശപ്പെടുത്താനാണ് ജഗതി ശ്രീകുമാർ മനോനില തെറ്റിയതുപോലെയുള്ള ആ പ്രവൃത്തി ചെയ്തത്. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയെ കാവിവത്കരിക്കാൻ നടത്തുന്ന ബി.ജെ.പി. സർക്കാരിന്റെ നീക്കങ്ങൾക്കെതിരെ എസ്.എഫ്.ഐ. എന്ന വിദ്യാർത്ഥി സംഘടന കേരളത്തിൽ നടത്തുന്ന പ്രതിഷേധ സമരങ്ങളെ കേരളത്തെ സ്നേഹിക്കുന്ന ആർക്കും എതിർക്കാൻ കഴിയില്ല. കാരണം കേരളത്തെ കാവിവത്കരിക്കാനുള്ള നിലപാടാണെടുക്കുന്നത്. അതിന്റെ ഭാഗമായി ചാൻസലർക്കെതിരെ എസ്.എഫ്.ഐ. നടത്തിയത് തീർത്തും സമാധാനപരമായ സമരമായിരുന്നു. എന്നാൽ ഭരണാധികാരികൾക്കെതിരെ കരിങ്കൊടി പ്രതിഷേധം നടത്താൻ കേരളത്തിൽ അവകാശമില്ല. തെരുവോരങ്ങളിൽ സമാധാനപരമായി മുദ്രാവാക്യം വിളിച്ച് കരിങ്കൊടി

പ്രദർശിപ്പിക്കുന്നവർക്കിടയിലേയ്ക്ക് എല്ലാ മര്യാദകളും, പ്രോട്ടോക്കോളും ലംഘിച്ചുകൊണ്ട് ചാൻസലർ കാറിൽനിന്നുമിറങ്ങി അവരുടെ അടുത്തേയ്ക്ക് പോകുകയാണ്. അതിനുശേഷം ആ സിനിമയിൽ ജഗതി ശ്രീകുമാർ ചെയ്തതുപോലെ അദ്ദേഹം ചാടിയിറങ്ങി ആക്രോശിക്കുകയാണ്, എന്നെ ആക്രമിക്കൂ, കല്ലെറിയൂ എന്നൊക്കെ പറഞ്ഞുകൊണ്ടുള്ള നടപടി സ്വീകരിക്കുകയാണ്. ചാൻസലറുടെ ആ നടപടികണ്ട് ആരുടെയെങ്കിലും മനസ്സിൽ ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ച ജഗതി ശ്രീകുമാറിന്റെ സിനിമാ രംഗത്തിലെ ഭാഗമാണെന്ന് തോന്നിപ്പോയാൽ ആരെയും കുറ്റം പറയാൻ കഴിയില്ല. കാരണം ജഗതി ശ്രീകുമാർ രത്നങ്ങൾ കൈവശപ്പെടുത്താനാണ് ശ്രമിച്ചതെങ്കിൽ മോദി സർക്കാരിന്റെ ഇംഗിതത്തിനനുസരിച്ച് സർവ്വകലാശാലാ ഭരണം പിടിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ചാൻസലർ ശ്രമിച്ചത്. ഈ സാമ്യം വന്നത് നമ്മുടെ ആരുടെയും കുറ്റം കൊണ്ടല്ല, രണ്ടിന്റെയും സംവിധായകരുടെ കുറ്റം മാത്രമായിരിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. കേരളത്തെ തകർക്കാൻ മോദി സർക്കാർ ഇപ്പോൾ പരിശ്രമിക്കുകയാണ്. യഥാർത്ഥത്തിൽ കേന്ദ്രം കേരളത്തെ അവഗണിക്കുക മാത്രമല്ല, പ്രതികാരത്തോടെയുമാണ് പെരുമാറുന്നത്. ജഗതി ശ്രീകുമാറിന്റെ

കഥാപാത്രത്തെ അനുസ്മരിക്കുംവിധം എത്രയെത്ര ചെയ്തികളാണ് കേരളത്തിലെ ഇടതുപക്ഷ സർക്കാരിനെതിരായി ഇവിടത്തെ പ്രതിപക്ഷവും ബി.ജെ.പി.-യും നടത്തിയതെന്ന് നമുക്ക് കാണാൻ കഴിയും. കേന്ദ്ര ഏജൻസികൾ കേരളത്തിന്റെ മണ്ണിൽ എത്ര പായ വിരിച്ചിട്ടും ഒന്നും സംഭവിച്ചിട്ടില്ല. ഈ സർക്കാർ തകരുകയോ തളരുകയോ ചെയ്തില്ല. കേരളത്തെ തകർക്കാനാകില്ലെന്നുള്ളത് നമ്മൾ കാണേണ്ടതുണ്ട്. കേന്ദ്രം പ്രതികാരത്തോടുകൂടിയാണ് പെരുമാറുന്നത്, അതിന് ഒരുപാട് ഉദാഹരണങ്ങളുണ്ടെങ്കിലും ഞാൻ അതിലേയ്ക്ക് നീങ്ങുന്നില്ല. സംസ്ഥാനത്തെ സാമ്പത്തികമായി ഞെരുക്കുകയെന്ന നിലയിലേയ്ക്കാണ് കേന്ദ്രം പോകുന്നത്. ധനകമ്മീഷന്റെ ശിപാർശകളുമായി ബന്ധപ്പെട്ട കാര്യങ്ങളുൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിച്ചാൽ നമുക്ക് അത് കാണാൻ കഴിയും. സംസ്ഥാന ഗവൺമെന്റിന് അർഹതപ്പെട്ട പണം നൽകാതെ കോടിക്കണക്കിന് രൂപയാണ് കേന്ദ്ര ഗവൺമെന്റ് പിടിച്ചുവയ്ക്കുന്നത്. കേരളത്തിന്റെ കടവുമായി ബന്ധപ്പെട്ട് മാതൃഭൂമി ദിനപത്രത്തിൽ വളരെ വിശദമായി ഒരു വാർത്ത വന്നിരുന്നു. കേരളത്തിലെ കടം 50000 കോടി രൂപയിൽ എത്തിനിൽക്കുന്നുവെന്നാണ് അതിൽ പറയുന്നത്. പക്ഷേ കേന്ദ്രം നമുക്ക്

നൽകാനുള്ളത് 57400 കോടി രൂപയാണ്. അതിൽ കേരളത്തിന്റെ കടമായ 50000 കോടി രൂപ വീട്ടിയാൽപോലും ബാക്കി 7400 കോടി രൂപകൊണ്ട് സാമ്പത്തിക ഞെരുക്കത്തിലായ കേരളത്തിന് മുന്നോട്ടുപോകാൻ കഴിയുമെന്നുള്ളത് ഭംഗ്യന്തരേണ ആ വാർത്തയിൽക്കൂടി മാതൃഭൂമി പറയുന്നുവെന്നത് നമുക്ക് കാണാൻ കഴിയും. അതുപോലുള്ള നിരവധി കാര്യങ്ങളുണ്ട്. ഇത്തരം ഘട്ടങ്ങളിൽ ഒരു മലയാളി ഉയർത്തേണ്ട ചോദ്യമെന്താണ്; കേരളത്തിന്റെ കഴുത്ത് ഞെരിക്കുന്നതാരാണ്? ഇവിടെനിന്നും 18 എം.പി.-മാർ ഡൽഹിയിൽ പോയിട്ടുണ്ട്. അവർ എന്താണ് ചെയ്യുന്നത്; അവർ കേരളത്തിനുവേണ്ടി സംസാരിക്കുന്നുണ്ടോ? ഒരു സംസാരവുമില്ലെന്നാണ് കാണാൻ കഴിയുന്നത്. സാമ്പത്തികമായി വളരെ ഞെരുക്കത്തിലാണ് സംസ്ഥാന സർക്കാർ. സംസ്ഥാന സർക്കാരിനെ വീണ്ടും ഞെരുക്കാനാവശ്യമായ രൂപത്തിൽ കേന്ദ്ര ഗവൺമെന്റ് കഴുത്തിന് പിടിക്കുമ്പോൾ ഒരക്ഷരം ഉരിയാടാൻ ഇവിടെ യു.ഡി.എഫ്. ശ്രമിക്കുന്നുണ്ടോ? നരേന്ദ്ര മോദി സർക്കാരിനെതിരെ പറയാൻ എൽ.ഡി.എഫ്.-ന് ഒരക്ഷരവുമില്ലെന്ന് ബഹുമാനപ്പെട്ട ചെന്നിത്തല സംസാരിച്ചപ്പോൾ ഇവിടെ പറയുകയുണ്ടായി. ഏഴ് വർഷമായി ശ്രീ. നരേന്ദ്ര

മോദിക്കെതിരെ സംസാരിച്ചത് ശ്രീ. രമേശ് ചെന്നിത്തലയും കൂട്ടരുമാണെന്ന് തോന്നുന്ന വിധത്തിലാണ് അദ്ദേഹം അത് പറഞ്ഞത്. ഏഴ് വർഷത്തിനിടയ്ക്ക് എത്രയെത്ര സമരങ്ങൾ കേരളത്തിൽ നടന്നിട്ടുണ്ട്; ഏറ്റവും അവസാനം ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ വിരുന്നിനുപോയത് സംബന്ധിച്ച വിഷയമുണ്ടായി. അതിൽ ഒരു കുഴപ്പവുമില്ലെന്ന് പറഞ്ഞു. അത് ആദ്യം സ്വന്തം അനുയായികളെയല്ലേ ബോധ്യപ്പെടുത്തേണ്ടത്; എന്നിട്ടല്ലേ ഞങ്ങളോട് പറയേണ്ടത്? എന്നെ വിളിച്ചാൽ ഞാനും പോകുമെന്ന് പറഞ്ഞ ശ്രീ. കെ. മുരളീധരൻ നമ്മുടെ മുമ്പിലുണ്ട്. 'ശ്രീ. എൻ. കെ. പ്രേമചന്ദ്രന് അഭിമാനവും അനുഭൂതിയുമുണ്ടാകാം, എന്നാൽ അദ്ദേഹത്തിന്റെ അനുഭൂതിക്കല്ല കോൺഗ്രസ്സ് വോട്ട് ചെയ്തത്'. ഇത് പറഞ്ഞത് ഞങ്ങളാണോ; അല്ല, ഐ.എൻ.ടി.യു.സി. സംസ്ഥാന പ്രസിഡന്റ് ശ്രീ. ആർ. ചന്ദ്രശേഖരൻ പറഞ്ഞ കാര്യമാണിത്. ഈ പറഞ്ഞത് തെറ്റാണെന്നുള്ള കാര്യം ആദ്യം അദ്ദേഹത്തെ ബോധ്യപ്പെടുത്തുക. വിളിച്ചാൽ ഞാനും പോകുമെന്ന് പറയുന്ന ആൾക്കാരാണുള്ളത്. ശ്രീ. നരേന്ദ്ര മോദിയുടെ വിളികേൾക്കാൻ ഇപ്പോൾ കോൺഗ്രസ്സുകാർ പലരും കാത്തിരിപ്പാണ്. നേരത്തെ ശ്രീ. ടി. ഐ. മധുസൂദനൻ ഒരു കണക്ക് പറഞ്ഞിരുന്നു. ബി.ജെ.പി.-യിലേയ്ക്കുപോയ

നാന്നൂറ്റി ചില്വാനം കോൺഗ്രസ്സുകാരിൽ മന്ത്രിമാരും മുഖ്യമന്ത്രിമാരും കെ.പി.സി.സി. പ്രസിഡന്റുമാരും എ.ഐ.സി.സി. നേതാക്കന്മാരുമൊക്കെയുണ്ട്. ചോട്ടാ നേതാക്കന്മാരല്ല, വമ്പൻ നേതാക്കന്മാരാണ് ശ്രീ. നരേന്ദ്ര മോദിയുടെ വിളി കേട്ടുകൊണ്ട് ഇന്ന് അദ്ദേഹത്തിന്റെ കൂടെയുള്ളത്. ഏറ്റവും അവസാനമായി ഒരു വിളികേൾക്കാൻ കാത്തിരിക്കുകയാണ് ശ്രീ. കമൽ നാഥ്. ആ വിളി കേൾക്കാൻ കാത്തിരിക്കുന്നതിനിടയിൽ ഇനിയും വലിയ സംഭവങ്ങളുണ്ടാകാം. അങ്ങനെ ശ്രീ. നരേന്ദ്ര മോദിയുടെ വിളികേൾക്കാൻ കാതോർത്തിരിക്കുന്ന കോൺഗ്രസ്സുകാർ ആരൊക്കെയാണെന്നുള്ളത് അടുത്ത ലോക്സഭാ തെരഞ്ഞെടുപ്പ് കഴിയുമ്പോൾ നമുക്ക് കൃത്യമായി കാണാൻ കഴിയും. ഇവിടെ ആരൊക്കെയുണ്ടാകുമെന്ന് പറയാൻ കഴിയില്ല. അതുസംബന്ധിച്ച് പല വാർത്തകളും വന്നുകൊണ്ടിരിക്കുന്നുണ്ട്. 'ആർ.എസ്.എസ്.-കാർക്ക് സ്വതന്ത്രമായി ശാഖ നടത്താനാവശ്യമായ സൗകര്യങ്ങൾ ഒരുക്കികൊടുത്ത ആളാണ് ഞാൻ' എന്ന് കെ.പി.സി.സി. പ്രസിഡന്റ് പറഞ്ഞല്ലോ; ആർ.എസ്.എസ്.-ന്റെ ശാഖയ്ക്ക് കാവൽ നിൽക്കുന്ന കെ.പി.സി.സി. പ്രസിഡന്റിനെതിരെ ഒരക്ഷരം പറയാൻ കെ.പി.സി.സി. പ്രസിഡന്റിന്

താഴെയുള്ള പ്രതിപക്ഷനേതാവിന് കഴിഞ്ഞില്ല. അദ്ദേഹം കെ.പി.സി.സി. പ്രസിഡന്റിന് താഴെയാണോയെന്ന് എനിക്ക് അറിയില്ല. അതാണ് കോൺഗ്രസ്സിന്റെ അവസ്ഥ. തകർന്ന തറവാട് ഭരണമാണ് എൽ.ഡി.എഫ്.-ന്റേതെന്ന് ഇവിടെ ബഹുമാനപ്പെട്ട മഞ്ഞളാംകുഴി അലി പറഞ്ഞു. ആ മഞ്ഞളാംകുഴി അലിയുടെ നിയോജകമണ്ഡലത്തിലടക്കം 5 കോടി രൂപയുടെ വിദ്യാഭ്യാസ സ്ഥാപനം തലയുയർത്തി നിൽക്കുന്നില്ലേ; ദേശീയപാത കടന്നുപോകുന്നില്ലേ; റോഡുകൾ ടാർ ചെയ്തിട്ടില്ലേ; ആശുപത്രികൾ ഉയർന്ന് നിൽക്കുന്നില്ലേ; ഇതൊക്കെ തകർന്നതാണോ? എൽ.ഡി.എഫ്. ഭരണത്തിനുമുൻപ് തകർന്ന് തരിപ്പണമായ, ഭാർഗ്ഗവീനിലയംപോലെ കിടന്ന, ലാഭകരമല്ലാത്തതിനാൽ അടച്ചുപൂട്ടിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആ നിലയിലുള്ള ആരോഗ്യസ്ഥാപനങ്ങൾ ഇവയൊക്കെ ഇന്നുകാണുന്ന അവസ്ഥയിലേയ്ക്ക് കൊണ്ടെത്തിച്ചത് ഈ തകർന്ന തറവാടുഭരണം തന്നെയാണെന്നകാര്യം നല്ലതുപോലെ മനസ്സിലാക്കിക്കൊണ്ട് സംസാരിക്കുന്നതാണ് ഉചിതമായ കാര്യമെന്ന് സൂചിപ്പിച്ചുകൊണ്ടും 2024-2025-ലെ ഈ ബഡ്ജറ്റിനെ പൂർണ്ണമായും പിന്തുണച്ചുകൊണ്ടും ഞാൻ നിർത്തുന്നു.

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, ഈ ബഡ്ജറ്റിന്റെ പ്രൊപ്പോസലുകളെ ഞാൻ എതിർക്കുകയാണ്. സൂര്യോദയ ബഡ്ജറ്റ് എന്നൊക്കെ പറഞ്ഞെങ്കിലും കേരളത്തിന്റെ ഇന്നത്തെ പ്രതിസന്ധി അല്ലെങ്കിൽ ഇന്ന് നേരിടുന്ന പ്രതിസന്ധി തരണം ചെയ്യാനോ അതിജീവിക്കാനോ കഴിയുന്ന ക്രിയാത്മകമായ പ്രൊപ്പോസലുകൾ ഈ ബഡ്ജറ്റിലില്ലായെന്ന് നമുക്ക് കാണാൻ കഴിയും. ഈ ബഡ്ജറ്റ് അവതരിപ്പിച്ചതിനുശേഷം ട്രഷറി ബഞ്ചുകളിൽ നിന്നുതന്നെ വിവാദമായ പല പ്രതികരണങ്ങളുമുണ്ടായി. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് നമ്മൾ കണ്ടത്, വിദേശ സർവ്വകലാശാലകളെ കേരളത്തിലേയ്ക്ക് ക്ഷണിക്കുന്നതിനെ സംബന്ധിച്ച് നയപരമായ തീരുമാനമില്ലായെന്ന് ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞതാണ്. കഴിഞ്ഞ ദിവസങ്ങളിൽ സോഷ്യൽ മീഡിയയിൽ വളരെ വൈറലായ ഒരു ഫോട്ടോയുണ്ടായിരുന്നു. അത് ഒരു ബിരുദദാന ചടങ്ങിൽ പങ്കെടുക്കുന്നത് അല്ലെങ്കിൽ അതിനുശേഷം എടുത്ത ഫോട്ടോയാണ്. നിങ്ങൾക്ക് അത് കിട്ടിക്കാണുമെന്ന് ഞാൻ കരുതുന്നു. സി.പി.ഐ.(എം) എറണാകുളം ജില്ലാ സെക്രട്ടറി അദ്ദേഹത്തിന്റെ മകളുടെ

ബിരുദദാന ചടങ്ങിന്റെ, കോൺവൊക്കേഷൻ സെറിമണി കഴിഞ്ഞതിനുശേഷം കുടുംബസമേതം ഇംഗ്ലണ്ടിൽ വച്ച് എടുത്ത ഫോട്ടോയാണത്. ഞാൻ കെ.എസ്.യു.-വിൽ ആയിരുന്ന സമയത്ത്, ഇന്നത്തെ ബഹുമാനപ്പെട്ട സ്പീക്കർ ഉൾപ്പെടെയുള്ളവർ നടത്തിയിട്ടുള്ള എസ്.എഫ്.ഐ.-യുടെ സമരപോരാട്ടങ്ങളും ആ സമയത്ത് വിദ്യാഭ്യാസ മേഖലയെ സ്വകാര്യവൽക്കരിക്കുന്നതിനെതിരെയൊക്കെ നടത്തിയ പോരാട്ടങ്ങളും ഞാൻ ഓർത്തുപോകുകയാണ്. ഒരു തലമുറയെ മുഴുവൻ ജയിലിലിലയച്ച് വലിയ സംഘർഷഭരിതമായ സമരങ്ങളുണ്ടാക്കി കലാലയങ്ങൾ അടച്ച്, വിദ്യാഭ്യാസം മുടക്കി, സമരമെല്ലാം ചെയ്തിട്ട് ഒടുവിൽ യോർക്ക് യൂണിവേഴ്സിറ്റിയിൽനിന്നും മകളുടെ ബിരുദം വാങ്ങി നിൽക്കുമ്പോൾ കോട്ടും സ്യൂട്ടുമിട്ട് തൊട്ടടുത്ത് അഭിമാനത്തോടുകൂടി നിൽക്കുന്ന സി.പി.ഐ.(എം) ജില്ലാ സെക്രട്ടറിയെ നമുക്ക് കാണാൻ കഴിയും. വളരെ നല്ല കാര്യമാണ്, ഞാൻ അത് നിഷേധിക്കുന്നില്ല. മക്കളെ നല്ലനിലയിൽ പഠിപ്പിക്കണം, മെച്ചപ്പെട്ട യൂണിവേഴ്സിറ്റിയിലും കോളേജുകളിലും അയയ്ക്കേണ്ടതുതന്നെയാണ്, പക്ഷേ ഏതാനും ദിസങ്ങൾക്കുമുമ്പ് അദ്ദേഹം ഒരു പത്രസമ്മേളനം വിളിച്ചുകൂട്ടി എനിക്കെതിരെ ചില ആരോപണങ്ങൾ

ഉന്നയിച്ചിരുന്നു. എന്റെ വരുമാനത്തിന്റെ ഉറവിടം അന്വേഷിക്കണമെന്നും വരുമാനത്തിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ചിട്ടുണ്ടോയെന്നും ക്രമവിരുദ്ധമായി എന്തെങ്കിലും ചെയ്തിട്ടുണ്ടോയെന്നും അന്വേഷിക്കണമെന്ന് അദ്ദേഹം പറഞ്ഞിരുന്നു. നിങ്ങളുടെ നേതാക്കന്മാരുടെ ഇന്നത്തെ അവസ്ഥയെ സംബന്ധിച്ച് സി.പി.ഐ.(എം) അന്വേഷിക്കണമെന്ന് ഞാൻ പറഞ്ഞിരുന്നു. ഞങ്ങൾ ചെലവഴിക്കുന്ന ഓരോ രൂപയ്ക്കും പാർട്ടിക്ക് കണക്കുണ്ടെന്നും പാർട്ടി പരിശോധിച്ചാണ് ഞങ്ങൾ എല്ലാകാര്യങ്ങളും ചെയ്യുന്നതെന്നുമാണ് അപ്പോൾ മറുപടിയായി അദ്ദേഹം പറഞ്ഞത്. സ്വാഭാവികമായും മകളുടെ വിദ്യാഭ്യാസത്തിന്റെ കാര്യവും സി.പി.ഐ.(എം) പരിശോധിച്ചിട്ടുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്, നിങ്ങളെല്ലാവരും അംഗീകരിച്ച് കൈയടിച്ച് നിൽക്കുന്നത് അതുകൊണ്ടാണല്ലോ. സി.പി.ഐ.(എം) ജില്ലാ സെക്രട്ടറിയുടെ മകൾക്ക് യോർക്ക് യൂണിവേഴ്സിറ്റിയിൽ ഉന്നത പഠനം നടത്തി തിരിച്ചുപോരാൻ സാധിച്ചു, ആ ഫേസ്ബുക്ക് പോസ്റ്റിന്റെ അടിയിൽ പല ഫേസ്ബുക്ക് കുറിപ്പുകളും നാട്ടിലുള്ളവർ എഴുതുന്നത് ഞാൻ കണ്ടിരുന്നു. കഴിഞ്ഞകാലങ്ങളിൽ എന്ത് തൊഴിൽ ചെയ്തിട്ടാണ് ഇത്രയും പണം സമ്പാദിച്ചതെന്നൊക്കെ അതിലുണ്ടായിരുന്നു, ഞാൻ ആ ചോദ്യം

ഉന്നയിക്കാൻ ആഗ്രഹിക്കുന്നില്ല. പക്ഷേ നിങ്ങൾക്ക് ചോദിക്കാൻ സാധിക്കും. ജില്ലാ സെക്രട്ടറിയുടെ ആ കസേരയിൽ മുമ്പ് ഇരുന്ന ഒരു മനുഷ്യനുണ്ടായിരുന്നു, ഞാനടക്കമുള്ള കോൺഗ്രസ് നേതാക്കന്മാർക്കുപോലും ബഹുമാനം തോന്നിയ ഒരു വ്യക്തിയായിരുന്നു ആ കസേരയിൽ അന്ന് ഇരുന്നത്. മെലിഞ്ഞ് ഒട്ടിയ ശരീരം, കുഴിഞ്ഞ കണ്ണുകൾ, വളരെ പ്രായംചെന്ന പരിണതപ്രജ്ഞനായിരുന്ന ഒരാൾ ആ പാർട്ടി ഓഫീസിന്റെ ബെഞ്ചിൽ കിടന്നുറങ്ങിയിരുന്നു. പാർട്ടി അധികാരത്തിലിരിക്കുമ്പോഴും അല്ലാത്തപ്പോഴും അദ്ദേഹം വളരെ പവർഫുൾ ആയിരുന്നു, ആളുകൾക്ക് വളരെയധികം ബഹുമാന്യനുമായിരുന്നു. എ. പി. വർക്കി എന്നാണ് അദ്ദേഹത്തിന്റെ പേര്. നമ്മളെല്ലാവരും കണ്ടിട്ടുള്ളതുപോലെ രണ്ട് കൈയിലും ഒന്നുമില്ലാതെ വീട്ടിലേയ്ക്ക് രാഷ്ട്രീയപ്രവർത്തനത്തിനുശേഷം മടങ്ങിപ്പോയ ഒരാളായാണ് ഞങ്ങൾ അദ്ദേഹത്തെ മനസ്സിലാക്കിയിട്ടുള്ളത്. ഇന്നത്തെ സി.പി.ഐ.(എം) എന്ന് പറയുന്നതിലെ വ്യത്യാസം എ. പി. വർക്കിയിൽനിന്നും ശ്രീ. സി. എൻ. മോഹനനിലേയ്ക്കുള്ള മാറ്റമാണ്. ഞാൻ ഇന്ന് അങ്ങയോട് ഒരു കാര്യം സഭയിൽ ഉന്നയിക്കാൻ അനുമതി ചോദിച്ചിരുന്നു. ഇന്നത്തെ സി.പി.ഐ.(എം)-ൽ നടക്കുന്ന കാര്യങ്ങളുടെ, ഒരു

അഴിമതിയുമായി ബന്ധപ്പെട്ട വിഷയം സഭയുടെ ശ്രദ്ധയിൽകൊണ്ടുവരാനുള്ള അനുമതി ഞാൻ അങ്ങയോട് ചോദിച്ചിരുന്നു, ഞാൻ ആ വിഷയം അവതരിപ്പിക്കാമെന്ന് കരുതുകയാണ്.

മി. സ്പീക്കർ: അക്കാര്യം ചെയർ നിഷേധിച്ചിരിക്കുകയാണ്, പ്രസ്തുത വിഷയം സഭയിൽ ഉന്നയിക്കാൻ അനുമതി നൽകില്ലെന്ന് പറഞ്ഞിട്ടുണ്ട്.

ഡോ. മാത്യു കുഴൽനാടൻ: സർ, അത് നിഷേധിച്ചത് എന്തുകൊണ്ടാണ്?

മി. സ്പീക്കർ: ആരോപണങ്ങൾക്ക് അടിസ്ഥാനമായ രേഖകൾ ഹാജരാക്കണമെന്ന് ചെയർ വളരെ വ്യക്തമായി പറഞ്ഞിരുന്നു, അംഗം ഹാജരാക്കിയ രേഖകളിൽ ചെയർ തൃപ്തനല്ല, അതുകൊണ്ട് സഭയിൽ ഉന്നയിക്കുന്നതിന് അനുവാദം നൽകാൻ സാധിക്കില്ല, Sorry, Dr. Mathew Kuzhalnadan, I can't allow to raise this allegation in this floor. പ്രസംഗം തുടരണമെങ്കിൽ തുടർന്നോളൂ. (....ബഹളം.......)

ശ്രീ. രമേശ് ചെന്നിത്തല: സർ, നിയമസഭാ ചട്ടങ്ങളിൽ ഇതുസംബന്ധിച്ച് വ്യക്തമായി സൂചിപ്പിച്ചിട്ടുണ്ട്. ഏതൊരു അംഗത്തിനും ഈ നിയമസഭയിൽ ആർക്കെതിരെയും അഴിമതി ആരോപണങ്ങളടക്കം

ഏതെങ്കിലും ആരോപണങ്ങൾ മുൻകൂട്ടി ചെയറിന് എഴുതിക്കൊടുത്താൽ ഉന്നയിക്കാൻ അധികാരമുണ്ട്, അവകാശമുണ്ട്, അത് കീഴ്‌വഴക്കമാണ്... അങ്ങ് ആ കീഴ്‌വഴക്കത്തെ....

മി. സ്പീക്കർ: യെസ്.... യെസ്...

ശ്രീ. രമേശ് ചെന്നിത്തല: സർ, ഒരു മിനിട്ടുകൂടി, ഞാൻ പൂർത്തിയാക്കട്ടേ.

മി. സ്പീക്കർ: നിയമസഭയുടെ നടപടിക്രമങ്ങളും ചട്ടങ്ങളും അങ്ങയെപ്പോലെ ഒരു മുതിർന്ന അംഗം .... പ്ലീസ്... ആ ഭാഗം ഞാൻ വായിക്കാം. അതിനുശേഷം ബഹുമാനപ്പെട്ട അംഗത്തിന് സമയം അനുവദിക്കാം. പ്ലീസ്.... പ്ലീസ്... ഇരിക്കൂ.

റൂൾ 285 - ഒരാൾക്കെതിരെയുള്ള ആരോപണം സംബന്ധിച്ച നടപടിക്രമം എന്നതിലെ രണ്ടാമത്തെ ഖണ്ഡികയിൽ, "അങ്ങനെയുള്ള ആരോപണം സഭയുടെ അന്തസ്സിന് ഹാനികരമാണെന്നോ അങ്ങനെയുള്ള ആരോപണം കൊണ്ടുവരുന്നതുകൊണ്ട് യാതൊരു പൊതുതാൽപ്പര്യവും നിറവേറ്റുന്നതല്ലെന്നോ സ്പീക്കർക്ക് അഭിപ്രായമുണ്ടെങ്കിൽ അങ്ങനെ ഏതെങ്കിലും ആരോപണം കൊണ്ടുവരുന്നതിൽ നിന്നും ഏതൊരംഗത്തെയും

ഏതു സമയത്തും സ്പീക്കർക്ക് തടയാവുന്നതാണ്," എന്ന് പറയുന്നുണ്ട്. അദ്ദേഹം എഴുതിത്തന്ന ഭാഗങ്ങളിലൊന്നും അത്തരം ഒരു രേഖയില്ല. ഒരു ഫോട്ടോസ്റ്റാറ്റ് കടലാസ് കൊണ്ടുവന്ന് ഈ സഭയുടെ വിശുദ്ധി കളയാൻ ചെയർ തയ്യാറല്ല. പ്രസംഗം തുടരണമെങ്കിൽ തുടർന്നോളൂ.

(ഡോ. മാത്യു കുഴൽനാടന് ആരോപണം ഉന്നയിക്കാൻ അനുവാദം നൽകാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സീറ്റിൽനിന്നും എഴുന്നേറ്റ് ഡയസിന് മുന്നിൽവന്ന് ബഹളംവച്ചുകൊണ്ടിരുന്നു.)

<u>ശ്രീമതി ശാന്തകുമാരി കെ.</u>: സർ, ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ പിന്തുണയ്ക്കുന്നു. പ്രതിപക്ഷം സ്ഥിരമായി നിയമസഭാ വേദിയെ ഒരു കളിക്കളമാക്കി മാറ്റുകയാണ്. ഡോ. മാത്യു കുഴൽനാടൻ മുന്നോട്ടുവച്ച അഴിമതിയാരോപണം യാതൊരു കാരണവശാലും അംഗീകരിക്കാൻ കഴിയാത്തതാണ്. നിലവിലുള്ള നിയമമനുസരിച്ച് ബഹുമാനപ്പെട്ട സ്പീക്കർക്ക് എഴുതിക്കൊടുത്താലും അംഗീകരിക്കാൻ സാധ്യമായതേ അംഗീകരിക്കുവെന്ന് വ്യക്തമാക്കിയ പശ്ചാത്തലത്തിൽ കോൺഗ്രസ് കാണിക്കുന്ന ഈ നാടകം തികച്ചും മാധ്യമശ്രദ്ധ പിടിച്ചുപറ്റുന്നതിനുവേണ്ടിയുള്ളതാണ്. കോൺഗ്രസ്സിനുവേണ്ടി വാദങ്ങൾ ഉന്നയിക്കാൻ ചുമതലപ്പെടുത്തിയ വ്യക്തി

മാത്രമായി ഡോ. മാത്യു കുഴൽനാടൻ അധഃപതിക്കുന്ന സ്ഥിതിവിശേഷം പലപ്പോഴും നാം കണ്ടിട്ടുണ്ട്, ഇപ്പോഴും ആവർത്തിക്കുന്നത് അതുതന്നെയാണ്. ഇടതുപക്ഷ എം.എൽ.എ.-മാരും മുഖ്യമന്ത്രി ഉൾപ്പെടെ എല്ലാ മന്ത്രിമാരും  ഡൽഹിയിൽ സമരവുമായി മുന്നിട്ടിറങ്ങിയപ്പോൾ കോൺഗ്രസിന്റെ സമരവീര്യം  കണ്ടില്ലല്ലോ; കോൺഗ്രസിന്റെ സമരവീര്യം അപ്പോൾ എവിടെയായിരുന്നു? ഇന്ത്യാ രാജ്യത്തിന്റെ ഫെഡറൽ സംവിധാനങ്ങളെ അട്ടിമറിക്കുന്ന കേന്ദ്രഗവൺമെന്റിന്റെ തെറ്റായ സാമ്പത്തിക നയത്തിനെതിരെ പ്രതികരിക്കുന്നതിനായി ദില്ലിയിലെ അതിശൈത്യത്തെപ്പോലും വെല്ലുവിളിച്ച്, അറബിക്കടലിൽ ആർത്തിരമ്പുന്ന തിരമാല കണക്കേ കേരളത്തിന്റെ മന്ത്രിസഭയൊട്ടാകെയും ഭരണപക്ഷ ജനപ്രതിനിധികളും അതിശക്തമായ സമരമുഖം തീർത്ത അനുഭവം നമ്മുടെ മുമ്പിലുണ്ടായി. ആ ഘട്ടത്തിൽ കോൺഗ്രസ് എവിടെയായിരുന്നു?, നിങ്ങൾ മറുപടി പറയേണ്ടതുണ്ട്. കോൺഗ്രസിന് കേരളത്തിൽ 18 എം.പി.-മാരുണ്ട്. ഇന്ത്യയിലെ നീറുന്ന നിരവധി പ്രശ്നങ്ങൾ ഉന്നയിക്കപ്പെടുന്ന അവസരങ്ങളിൽ മറുപടി പറയാൻ ഇവർ തയ്യാറായില്ല. നമ്മുടെ രാജ്യത്തിന്റെ ഭരണഘടനാ തത്വങ്ങളെ ലംഘിച്ചുകൊണ്ട് 2019-ൽ ഇന്ത്യൻ പാർലമെന്റ്

പാസാക്കിയിട്ടുള്ള പൗരത്വ ഭേദഗതി നിയമം അവതരിപ്പിച്ചപ്പോഴും അതിന്റെ പേരിൽ തലസ്ഥാനം ആളിക്കത്തിയപ്പോഴും കോൺഗ്രസ് എവിടെയായിരുന്നു? രാജ്യത്തെ എല്ലാ പൗരന്മാർക്കും കിട്ടേണ്ട തുല്യാവകാശം വിഭാവനം ചെയ്തിരിക്കുന്ന ഭരണഘടന നിലവിലുള്ളപ്പോൾ ഒരു പ്രത്യേക മതവിഭാഗത്തിൽപ്പെടുന്ന ജനങ്ങൾക്ക് ഇന്ത്യയിൽ പൗരത്വമില്ലാതാക്കുന്ന, പൗരത്വം റദ്ദാക്കുന്ന നടപടികളുടെ ഭാഗമായി പൗരത്വഭേദഗതി നിയമം കേന്ദ്രം അവതരിപ്പിച്ചപ്പോൾ കോൺഗ്രസ് എവിടെയായിരുന്നു? അതിന്റെ പേരിൽ തലസ്ഥാനം ആളിക്കത്തിയപ്പോഴും കോൺഗ്രസുകാർ തിരിഞ്ഞു നോക്കിയില്ല, അവരുടെ അഖിലേന്ത്യാ നേതാവ് ഉൾപ്പെടെയുള്ള ആളുകൾ എന്തുചെയ്യുകയായിരുന്നു? ഇടതുപക്ഷ നേതാക്കന്മാരെ കരുതൽ തടങ്കലിൽ പാർപ്പിച്ചു, അതിനെതിരെ പോരാട്ടം നടത്താൻ സി.പി.ഐ.(എം) ഉൾപ്പെടെയുള്ള ഇടതുപക്ഷ നേതാക്കന്മാർ തയ്യാറായപ്പോൾ കേരളത്തിൽനിന്നുള്ള കോൺഗ്രസ് എം.പി.-മാർ ഉൾപ്പെടെയുള്ളവർ മിണ്ടിയില്ല, ഇതാണ് നമ്മുടെ മുമ്പിലുള്ള ചരിത്രം. കേരളത്തിന്റെ സമഗ്രമായ വികസനത്തിനുതകുന്ന കെ-റെയിൽ - സിൽവർലൈൻ പദ്ധതി ഇവിടെ കൊണ്ടുവരാൻ ഇടതുപക്ഷം ശ്രമിച്ചപ്പോൾ

പാർലമെന്റിലെ കോൺഗ്രസ് എം.പി.-മാർ എവിടെയായിരുന്നു? നമുക്ക് ലഭ്യമാകേണ്ട അവകാശത്തെ നിഷേധിക്കുന്ന നിലപാടാണ് ഇവർ സ്വീകരിക്കുന്നത്. തെരഞ്ഞെടുപ്പിലൂടെ ജനങ്ങളുടെ വിശ്വാസം നേടിയെന്ന് അവകാശപ്പെടുന്ന ഈ ജനപ്രതിനിധികൾ ഒരു നയാപൈസപോലും കേരളത്തിന് കൊടുക്കരുതെന്ന മനോഭാവം കാണിച്ചുകൊണ്ട് വികസന മുടക്കികളായി മാറുന്നതാണ് നാം കണ്ടത്. 2019-ലും 2020-ലും (....ബഹളം.....)

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഡോ. മാത്യു കുഴൽനാടന് സംസാരിക്കാൻ മൂന്ന് മിനിറ്റ് സമയംകൂടി അവശേഷിക്കുന്നുണ്ടായിരുന്നു. എന്നിട്ടും അങ്ങ് മൈക്ക് നിഷേധിച്ചതിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് ചെയ്യുന്നു.

(ഡോ. മാത്യു കുഴൽനാടന് ആരോപണം ഉന്നയിക്കാൻ അനുവാദം നൽകാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സഭ വിട്ട് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരികെ സഭയിൽ ഹാജരാകുകയും ചെയ്തു.)

ശ്രീമതി ശാന്തകുമാരി കെ.: സർ, ഈയൊരു പ്രത്യേക

സാഹചര്യത്തിൽ, I would like to read the Preamble of the Indian Constitution,

" WE, THE PEOPLE OF INDIA having solemnly resolved to constitute India into a SOVEREIGN SOCIALIST SECULAR DEMOCRATIC REPUBLIC and to secure to all its citizens:

JUSTICE, social, economic and political;

LIBERTY of thought, expression, belief, faith and worship;

EQUALITY of status and of opportunity; and to promote among them all

FRATERNITY assuring the dignity of the individual and the unity and integrity of the Nation;"

ഇങ്ങനെ വളരെ വ്യക്തമായി ഭരണഘടനയുടെ ആമുഖത്തിൽ പറയുന്നുണ്ട്. ഇന്ത്യൻ ഭരണഘടന നിലവിൽ വന്ന് 72 സംവത്സരങ്ങൾ കഴിയുന്ന ഈ വേളയിൽ ഇന്ത്യാ രാജ്യം അപ്ഹോൾഡ് ചെയ്യേണ്ട ഏറ്റവും പ്രധാനപ്പെട്ട രാഷ്ട്രീയ-സാമൂഹ്യ അന്തരീക്ഷത്തിലൂടെ കടന്നുപോവുകയാണ്. ഈയവസരത്തിൽ കേരളത്തിലെ കോൺഗ്രസ് പാർട്ടി ഇതൊന്നും

കണ്ടില്ലെന്ന് നടിക്കുകയാണ്. ഇന്ത്യാ രാജ്യം ഭരിക്കുന്ന കേന്ദ്ര ഗവൺമെന്റ്-ആർ.എസ്.എസ്.-സംഘ്പരിവാർ ശക്തികൾ ഇന്ന് ഈ രാജ്യത്ത് സ്വീകരിക്കുന്ന നയങ്ങൾ ഗൗരവമായി പരിശോധിക്കേണ്ടതാണ്. കേരളം എപ്പോഴും മുന്നോട്ടുവച്ചിട്ടുള്ള സാമ്പത്തികനയങ്ങൾക്കെതിരെ ഉപരോധം തീർക്കുന്നതോടൊപ്പംതന്നെ ബഹുമാനപ്പെട്ട ചെയറും ഞാനും നിങ്ങളും ഈ രാജ്യത്തെ ഓരോ പൗരന്മാരും കൊടുക്കുന്ന നികുതി പണമുപയോഗിച്ച് കെട്ടിപ്പടുത്ത പൊതുമേഖലാ സ്ഥാപനങ്ങളെയാകെ സ്വകാര്യവൽകരിക്കുകയും കുത്തകകോർപ്പറേറ്റ് മുതലാളിമാർക്ക് അടിയറവയ്ക്കുകയും ചെയ്യുന്ന നയമാണ് ഇന്ന് കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്നത്. ഇന്ത്യാ രാജ്യത്തെ ഗ്രാമീണ മേഖലയിലെ ഓരോ മനുഷ്യന്റെയും ശരീരത്തിലെ രക്തധമനികളെപ്പോലെ സുപരിചിതമായ എൽ.ഐ.സി.-യെ വിറ്റുകഴിഞ്ഞിരിക്കുകയാണ്. ഇത്തരത്തിൽ നിരവധി പൊതുമേഖലാ സ്ഥാപനങ്ങളെ ചൂണ്ടിക്കാണിക്കാൻ സാധിക്കും. ബി.എസ്.എൻ.എൽ. വിറ്റുകഴിഞ്ഞു. ഡിഫെൻസ് ആകെത്തന്നെ സ്വകാര്യവൽക്കരിക്കപ്പെടുന്നു. ഇന്ത്യയിലെ തുറമുഖങ്ങൾ, അന്താരാഷ്ട്ര വിമാനത്താവളങ്ങൾ ഇവയെല്ലാം സ്വകാര്യവൽക്കരണത്തിന്റെ

പാതയിലേയ്ക്ക് നീങ്ങുന്നുവെന്നല്ല, പൂർണ്ണമായും വിറ്റുതുലച്ചിരിക്കുകയാണ്. രാജ്യത്തെ ഏറ്റവും വലിയ തൊഴിൽദാതാവായ ഇന്ത്യൻ റെയിൽവേയെ സ്വകാര്യവൽക്കരിച്ച് കഴിഞ്ഞിരിക്കുകയാണ്. ഇന്ത്യൻ ഭരണഘടനയുടെ preamble-ൽ പറയുന്ന സോഷ്യൽ ജസ്റ്റിസ് എവിടെയാണ് ഈ രാജ്യത്തെ ഭരണാധികാരികളാൽ അഷ്വർ ചെയ്യപ്പെടുന്നത്? ജാതി-മത-വർണ്ണ-വർഗ്ഗ വ്യത്യാസമെന്യേ ഇന്ത്യയുടെ എല്ലാ മതവിഭാഗങ്ങളും ഉയർത്തിപ്പിടിക്കുന്ന നാനാത്വത്തിൽ ഏകത്വം എന്ന ആശയത്തിന്റെ ഭാഗമായി പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗത്തിന് കിട്ടേണ്ട സാമൂഹ്യനീതി ഇതിന്റെ ഭാഗമായി അട്ടിമറിക്കപ്പെടുന്നു. ഈ രാജ്യത്തെ സാധാരണക്കാർക്കും പട്ടികജാതി/പട്ടികവർഗ്ഗ/പിന്നോക്കക്ഷേമ ജനവിഭാഗങ്ങൾ ഉൾപ്പെടെയുള്ളവർക്ക് സാമൂഹ്യനീതി ഉറപ്പുവരുത്താൻ സ്വീകരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട മാർഗ്ഗമാണ് റിസർവേഷൻ. എന്നാൽ ആ റിസർവേഷൻ സമ്പ്രദായം അട്ടിമറിക്കപ്പെടുകയാണ്. രാജ്യത്തിന്റെ ഉന്നതവിദ്യാഭ്യാസ മേഖലയാകെ കാവിവൽക്കരണത്തിന്റെ പാതയിലേയ്ക്ക് നീങ്ങുന്നു. സംഘ്പരിവാർ ഗവൺമെന്റിന്റെ നയങ്ങൾക്കെതിരെയുള്ള അതി ശക്തമായ പ്രതിഷേധം കേരളത്തിലുൾപ്പെടെ നടന്നുകൊണ്ടിരിക്കുകയാണ്.

ഈ രാജ്യത്ത് 48 സെൻട്രൽ യൂണിവേഴ്സിറ്റികളുണ്ട്. എന്നാൽ ഉന്നതപഠനാർത്ഥം സ്കോളേഴ്സായും ഡോക്ടറൽ റിസർച്ചേഴ്സകളായും സാധാരണക്കാരെ ഇത്തരം യൂണിവേഴ്സിറ്റികളിൽ പ്രവേശിപ്പിക്കാൻ പോലും അവർ തയ്യാറാകുന്നില്ല. യു.ജി.സി.യുടെ മാനദണ്ഡങ്ങളെ സംബന്ധിച്ച വാർത്തകളാണ് ഏറ്റവും അവസാനമായി പുറത്തുവന്നത്. ഇക്കാര്യങ്ങളിലൊക്കെ എവിടെയാണ് സാമൂഹ്യനീതി സംരക്ഷിക്കപ്പെടുന്നത്? യൂണിവേഴ്സിറ്റി നിയമനങ്ങളുടെയും അവിടത്തെ വിവിധ കോഴ്സുകളിലേയ്ക്ക് പ്രവേശനം നടത്തുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ മറ്റ് വിഭാഗത്തിൽപ്പെട്ടവർ ഇല്ലെങ്കിൽ ജനറൽ വിഭാഗത്തിന് കൊടുക്കണമെന്നാണ് യു.ജി.സി.-യുടെ മാനദണ്ഡത്തിൽ നിഷ്കർഷിക്കുന്നത്. ഇത്തരത്തിൽ രാജ്യത്തിന്റെ മതനിരപേക്ഷതയെയും ജനാധിപത്യത്തെയും സാമൂഹ്യവ്യവസ്ഥിതിയെയും അട്ടിമറിക്കുന്ന സമീപനങ്ങൾ സ്വീകരിക്കുന്ന സംഘ്പരിവാർ ഗവൺമെന്റിന്റെ നയത്തിനെതിരെ അത് ചർച്ചയ്ക്കെടുക്കുന്ന വേളയിൽ ഒരു അക്ഷരം പോലും പറയാതെ ഒരു കലാപമുണ്ടാക്കുന്ന രീതിയിൽ ഇവിടത്തെ പ്രതിപക്ഷം നടത്തിയ നാടകവും ഈ സഭയിൽ നിന്നുള്ള ഇറങ്ങിപ്പോക്കുൾപ്പെടെയുള്ള കാര്യങ്ങൾ ഈ

നാട്ടിലെ ജനങ്ങൾ കാണുന്നുണ്ടെന്ന് പറയാതിരിക്കാൻ യാതൊരു നിവൃത്തിയുമില്ല.

2024-2025- സാമ്പത്തിക വർഷത്തേയ്ക്ക് ഈ ഗവൺമെന്റ് മുന്നോട്ടുവച്ചിട്ടുള്ള ഈ ബഡ്ജറ്റ് തികച്ചുമൊരു സൂര്യോദയ ബഡ്ജറ്റ് തന്നെയാണ്. ഈ നാട്ടിലെ സാധാരണക്കാർക്ക് പ്രതീക്ഷയേകുന്ന, നന്മയുടെ കരുതലായി, സൂര്യോദയത്തിന്റെ പുതിയ പ്രതീക്ഷകളും കിരണങ്ങളും കേരളത്തിൽ പതിപ്പിക്കുന്ന ഒരു ബഡ്ജറ്റാണിത്. നവകേരളത്തിന്റെ സമഗ്ര സൃഷ്ടിക്കുവേണ്ടിയുള്ള ഈ ബജറ്റിനെ കേരളത്തിലെ മൂന്നരക്കോടി ജനങ്ങളും ഇരുകൈകളും നീട്ടി സ്വീകരിക്കുന്നുവെന്ന് മാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ ഈ ബഡ്ജറ്റിനെ ഞാൻ പിന്തുണയ്ക്കുന്നു.

<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:</u> സർ, പ്രതിസന്ധികൾ സൃഷ്ടിച്ച് കേരളത്തെ ഇല്ലാതാക്കാൻ ബി.ജെ.പി. നയിക്കുന്ന കേന്ദ്രഗവൺമെന്റ് ശ്രമിക്കുമ്പോഴും വെല്ലുവിളികളെ മറികടക്കാനും കേരളത്തിന്റെ വലിയ സ്വപ്നങ്ങൾക്ക് ചിറകുനൽകാനും കഴിയുന്നതാണ് രണ്ടാം പിണറായി സർക്കാരിന്റെ ഈ ബഡ്ജറ്റ്. തളർന്നുപോകുമെന്ന് കരുതിയ

സാഹചര്യങ്ങളിലെല്ലാം കുതിച്ചുയർന്ന് കേരളത്തിന്റെ ചരിത്രം കരുത്താക്കി, കുതിപ്പിന് ഊർജ്ജം പകരുന്ന പദ്ധതികൾ നിറഞ്ഞതാണ് ഈ ബഡ്ജറ്റ്. ഈ ബഡ്ജറ്റിനെ ഞാൻ സ്വാഗതം ചെയ്യുന്നു. ബഡ്ജറ്റിൽ ഒതുങ്ങിനിന്നും ഉയർന്നുവന്ന രാഷ്ട്രീയപ്രശ്നങ്ങൾക്ക് മറുപടി പറയാൻ കഴിയാതിരിക്കുകയും ചെയ്യുമ്പോൾ 'ഇലയിൽ ചവിട്ടി വഴക്കുണ്ടാക്കുക' എന്ന നാട്ടിൻപുറശൈലിയിലുള്ള നിലപാടാണ് നിയമസഭാ സമ്മേളനത്തിലുടനീളം പ്രതിപക്ഷം സ്വീകരിച്ചുവന്നിട്ടുള്ളത്. ഇന്ന് ഇപ്പോൾ പ്ലക്കാർഡും ബാനറും കൊണ്ടുവന്നിട്ടില്ലെന്നുള്ള കുറവേയുള്ളൂ. അതെടുക്കാൻ പോയിരിക്കുകയാണ്. ഈ നിലയിൽ ജനകീയ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിൽ ഉത്തരവാദിത്വം കാണിക്കാതെ തികച്ചും കേരള വിരുദ്ധ താൽപ്പര്യമായി യു.ഡി.എഫ്. നിലപാട് മാറിയിരിക്കുന്നുവെന്നുള്ളതാണ് ഈ ഘട്ടത്തിലുടനീളം കാണാൻ കഴിയുന്നത്. ധനഞെരുക്കമുണ്ടാക്കാൻ വേണ്ടി കേരളത്തോട് കേന്ദ്രഗവൺമെന്റ് ക്രൂരമായ സമീപനം സ്വീകരിക്കുമ്പോൾ സംസ്ഥാന സർക്കാരിന്റെ കടമെടുപ്പിനെ നിയന്ത്രിക്കുന്ന നിയമവിരുദ്ധ നടപടികൾ റദ്ദ് ചെയ്യുകയെന്ന നിലപാടുയർത്താൻ കോൺഗ്രസ്സിന് കഴിയുന്നില്ല. സംസ്ഥാന നിയമപ്രകാരം നിശ്ചയിക്കപ്പെട്ട അർഹമായ കടമെടുപ്പ് പരിധി ഭരണഘടനാ

വിരുദ്ധമായി വെട്ടിച്ചുരുക്കുന്നത് ശരിയല്ലെന്ന് പറയാൻ കോൺഗ്രസ്സിന് കഴിയുന്നില്ല. സംസ്ഥാനങ്ങൾ വായ്പയെടുക്കുന്നത് അനിയന്ത്രിതമായി തടയാൻ കേന്ദ്രത്തിന് അധികാരമുണ്ടെന്നാണോ കോൺഗ്രസ് പറയുന്നത്. നമ്മുടെ നാട്ടിലെ ചില പത്രങ്ങൾ അങ്ങനെയൊരു സാഹചര്യം രൂപപ്പെടുത്താൻവേണ്ടിയുള്ള പ്രചരണം നടത്തുന്നതായി കാണാൻ കഴിയും. ഭരണഘടനയോടൊപ്പം കോൺഗ്രസ്സും മാധ്യമങ്ങളും നിൽക്കുന്നതെങ്കിൽ ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 293(3)-നെ തെറ്റായി വ്യാഖ്യാനിച്ച് സംസ്ഥാനങ്ങളുടെ കടമെടുക്കാനുള്ള അവകാശത്തിന്മേൽ കടന്നുകയറുന്ന കേന്ദ്ര നീക്കത്തിനെതിരായ നിലപാടാണ് പ്രതിപക്ഷം സ്വീകരിക്കേണ്ടത്. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 293(3) പ്രകാരം കേന്ദ്രം സംസ്ഥാനങ്ങൾക്ക് നൽകുന്ന വായ്പായിനത്തിൽ സംസ്ഥാനത്തിന് കുടിശ്ശികയുണ്ടെങ്കിൽ കേന്ദ്ര അനുമതിയോടുകൂടി മാത്രമേ സംസ്ഥാനങ്ങൾക്ക് വായ്പയെടുക്കാൻ സാധിക്കുകയുള്ളൂവെന്നും കേന്ദ്ര സർക്കാർ നേരിട്ട് നൽകിയ വായ്പയിൽ സംസ്ഥാനത്തിന് കുടിശ്ശികയുണ്ടെങ്കിൽ മറ്റ് വായ്പകൾക്ക് കേന്ദ്രാനുമതി ആവശ്യമില്ലെന്നുമാണ് പറയുന്നത്. ആർട്ടിക്കിൾ 293(3)-ന്റെ സ്പിരിറ്റ് ഇങ്ങനെയായിരിക്കെ ഇതുൾക്കൊള്ളാതെയാണ് കേന്ദ്ര സർക്കാർ

ഈ വകുപ്പുപയോഗിച്ച് സംസ്ഥാനങ്ങളുടെ വായ്പാധികാരത്തെ വെട്ടിച്ചുരുക്കുന്നതെന്നതാണ് വസ്തുത. സംസ്ഥാനത്തിന്റെ താൽപ്പര്യം സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള നടപടികളല്ല കോൺഗ്രസ്സും യു.ഡി.എഫും സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. നിങ്ങൾ കേരളത്തെ ഒറ്റിക്കൊടുക്കാൻ തഞ്ചം പാർത്ത് നിൽക്കുകയാണ്. ഇവർ മലയാളികൾക്കെതിരാണ്. ഇതിന് ധാരാളം ഉദാഹരണങ്ങൾ പറയാൻ കഴിയും. നൂറ്റാണ്ട് കണ്ട പ്രളയത്തിൽ കേരളത്തെ സഹായിക്കാൻ ചില രാജ്യങ്ങൾ തയ്യാറായപ്പോൾ ബി.ജെ.പി. ഗവൺമെന്റിനോടൊപ്പം നിന്ന് ആ സഹായത്തിന് തടസ്സം നിന്നതും പ്രളയദുരിതാശ്വാസത്തിനായി കേരളത്തിനനുവദിച്ച അരിയുടെ വില കൊടുക്കണമെന്ന് കേന്ദ്രഗവൺമെന്റ് പറഞ്ഞപ്പോൾ അതിനെ എതിർക്കാതിരുന്നതും പ്രളയത്തിന്റെ രക്ഷാപ്രവർത്തനത്തിന് അയച്ച ഹെലികോപ്റ്ററിന്റെ വാടക ചോദിച്ചതിനെതിരായി ഒരഭിപ്രായം പോലും കേരളത്തിൽനിന്നുള്ള യു.ഡി.എഫ്.-എം.പി.മാർ പാർലമെന്റിൽ പറയാതിരുന്നതും നോട്ടുനിരോധനത്തെ എതിർക്കാതിരുന്നതും അത് ഞങ്ങളുടെ കുട്ടിയാണെന്ന് പ്രഖ്യാപിച്ചതും നോട്ടുനിരോധനത്തെത്തുടർന്ന് സഹകരണ ബാങ്കുകളെ അവഗണിച്ച ഘട്ടത്തിൽ റിസർവ് ബാങ്കിന്റെ

നടപടിക്കെതിരായി യോജിച്ചൊരു സമരം ഉയർത്തിക്കൊണ്ടുവരണമെന്ന് പറഞ്ഞപ്പോൾ അതിന് തയ്യാറാകാതിരുന്ന നടപടിയും കെ-റെയിൽ ഉൾപ്പെടെയുള്ള കേരള വികസനത്തെ എതിർത്തുകൊണ്ട് എം.പി.മാർ പാർലമെന്റിൽ നടത്തിയ പ്രസംഗങ്ങളുമൊക്കെ നമുക്കറിയാം. പ്രളയ കാലഘട്ടത്തിൽ കേരളത്തെ സ്നേഹിക്കുന്ന വിദേശ രാജ്യങ്ങളുടെ സഹായം കേന്ദ്രത്തിന് നിഷേധിക്കാമെന്നുണ്ടെങ്കിൽ പി.എം.കെയർ ഫണ്ട് വഴി കോവിഡ് കാലഘട്ടത്തിലെ ഒരു കണക്കുമില്ലാതെ ശേഖരിച്ച പണത്തെ സംബന്ധിച്ചും അതിന്റെ അഴിമതിയെ സംബന്ധിച്ചും അന്വേഷിക്കുന്നതിനുവേണ്ടി ഒരു അഭിപ്രായം പോലും വലിയ പ്രതിപക്ഷ പാർട്ടിയെന്ന രീതിയിൽ പാർലമെന്റിൽ പറയുന്നില്ലല്ലോ. മതാധിഷ്ഠിത പൗരത്വ നിയമം നടപ്പാക്കുമെന്ന് ഇപ്പോഴും പ്രഖ്യാപിക്കുമ്പോഴും അതിനെതിരെ യോജിച്ചൊരു സമരത്തിന് ആഹ്വാനം ചെയ്തപ്പോൾ നിങ്ങൾ സഹകരിച്ചില്ലല്ലോ. എന്നിട്ടിപ്പോൾ രാമക്ഷേത്രം നിർമ്മിച്ചതിന്റെ മഹിമ ചർച്ച ചെയ്യാൻ പാർലമെന്റിൽ എല്ലാവരും ഒപ്പമിരിക്കുകയാണ്. മുസ്ലീം ലീഗിന്റെ എം.പി. തിരിഞ്ഞുനോക്കുമ്പോൾ കോൺഗ്രസിനെ കാണുന്നില്ലെന്ന സ്ഥിതിയാണിപ്പോഴുള്ളത്. ഒരു അഭിപ്രായ

വ്യത്യാസവുമില്ല. രാമക്ഷേത്രം നിർമ്മിച്ചതിന് അഭിനന്ദനം അറിയിച്ചുകൊണ്ടുള്ള പ്രമേയം ഗുജറാത്ത്, ഗോവ നിയമസഭകളിൽ ഐകകണ്ഠ്യേന പാസാക്കുകയുണ്ടായി. കോൺഗ്രസിന്റെ എം.എൽ.എ.-മാരും അതിന് സഹായകരമായ നിലപാട് സ്വീകരിച്ചു. സംസ്ഥാനങ്ങളുടെ ധനകാര്യ മാനേജ്മെന്റ് മോശമാണെന്ന് നിരന്തരമായി വിമർശിക്കുന്ന കേന്ദ്ര ഗവൺമെന്റ് അവരുടെ ബഡ്ജറ്റിൽ ലക്ഷക്കണക്കിന് കോടി രൂപയാണ് കോർപ്പറേറ്റുകൾക്കായി ഓരോ വർഷവും എഴുതിത്തള്ളുന്നത്. കോർപ്പറേറ്റുകളോട് കാണിക്കുന്ന ഈ ഉദാരമനസ്കത ഈ നാട്ടിലെ തൊഴിലുറപ്പ് തൊഴിലാളികളോടെങ്കിലും നിങ്ങൾ കാണിക്കണം. കേരളത്തിലെ തൊഴിലുറപ്പ് തൊഴിലാളികൾക്ക് പണിയെടുത്ത വകയിൽ നിലവിൽ നാനൂറ് കോടി രൂപയാണ് കുടിശ്ശികയായിരിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് നേരിട്ട് തൊഴിലാളികൾക്ക് അക്കൗണ്ടിലേയ്ക്ക് കൊടുക്കുന്ന തുകയാണ് ഇപ്പോൾ കുടിശ്ശികയായിരിക്കുന്നതെന്ന് നാം മനസ്സിലാക്കണം. നമ്മുടെ ധനകാര്യ മാനേജ്മെന്റിനെ കുറ്റം പറയുമ്പോൾ, കേരള വികസനത്തിന്റെ മുഖമുദ്രയായ കൊച്ചി വാട്ടർ മെട്രോയ്ക്കുവേണ്ടി പണികഴിപ്പിച്ച ബോട്ടാണ് അയോധ്യയിലേയ്ക്ക് കടത്തിക്കൊണ്ടുപോയത്

എന്നെങ്കിലും പറയാൻ ഈ നാട്ടിലെ മാധ്യമങ്ങൾക്ക് കഴിയണം. സ്റ്റാർട്ട് അപ്പുകളുടെ കാര്യത്തിൽ രാജ്യം മൂന്നാം സ്ഥാനത്തെത്തിയത് കേരളത്തിന്റെകൂടി മുഖ്യ പങ്കാളിത്തത്തിന്റെ ഭാഗമാണെന്ന് ഗതികേടുകൊണ്ടാണെങ്കിൽപ്പോലും കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീമതി നിർമ്മല സീതാരാമന് പറയേണ്ടിവന്നു. സംസ്ഥാനത്തിന്റെ നികുതിപ്പണം പിഴിഞ്ഞ്, വാട്ടർ മെട്രോ അടിച്ചുമാറ്റി, ഇവിടത്തെ സ്റ്റാർട്ട് അപ്പുകളുടെ പിൻബലത്തിൽ ഗമ കാണിച്ച് അവസാനം കേരളത്തെ പരിഹസിക്കുന്ന നിലപാടിനെതിരെ ശക്തമായ അഭിപ്രായ പ്രകടനം കേരളത്തിൽ ഉയർന്നുവരേണ്ടതുണ്ട്. ഈ കണക്കുകളും യാഥാർത്ഥ്യങ്ങളുമെല്ലാം തിരിച്ചറിഞ്ഞുകൊണ്ടുതന്നെയാണ് കോൺഗ്രസ് മലയാളികൾക്കെതിരായ നിലപാട് സ്വീകരിക്കുന്നതെന്ന് നാം മനസ്സിലാക്കണം. കോൺഗ്രസ് മാത്രമല്ല, കേരളത്തിലെ മലയാള മാധ്യമങ്ങൾ എന്നുപറയുന്ന 'മ' പത്രങ്ങളും ആ നിലപാടാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇത് രാജ്യത്തിന്റെ ഫെഡറൽ സംവിധാനത്തെ തകർക്കുകയാണ്. രാജഭരണം കൊണ്ടുവരാനുള്ള പരിശ്രമമാണ് നടക്കുന്നത്. ചെങ്കോലും മറ്റും തപ്പിയെടുത്ത് പാർലമെന്റിൽ എഴുന്നള്ളിച്ച് കൊണ്ടുവരുന്നത് ഇതിന്റെ ഭാഗമായാണ്. കേരളത്തിന് ഒരു

മാതൃകയുണ്ട്. വികസന കാര്യത്തിൽ മാത്രമല്ല, നമ്മുടെ രാജ്യത്തെ അപകടത്തിലാക്കുന്ന പ്രത്യയശാസ്ത്രത്തിനെതിരായും നിലപാടെടുക്കുന്ന സംസ്ഥാനമാണ് കേരളം. ഈ ബഡ്ജറ്റുമായി ബന്ധപ്പെട്ട് വടക്കാഞ്ചേരിയെ സംബന്ധിച്ച് ഒരു കാര്യം സൂചിപ്പിക്കാൻ ഉദ്ദേശിക്കുകയാണ്. വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതികൾ വളരെ കുറവാണ്. കിഫ്ബി പദ്ധതികളുടെ പേരിൽ ഊറ്റം കൊള്ളുന്ന ധാരാളം പ്രതിപക്ഷ എം.എൽ.എ.-മാരുൾപ്പെടെ അതിനെ തകർക്കാൻ ശ്രമിക്കുമ്പോൾ ധനകാര്യ വകുപ്പുമന്ത്രി 2017-18-ൽ പ്രഖ്യാപിച്ച ബഡ്ജറ്റ് പ്രസംഗത്തിൽ ആരോഗ്യ രംഗത്ത് ദ്വിതീയ, ത്രിതീയ മേഖലകളിൽ ചെലവ് കുറഞ്ഞ വിദഗ്ദ്ധ സൗകര്യങ്ങൾക്കുവേണ്ടി പ്രഖ്യാപിച്ച രണ്ടായിരം കോടി രൂപയിൽനിന്നും വടക്കാഞ്ചേരി ഓട്ടുപാറയിലുള്ള ജില്ലാ ആശുപത്രിക്ക് ഒരു ഐ.പി. ബ്ലോക്ക് പണിയുന്നതിന് ആവശ്യമായ തുക കിഫ്ബിയിൽനിന്ന് അനുവദിക്കണമെന്ന നിർദ്ദേശമാണുള്ളത്. വടക്കാഞ്ചേരിയും കുന്നംകുളവും ചേലക്കരയും ഉൾപ്പെടെയുള്ള വിവിധ പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന ആ ആശുപത്രിയുടെ വികസനത്തിനുവേണ്ടി പണം അനുവദിക്കണമെന്നുകൂടി ഇതിന്റെ ഭാഗമായി ആവശ്യപ്പെടുന്നു. ഈ ബഡ്ജറ്റിനെ ഞാൻ

പിന്തുണയ്ക്കുന്നു.

ശ്രീ. എം. നൗഷാദ്: സർ, പ്രതിരോധത്തിന്റെ സാധ്യതകളും അതിജീവനത്തിന്റെ സന്ദേശവും ഉൾക്കൊള്ളുന്ന 2024-2025 സാമ്പത്തികവർഷത്തേയ്ക്കുള്ള ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ പിന്തുണയ്ക്കുന്നു. കേരളത്തിന്റെ സമ്പദ്ഘടന സൺറൈസ് എക്കോണമിയായി മാറ്റുന്നതിന്റെ സന്ദേശം നൽകിയ ബഡ്ജറ്റാണിത്. സാമ്പത്തിക ഫെഡറലിസം അട്ടിമറിച്ചുകൊണ്ട് വൈരനിര്യാതന ബുദ്ധിയോടുകൂടി കേരളത്തിന്റെ സമസ്ത നേട്ടങ്ങളെയും ഇല്ലാതാക്കാനും കേരളത്തെ സാമ്പത്തികമായി ഉപരോധിച്ച് തകർക്കാനും പരിശ്രമിച്ചുകൊണ്ടിരിക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക നയങ്ങളെ പ്രതിരോധിച്ചുകൊണ്ട് നികുതി വരുമാനം വർദ്ധിപ്പിച്ച് കേരളത്തിലുണ്ടാക്കിയെടുത്ത സാമൂഹ്യ, വിദ്യാഭ്യാസ, ആരോഗ്യ, കാർഷിക, വ്യാവസായിക, പശ്ചാത്തല മേഖലകളുൾപ്പെടെയുള്ള സമസ്ത മേഖലകളിലും കൈവരിച്ച നേട്ടങ്ങൾ സംരക്ഷിച്ച് അതിനെ കൂടുതൽ കാര്യക്ഷമമാക്കി മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള നിർദ്ദേശങ്ങൾ അടങ്ങിയ ബഡ്ജറ്റാണ്

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ചത്. കേരളത്തെ സ്നേഹിക്കുന്ന ഒരാൾക്കും ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെ എതിർക്കാൻ കഴിയില്ല. കേന്ദ്രത്തിന്റെ സാമ്പത്തിക ഉപരോധം സംബന്ധിച്ച് പലരും സൂചിപ്പിച്ചു. പ്രതിപക്ഷം ആ സാമ്പത്തിക ഉപരോധത്തെ ന്യായീകരിക്കുന്നതിനും കേന്ദ്ര ഗവൺമെന്റിനെ പിന്തുണയ്ക്കുന്നതിനുമാണ് ശ്രമിക്കുന്നത്. ജി.എസ്.ടി. നഷ്ടപരിഹാരം അഞ്ച് വർഷത്തേയ്ക്ക് മാത്രമേ ഉണ്ടായിരുന്നുള്ളൂവെന്ന് പറഞ്ഞിരുന്നതാണ്. അതാരും നിഷേധിക്കുന്നില്ല. എന്തുകൊണ്ടാണ് അഞ്ച് വർഷത്തേയ്ക്ക് നൽകിയത്? ആ സിസ്റ്റം അപ്ഡേറ്റ് ചെയ്ത് വരാൻ അഞ്ച് വർഷമെങ്കിലും സമയമെടുക്കുമെന്നുള്ള ബോധ്യമുണ്ടായത് കൊണ്ടാണല്ലോ അഞ്ച് വർഷക്കാലത്തേയ്ക്ക് സിസ്റ്റം അപ്ഡേറ്റ് ചെയ്യുന്നതിനുള്ള നഷ്ടപരിഹാരം നൽകിയത്. 2017-ൽ ജി.എസ്.ടി. നടപ്പിലാക്കി. 2018-ൽ കേരളത്തിൽ ഒരു നൂറ്റാണ്ട് കണ്ട മഹാപ്രളയമുണ്ടായി. 2019-ൽ അടുത്ത പ്രളയവും 2020-ലും 2021-ലും കോവിഡ് മഹാമാരിയുമുണ്ടായി. ഇതേത്തുടർന്ന് 2022-ൽ കേന്ദ്ര ഗവൺമെന്റ് ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കുകയും ചെയ്തു. മറ്റൊരു സംസ്ഥാനത്തുമില്ലാത്ത തരത്തിലുള്ള പ്രതിസന്ധിയെയും യുണൈറ്റഡ്

നേഷൻസിന്റെ കണക്കുപ്രകാരം ഏകദേശം അൻപതിനായിരം കോടി രൂപയുടെ നഷ്ടം സംഭവിച്ച പ്രളയത്തെ അതിജീവിക്കുകയും ചെയ്തൊരു നാടാണിത്. ഈയൊരു സാഹചര്യത്തിൽ പ്രളയത്തെ നേരിടാൻ ശ്രമിക്കുമോ; അതോ ജി.എസ്.ടി.-യുടെ പുറകെ പോകുമോ? 2018-ലും 2019-ലും പ്രളയം വന്ന് നശിച്ച നാടാണിതെന്ന് ഇന്ന് ഈ കേരളത്തിൽക്കൂടി സഞ്ചരിക്കുന്ന ഒരാൾക്കെങ്കിലും തോന്നുമോ? ആ പ്രളയ കാലഘട്ടത്തെ ഓർമ്മയിൽനിന്നുതന്നെ മായ്ച്ചുകളയത്തക്ക വിധത്തിൽ കേരളത്തെ പുനർനിർമ്മിച്ച് മുന്നോട്ടുകൊണ്ടുപോകുകയാണ്. അതുകൊണ്ടുതന്നെ അഞ്ച് വർഷത്തേയ്ക്കുകൂടി നഷ്ടപരിഹാരം നൽകണമെന്ന് ആവശ്യപ്പെടുമ്പോൾ അവിടെ നിയമവശങ്ങളെപ്പറ്റി പറയുകയാണ്. ആരാണ് ഈ നിയമമൊക്കെ നിർമ്മിക്കുന്നത്? പ്രളയ കാലഘട്ടത്തിൽ നാം സൗജന്യ റേഷനും ദുരിതാശ്വാസ ക്യാമ്പിലേയ്ക്ക് വന്നവർക്കെല്ലാം പതിനായിരം രൂപ വീതവും നൽകിയില്ലേ. നിയമത്തിൽ അതിനെപ്പറ്റി എന്തെങ്കിലും പറഞ്ഞിട്ടുണ്ടോ? ഒരു നാടിനുണ്ടാകുന്ന ദുരന്തത്തിൽ പ്രായോഗികമായി പങ്കാളിയാകുകയെന്നത് ഒരു സർക്കാരിന്റെ ചുമതലയാണ്. അക്കാര്യങ്ങൾ പറയുന്നതിനുപകരം, അഞ്ച് വർഷത്തേയ്ക്ക് മാത്രമേ ജി.എസ്.ടി.

നഷ്ടപരിഹാര തുക അനുവദിക്കുകയുള്ളൂവെന്ന ന്യായം പറഞ്ഞ് സംസ്ഥാനത്തിന് ലഭിക്കേണ്ട ജി.എസ്.ടി. നഷ്ടപരിഹാരം തുടർന്നും ലഭിക്കുന്നത് ഇല്ലാതാക്കാനാണ് അവർ പരിശ്രമിക്കുന്നത്. ഇതിലൂടെ ആർക്കാണ് നഷ്ടം സംഭവിക്കുന്നത്? ഇവിടത്തെ എൽ.ഡി.എഫ്. ഗവൺമെന്റിനാണോ? കേരളത്തിലെ ജനങ്ങൾക്കാണ് ഇതെല്ലാം നഷ്ടപ്പെടുന്നത്. കേരളത്തിലെ ജനങ്ങൾക്കുവേണ്ടി വാദിക്കാൻ അവർക്ക് സമയമില്ല. ഇവിടെ ഓരോരുത്തരും സംസാരിക്കുകയുണ്ടായി. ഇവിടെ എല്ലാത്തിനും ബഹിഷ്കരണമാണ് നടക്കുന്നത്. നോട്ട് നിരോധനത്തിനെതിരായും പൗരത്വ നിയമ ഭേദഗതി സംബന്ധിച്ചും ഒരുമിച്ച് സമരം ചെയ്യാമെന്ന് പറഞ്ഞപ്പോൾ തങ്ങൾ അതിൽ പങ്കാളികളാകുന്നില്ല എന്നാണ് പ്രതിപക്ഷം പറഞ്ഞത്. ഇതുസംബന്ധിച്ച് നേരത്തെ ഇവിടെ ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി സൂചിപ്പിച്ചു. പ്രളയ കാലഘട്ടത്തിലും കോവിഡ് കാലഘട്ടത്തിലും ഒരുമിച്ച് പ്രവർത്തിക്കാമെന്ന് പറഞ്ഞപ്പോഴും ഇതുതന്നെയായിരുന്നു സ്ഥിതി. എല്ലാത്തിനും ബഹിഷ്കരണമായിരുന്നു. ഇങ്ങനെ ഓരോന്നിനും ബഹിഷ്കരിച്ച് ബഹിഷ്കരിച്ച് ഒടുവിൽ അവരെ ജനം ബഹിഷ്കരിച്ചു. ഇപ്പോഴും അവരത് തുടരുകയാണ്. 'കാബൂളിവാല' എന്ന

സിനിമയിൽ ശ്രീ. ജഗതി ശ്രീകുമാറിന്റെ കഥാപാത്രം ഇന്നസെന്റ് അവതരിപ്പിച്ച കഥാപാത്രത്തോട് "നിനക്കാരാണ് പുട്ടിൽ കൈവിഷം തന്നത്" എന്ന് ചോദിക്കുന്നുണ്ട്. അതുപോലെ, ഇവിടത്തെ പ്രതിപക്ഷത്തിനും പ്രതിപക്ഷ നേതാവിനും ബഹിഷ്കരണത്തിൽ ആരോ കൈവിഷം കൊടുത്തിട്ടുണ്ട്. നിങ്ങളത് തുടർന്നോളൂ. ഈ ഗവൺമെന്റിനെയും ഗവൺമെന്റിന്റെ നടപടികളെയും നിങ്ങൾ ബഹിഷ്കരിക്കുന്നതിനനുസരിച്ച് ജനം നിങ്ങളെ ബഹിഷ്കരിച്ചുകൊണ്ടിരിക്കുകയാണെന്നുള്ള യാഥാർത്ഥ്യം തിരിച്ചറിഞ്ഞാൽ നിങ്ങൾക്ക് കൊള്ളാം. ഏഴര വർഷക്കാലമായി കേന്ദ്ര ഗവൺമെന്റിനെതിരെ ശ്രീ. പിണറായി വിജയൻ എന്തുപറഞ്ഞു എന്നാണ് ശ്രീ. രമേശ് ചെന്നിത്തല ഇവിടെ ചോദിച്ചത്. ശ്രീ. നരേന്ദ്ര മോദിയുടെയും അമിത് ഷായുടെയും പേര് പറയാൻ പേടിയാണെന്നാണ് അദ്ദേഹം പറയുന്നത്. ആർക്ക്? ശ്രീ. പിണറായി വിജയന്? തമാശ. ശ്രീ. രമേശ് ചെന്നിത്തല ഈ നാട്ടിലൊന്നുമല്ലേ ജീവിക്കുന്നത്; അതോ പ്രതിപക്ഷനേതാവ് സ്ഥാനം ഒഴിഞ്ഞതോടുകൂടി എല്ലാം നഷ്ടപ്പെട്ട പ്രതീതിയിലാണോ ജീവിക്കുന്നത്? കണ്ണൂരിൽ വന്നുനിന്ന് ഈ സംസ്ഥാന ഗവൺമെന്റിനെ ഞങ്ങൾ വലിച്ച് താഴെയിടും എന്നുപറഞ്ഞപ്പോൾ 'അമിത്

ഷാ, നിന്റെ ഈ തടി അതിന് പോരാ' എന്ന് പറഞ്ഞ മുഖ്യമന്ത്രിയാണ് സഖാവ് പിണറായി വിജയൻ. പൗരത്വ നിയമ ഭേദഗതി ഈ കേരളത്തിൽ നടപ്പാക്കില്ലെന്ന് പ്രഖ്യാപിച്ച മുഖ്യമന്ത്രിയാണദ്ദേഹം. പിന്നെ മുഖ്യമന്ത്രിമാർ പ്രധാനമന്ത്രിമാരെ സ്വീകരിക്കാൻ പോകുമ്പോഴുള്ള body language-നെക്കുറിച്ച് ഇവിടെ പറഞ്ഞു. നമ്മുടെ ഗവർണർ, അറിയാമല്ലോ, കഥാപാത്രത്തെക്കുറിച്ച് പറയണ്ടല്ലോ. നയപ്രഖ്യാപന പ്രസംഗത്തിന് വന്നു, മുമ്പിൽ പോയിനിന്ന് സ്വീകരിക്കുകയെന്നത് മുഖ്യമന്ത്രിയുടെ ചുമതലയല്ലേ? അവിടെനിന്നും സ്വീകരിച്ച് ഇവിടംവരെ കൊണ്ടുവന്നു, തിരിച്ച് അവിടംവരെ കൊണ്ടുപോയി വിട്ടു. അങ്ങനെ ചെയ്യാതിരിക്കാൻ പറ്റുമോ? പക്ഷെ ഞാൻ ചോദിക്കുന്നത്, പാർലമെന്റിൽ ഗവൺമെന്റിനെതിരായി പ്രസംഗിച്ചതിന് ശ്രീ. നരേന്ദ്ര മോദിക്ക് ഉമ്മ കൊടുത്തത് ആരാണ്? കോൺഗ്രസ് പാർട്ടിയുടെ ശ്രീ. രാഹുൽഗാന്ധി, കെട്ടിപ്പിടിച്ച്. എന്തൊരു body language ആയിരുന്നു. അതിന്റെ വിശദീകരണം നൽകിയാൽ കൊള്ളാമായിരുന്നു. ഇപ്പോൾ പുതിയൊരു കണ്ടുപിടുത്തമുണ്ട്, യു.ഡി.എഫ് ഇപ്പോൾ പുതിയൊരു method അവതരിപ്പിച്ചു. യു.ഡി.എഫ്. ബി.ജെ.പി.-യുടെ 'ബി ടീം' അല്ല ഇനി 'എ ടീം' ആകാൻ പോകുകയാണ്. കാരണം, ത്രിപുരയിൽ നമ്മൾ കണ്ടല്ലോ;

എല്ലാംകൂടി ഒരുമിച്ചങ്ങ് പോയല്ലോ. അതേ method-ലേയ്ക്ക് പോവുകയാണ്. ശ്രീ. കമൽനാഥ്, ശ്രീ. അശോക് ചവാൻ ഉൾപ്പെടെയുള്ളവർ ബി.ജെ.പി.-യിലേയ്ക്ക് പോകുന്നു. ഇനി ആരുണ്ടാകും ഈ കേരളത്തിലെ കോൺഗ്രസ്സും..., ഇന്നലത്തെ കോൺഗ്രസ്സാണല്ലോ ഇന്നത്തെ ബി.ജെ.പി., ഇന്നത്തെ ബി.ജെ.പി.യാണ് നാളത്തെ കോൺഗ്രസ്സ്. സംശയമില്ല. അതിന്റെ തെളിവാണല്ലോ 'പിണറായിയുടെ ചായ വേണ്ട മോദിയുടെ ചോറുണ്ണാം' എന്ന രീതി. പിണറായിയുടെ ചായ വേണ്ട, അതിന്റെ പേരിൽ കോൺഗ്രസ്സ് നശിക്കുന്നെങ്കിൽ അങ്ങ് നശിച്ചോട്ടെ. പക്ഷെ, മോദി വിളിച്ചാൽ ഓടിച്ചെല്ലും. പുതിയൊരു ideology, നമ്മളാരും കേട്ടിട്ടില്ല. എന്തായാലും യു.ഡി.എഫ്.-ന്റെ നേതാവ് ഇന്ത്യ മുന്നണിയുടെ കക്ഷി ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ എം.പി. കേരളത്തെ പഠിപ്പിച്ചു, എന്താണ്? 'ബി.ജെ.പി. സംഘ്പരിവാർ സംഘടനയല്ല' എന്ന്. എന്താണ് യു.ഡി.എഫ്. നേതാക്കളേ, ലീഗ് നേതാക്കൾ ഇവിടെയുണ്ട്, ശ്രീ. എൻ. ഷംസുദ്ദീൻ ഇനി സംസാരിക്കാൻ പോകുകയാണല്ലോ, ഒന്നു പറയണേ ആ അഭിപ്രായം. ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ ബി.ജെ.പി. സംഘ്പരിവാർ സംഘടനയല്ലെന്ന് പരസ്യമായി പ്രസ്താവിച്ചതിനോട് പ്രതികരിക്കാനുള്ളൊരു ആർജ്ജവം ശ്രീ. എൻ.

ഷംസുദ്ദീൻ കാണിക്കമെന്നാണ് വിനയപൂർവ്വം അഭ്യർത്ഥിക്കാനുള്ളത്. ആർ.എസ്.പി. എന്ന സംഘടനയെ ഒരു ചെറിയ വ്യത്യാസം വരുത്തി. 'പി' മാറ്റി 'എസ്' ആക്കി. അത്രയേയുള്ളൂ. അതായത്, ആർ.എസ്.പി.യെ ആർ.എസ്.എസ്. ആക്കി. എന്നിട്ട് അതിനെ ന്യായീകരിക്കാൻ നടക്കുകയാണ്. ലജ്ജയില്ലേ പ്രതിപക്ഷത്തിന്? ആർ.എസ്.പി. എന്ന പ്രസ്ഥാനം ഇവിടെ നിന്നിട്ട് ചാടി വന്നതാണെന്ന ഓർമ്മ വേണ്ടേ. രാഷ്ട്രരാഷ്ട്രാനം കണ്ടും ചാടിയതാണ്. നല്ല ശീലമാണ്. ഓർത്താൽ യു.ഡി.എഫ്.-ന് കൊള്ളാം. എന്നിട്ട് അതിനെയും ന്യായീകരിക്കാൻ നടക്കുകയാണ്.

ഈ കേരളത്തെ മുന്നോട്ടുകൊണ്ടുപോകാൻ ഈ സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും ഈ നാട്ടിലെ ജനങ്ങളെ ഒരുമിച്ച് നിർത്തി മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്ന ഒരു നാട്, വ്യത്യസ്ത മതവിശ്വാസങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ എന്നിവയുള്ള ഒരു ജനത ഒരുമയോടെ കഴിയുന്ന ഒരു നാട്, ഇവിടെ ആരാധനാലയങ്ങൾ സംരക്ഷിക്കപ്പെടുന്നു. ആരാധനാലയങ്ങളും പള്ളികളും മദ്രസ്സകളും തകർക്കുമ്പോൾ മോദിയോടൊപ്പം പുത്തൻ അനുഭവം പങ്കിടുന്നു. ശ്രീ. നരേന്ദ്ര മോദി

മുഖ്യമന്ത്രിയായിരുന്നപ്പോഴുള്ള അനുഭവകാലം എന്തായിരുന്നു? എന്താണ് ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ പോയി കേട്ടത്? എങ്ങനെ പൂർണ്ണഗർഭിണിയുടെ വയറ്റിലേയ്ക്ക് ശൂലം കയറ്റി പിഞ്ചുകുഞ്ഞിനെ പുറത്തെടുക്കാം എന്ന method ആണോ? ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ഈ ബഡ്ജറ്റിനെ പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, നമ്മുടെ സംസ്ഥാനം നേരിടുന്ന അതീവ ഗുരുതരമായ പ്രതിസന്ധിയുടെ ആഴം വ്യക്തമാക്കുന്നതാണ് നമ്മുടെ മുന്നിലുള്ള ഈ ബഡ്ജറ്റ്. പ്രതീക്ഷകളും സ്വപ്നങ്ങളും കാഴ്ചപ്പാടുകളുംപോലും അവതരിപ്പിക്കാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് ധൈര്യമില്ലാതെപോകുന്ന ഒരു ബഡ്ജറ്റാണിത്. ബഡ്ജറ്റിൽ ക്ഷേമം നന്നേ കുറവാണ്, പക്ഷെ ക്ഷാമം നന്നായി ഉണ്ട് താനും. പിന്നെ ഇവിടെ അവതരിപ്പിച്ച ബജറ്റ് 'പ്ലാൻ എ' ആണെന്നും ഇനി അവതരിപ്പിക്കാത്ത ഒരു hidden ബഡ്ജറ്റ് 'പ്ലാൻ ബി' ആണെന്നും പറയുന്നുണ്ട്. അങ്ങനെ സാധിക്കുമോ? ഇത് ന്യായമായ ഒരു സംശയമാണ്. ഒരു സംസ്ഥാനത്തിന്റെ ധനസ്ഥിതിയുമായി ബന്ധപ്പെട്ട വരുന്ന ഒരു വർഷക്കാലത്തേയ്ക്കുള്ള നമ്മുടെ

പ്രവർത്തന മാഗ്നാകാർട്ടയാണ് ബഡ്ജറ്റ്. അപ്പോൾ ധനകാര്യ വകുപ്പുമന്ത്രി പ്രസംഗത്തിൽ പറയുകയാണ്, ഇത് 'എ' ആണ്. ഇനി ഒരു 'ബി' ഉണ്ട്, അത് വെളിപ്പെടുത്താത്തതാണെന്ന്. അതൊരു ശരിയായ രീതിയല്ലെന്നാണ് ഞാൻ പറയുന്നത്. അങ്ങനെയൊരു 'പ്ലാൻ ബി' ഉണ്ടെങ്കിൽ അത് ഇവിടെയാണ് ചർച്ച ചെയ്യേണ്ടത്. ഈ സഭയാണ് അതിന് അംഗീകാരം നൽകേണ്ടത്. അല്ലാതെ അങ്ങനെയൊരു 'പ്ലാൻ ബി' ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ മനസ്സിൽ മാത്രം ഉണ്ടായാൽ പോരാ. 'പ്ലാൻ എ' വിജയിച്ചില്ലെങ്കിൽ 'പ്ലാൻ ബി' ഇൻവെസ്റ്റിഗേഷൻ നടത്താമെന്ന് പറയുന്നതുപോലെ ഇത് കോട്ടയം പുഷ്പനാഥിന്റെ ഡിക്റ്ററ്റീവ് നോവലൊന്നുമല്ലല്ലോ? ഇവിടെ എല്ലാം ഒരു സിനിമാമയമാണ്. എല്ലാവരും സിനിമ ഉദാഹരിച്ചു. പഴയ സി.ബി.ഐ. ഡയറിക്കുറിപ്പുപോലെ ഒരു ഡമ്മി എറിഞ്ഞുനോക്കുക, അത് എറിഞ്ഞാൽ ശരിയാകുമോ, അല്ലെങ്കിൽ അടുത്ത ഡമ്മി ഇപ്പുറത്ത് ഇട്ടുനോക്കുക. നാടിന്റെ സാമ്പത്തിക കാര്യങ്ങൾ പറയാൻ അങ്ങനെ സാധിക്കില്ല. സർക്കാർ 'പ്ലാൻ ബി' കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്; എന്ത് വിഭവസമാഹരണമാണ്; അല്ലെങ്കിൽ അതുവഴി എന്ത് വികസനമാണ് ഉണ്ടാകുക എന്നീ വിഷയങ്ങൾ ബഡ്ജറ്റിന്റെ ഭാഗമാണ്. ഈ

ബജഡ്റ്റ് പൂർണ്ണമാകണമെങ്കിൽ ബഹുമാനപ്പെട്ട മന്ത്രി ആദ്യത്തെ ബഡ്ജറ്റിൽ പറഞ്ഞ 'പ്ലാൻ ബി' എന്താണെന്നുള്ളത് മറുപടി പ്രസംഗത്തിൽ പറഞ്ഞ് അത് ബഡ്ജറ്റിന്റെ ഭാഗമാക്കണം. പിന്നെ ഇത് സൂര്യോദയ ബജറ്റെന്നാണ് അവകാശവാദം. ഞങ്ങളത് അസ്തമന ബഡ്ജറ്റാണെന്ന് പറയുന്നില്ല. പക്ഷെ ഇത് സൂര്യോദയ ബഡ്ജറ്റാണെന്ന് പറഞ്ഞാൽ സൂര്യഭഗവാൻതന്നെ കോപിക്കും. ഇവിടെ ഉദയത്തിന് പ്രധാന അടിസ്ഥാനമായി കണ്ട കാര്യം വിഴിഞ്ഞം പദ്ധതിയാണ്. ഭാവി കേരളത്തിന്റെ വികസന കവാടമാണ് വിഴിഞ്ഞമെന്ന് പറഞ്ഞു, നല്ല കാര്യമാണ്. ഉമ്മൻചാണ്ടി കാണിച്ച നിശ്ചയദാർഢ്യമാണ് വിഴിഞ്ഞം പദ്ധതി എന്നത് എല്ലാവർക്കും അറിയാവുന്നതാണ്. അന്ന് 6000 കോടി രൂപയ്ക്കാണ് ഈ പദ്ധതി വിഭാവനം ചെയ്തത്. ഇന്നത്തെ ഭരണപക്ഷം അന്ന് പ്രതിപക്ഷത്തിരുന്ന് പറഞ്ഞത് ഇത് 7000 കോടി രൂപയുടെ അഴിമതിയാണെന്നാണ്? ഇക്കാര്യം അന്ന് സഭയിലുണ്ടായിരുന്നവർക്കറിയാം. വിഴിഞ്ഞം പദ്ധതിയെ തടസ്സപ്പെടുത്താൻ ശ്രമിച്ചു, പക്ഷെ നടന്നില്ല. യു.ഡി.എഫ്. അതിശക്തമായി ഉറച്ചുനിന്നതുകൊണ്ട് ആ പദ്ധതി വന്നു. പിന്നെ ഇപ്പോൾ ഇടക്കാലത്ത്

നടന്ന സമരങ്ങൾ അവിടത്തെ തദ്ദേശീയരായ ആളുകൾ നിർമ്മാണ രംഗത്തുണ്ടായ അശാസ്ത്രീയതയ്ക്കെതിരായി സമരം ചെയ്തതാണ്. ഞങ്ങൾ ആ പ്രശ്നങ്ങൾ പരിഹരിക്കാൻ ആ ജനങ്ങളുടെ കൂടെ നിന്നിട്ടുണ്ട്. പിന്നെ എല്ലാക്കാലത്തും വികസനങ്ങളുണ്ടായിട്ടുണ്ട്. '8 വർഷം മുമ്പ് നാം കണ്ട കേരളമല്ല ഇന്നത്തെ കേരളം' എന്ന് ബഡ്ജറ്റിൽ സൂചിപ്പിച്ചിട്ടുണ്ട്, 'കൊച്ചി പഴയ കൊച്ചിയല്ല' എന്നൊരു ഡയലോഗുണ്ട്. അതുപോലെ കേരളം പഴയ കേരളമല്ലെന്നാണ് സർക്കാർ പറയുന്നത്. കേരളം പടിപടിയായി വികസിച്ചുവന്നതാണ്. അല്ലാതെ 2016-ലാണ് കേരളമുണ്ടായത് എന്ന രൂപത്തിലാണ് ഇവിടെ ഭരണകക്ഷിയംഗങ്ങൾ സംസാരിക്കുന്നത്. ശ്രീ. എം. നൗഷാദൊക്കെ ചാനൽ ചർച്ചയ്ക്ക് വന്നാൽ 2016 മുതൽ ഇങ്ങോട്ടുള്ള കാര്യങ്ങൾ മാത്രമേ പറയുകയുള്ളൂ. അതിന് മുമ്പും കേരളമുണ്ടായിരുന്നു. കേരളത്തിൽ നിരവധി ഇടതുപക്ഷ മുഖ്യമന്ത്രിമാരും പലവിധത്തിലുള്ള രാഷ്ട്രീയ പരീക്ഷണങ്ങളും ഇവിടെ ഉണ്ടായിട്ടുണ്ട്. 2016-ലാണ് കേരളമുണ്ടായതെന്ന രീതിയിലുള്ള ഭരണപക്ഷത്തിന്റെ ഈ സമീപനം ശരിയല്ല.

ബഡ്ജറ്റിലേയ്ക്ക് വന്നാൽ വിഭവസമാഹരണത്തിന് വലിയ

നികുതിയൊന്നും ചുമത്തിയിട്ടില്ലെങ്കിലും കോർട്ട് ഫീ, രജിസ്ട്രേഷൻ, മോട്ടോർ വെഹിക്കിൾ എന്നീ വിഷയങ്ങളിലാണ് ഇപ്രാവശ്യം നികുതി വർദ്ധിപ്പിച്ചത്. അതിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രദ്ധിക്കാൻവേണ്ടി ഞാൻ ഒരു കാര്യം സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നത്, Negotiable Instruments Act-ലെ സെക്ഷൻ 138 പ്രകാരം ചുമത്തിയിട്ടുള്ള ഒരു കേസ് ക്രിമിനൽ കേസ്സാണ്. അപ്പോൾ തന്നോട് ഒരു ക്രിമിനൽ കുറ്റം ചെയ്ത ആൾക്ക് ശിക്ഷ വാങ്ങിക്കൊടുക്കാൻ NI Act-ലെ സെക്ഷൻ 138 പ്രകാരം മജിസ്ട്രേറ്റ് കോടതിയിൽ കേസ് കൊടുത്താൽ പ്രതിയിൽനിന്നും നഷ്ടപരിഹാരം വാങ്ങിക്കൊടുക്കില്ല. പ്രതിക്ക് അയാൾ ചെയ്ത വഞ്ചനയ്ക്കുള്ള ശിക്ഷ വാങ്ങിക്കൊടുക്കാൻ ചെക്ക് കിട്ടി കബളിപ്പിക്കപ്പെട്ട സാധു ഒരു ലക്ഷത്തിന്റെ കേസ് കൊടുക്കണമെങ്കിൽ അയ്യായിരം രൂപ കെട്ടിവയ്ക്കണം. രണ്ട് ലക്ഷത്തിന്റെ കേസ് കൊടുക്കണമെങ്കിൽ പതിനായിരം രൂപ കെട്ടിവയ്ക്കണം. മൂന്ന് ലക്ഷമായാൽ പതിനയ്യായിരം രൂപ കെട്ടിവയ്ക്കണമെന്ന് പറഞ്ഞാൽ അത് രാജ്യത്തെ criminal jurisprudence-ന് എതിരാണ്, അത് നീക്കുന്നത് നന്നായിരിക്കും. അടുത്തത്, കുടുംബകോടതിയുമായി ബന്ധപ്പെട്ട വിഷയമാണ്. ഏറ്റവും പാവങ്ങളായ, കുടുംബത്തിൽ കലഹവും

പ്രയാസങ്ങളുമുണ്ടായി ഭർത്താവും മക്കളും നോക്കാതിരിക്കുന്ന അവശരായ സ്ത്രീ സമൂഹമാണ് കുടുംബകോടതികളിലെത്തുന്നത്. അവിടെയും ഇതുപോലുള്ള സ്ലാബ് നിബന്ധനകൾ വച്ച് പുതിയ നികുതി കണ്ടെത്താനുള്ള ശ്രമം നടത്തുകയാണ്. ആ മേഖലയെ ഒഴിവാക്കാമായിരുന്നു. വേറെ ഏതൊക്കെ മേഖലകളുണ്ടായിരുന്നു. സമ്പന്നരുടെ എത്രയോ മേഖലകളുണ്ട്. ബാർ പോലുള്ള ഒരുപാട് മേഖലകളുണ്ട്. കുടുംബകോടതികളിലെ കോർട്ട് ഫീ അശാസ്ത്രീയമാണ്. അത് ഒഴിവാക്കണം. അതുപോലെതന്നെ രജിസ്ട്രേഷന് പുതിയ നികുതികളും ഫീസുകളും വന്നിരിക്കുകയാണ്. അത് നമ്മുടെ റിയൽ എസ്റ്റേറ്റ് മേഖലയെ ബാധിക്കും, അതും ഒഴിവാക്കുന്നത് നന്നായിരിക്കും. കഴിഞ്ഞ തവണ നിങ്ങൾ ഭൂമിയുടെ ന്യായവില കൂട്ടിയപ്പോൾ രജിസ്ട്രേഷൻ ഗണ്യമായി കുറയുന്ന കാഴ്ചയാണ് കണ്ടത്. അതിലൂടെ സംസ്ഥാനത്തിന്റെ വരുമാനമാണ് കുറയുന്നത്. ഇനി നിയോജകമണ്ഡലങ്ങളുടെ കാര്യത്തിലേയ്ക്ക് വന്നാൽ ഞങ്ങളുടെ മണ്ഡലത്തിൽ ഒരു കണ്ണംകുണ്ട് പാലമുണ്ട്. ഇതിന് ഇത്തവണ 5 കോടി രൂപയുടെ ഒരു വർക്ക് ചോദിച്ചു. ഞങ്ങളോട് 5 കോടി രൂപ ചോദിച്ചു അപ്പുറത്ത് 10 കോടി രൂപയും ചോദിച്ചു. ഒരു പന്തിയിൽ രണ്ട് വിളമ്പൽ ശരിയല്ല. എല്ലാ ജനങ്ങളും ടാക്സ് അടയ്ക്കുന്നത് കേരളത്തിന്റെ

ട്രഷറിയിലേയ്ക്ക് തന്നെയാണ്. അപ്പോൾ പ്രതിപക്ഷ മണ്ഡലങ്ങളോടുള്ള ഈ വിവേചനം കഴിഞ്ഞ വർഷങ്ങളിലുമുണ്ടായിട്ടുണ്ട്. ഞങ്ങളോട് 5 കോടി രൂപയേ അനുവദിക്കുകയുള്ളൂവെന്ന് പറഞ്ഞിട്ട് ഭരണകക്ഷിയിൽപ്പെട്ടവർക്ക് 10 കോടി രൂപ അനുവദിക്കും. ഏതായാലും ഞാൻ പറയുന്ന പോയിന്റ്, 5 കോടി രൂപയുടെ വർക്കിൽ ഞാൻ കണ്ണംകുണ്ട് പാലത്തിന്റെ പേരാണ് കൊടുത്തത്. ഇതിനായി 2022-23-ൽ ഒരു കോടി രൂപ നീക്കിയിരിപ്പുണ്ട്, ഇപ്രാവശ്യവുമുണ്ട്. അങ്ങനെ രണ്ട് കോടി രൂപയായി. പക്ഷെ ഇതുവരെ ധനകാര്യ വകുപ്പ് അതിന് ഭരണാനുമതി ലഭ്യമാക്കിയിട്ടില്ല. കാരണം മൊത്തത്തിൽ ആ പാലത്തിന് 11 കോടി രൂപ വേണം എന്നുള്ളതുകൊണ്ടാണ്. ഇതൊരു മലയോര മേഖലയാണ്, മലവെള്ളപ്പാച്ചിലിന്റെ കാലത്തൊക്കെ അവിടെയുള്ള കോസ് വേ നിറഞ്ഞുകവിഞ്ഞ് ആ പ്രദേശം ഒറ്റപ്പെട്ടുപോകാറുണ്ട്. രണ്ട് തവണയായി രണ്ട് കോടി രൂപ വകയിരുത്തിയതിനാൽ ഇത്തവണ അതിന് ഭരണാനുമതി ലഭിക്കണമെന്നാണ് പറയാനുള്ളത്. ഇതിനുള്ള മറുപടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടി പ്രസംഗത്തിൽ ഉൾപ്പെടുത്തിയെങ്കിൽ നന്നായിരുന്നു. ബഡ്ജറ്റിലെ 274-ാമത്തെ ഖണ്ഡികയിൽ നിർമ്മാണ

മേഖലയെ സജീവമാക്കാൻ 1,000 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കുമെന്ന് പറയുന്നുണ്ട്. പക്ഷെ അതെന്താണെന്ന് വ്യക്തമായി പറയുന്നില്ല. ഇതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ പിന്നീട് പറയുമെന്നാണ് പറഞ്ഞിരിക്കുന്നത്, ആയിക്കോട്ടേ. 1,000 കോടി രൂപ ഇന്ന കാര്യത്തിനാണെന്ന് പറഞ്ഞതുകൊണ്ട് അത് തെറ്റല്ല. പക്ഷെ അതിലെനിക്കൊരു നിർദ്ദേശമുണ്ട്. നമ്മുടെ നാട്ടിലെ ഗ്രാമീണ റോഡുകളെല്ലാം തകർന്നുകിടക്കുകയാണ്. പി.ഡബ്ല്യൂ.ഡി. റോഡുകൾ തകരാഞ്ഞിട്ടല്ല, എന്നാൽ അത് നന്നാക്കാൻ പി.ഡബ്ല്യൂ.ഡി. ഉണ്ട്. ഗ്രാമീണ റോഡുകൾ പഞ്ചായത്തുകൾ നന്നാക്കണം. എന്നാൽ പഞ്ചായത്തുകളുടെ കൈവശം പണമില്ല. എം.എൽ.എ. ഫണ്ടുകൊണ്ടുമാത്രം നടക്കുമോ, എന്റെ നിയോജകമണ്ഡലം 140 കിലോമീറ്റർ വിസ്തൃതിയുള്ളതാണ്. ഒരു അറ്റം മുതൽ മറ്റേ അറ്റം വരെയാണ് 140 കിലോമീറ്ററെന്ന് ഞാൻ പറഞ്ഞത്. നാലും അഞ്ചും ആറും കിലോമീറ്റർ നീളമുള്ള ഗ്രാമീണ റോഡുകൾ പൊട്ടിപ്പൊളിഞ്ഞുകിടക്കുകയാണ്. ഗ്രാമീണ റോഡുകൾ നന്നാക്കുന്നതിന് ഒരു സ്കീം കൊണ്ടുവന്നാൽ നിർമ്മാണ മേഖല സജീവമാകും. ആ തുകകൂടി ഈ 1,000 കോടി രൂപയിൽ വകക്കൊള്ളിക്കണം. എം.എൽ.എ.-മാരുടെ

നിർദ്ദേശങ്ങൾ സ്വീകരിക്കണമെന്നുകൂടി ഈ സന്ദർഭത്തിൽ പറയുകയാണ്.

ഈ ബഡ്ജറ്റിൽ കുറേ രാഷ്ട്രീയ പരാമർശങ്ങളുണ്ട്. ഞങ്ങളെ പിന്തുണയ്ക്കേണ്ട ജനവിഭാഗത്തെ ഞങ്ങൾക്കെതിരെ തിരിച്ചുവിടുന്ന കുടിലതന്ത്രം എന്ന് പറഞ്ഞിരിക്കുകയാണ്. എന്താണ് നിങ്ങളെ നിങ്ങൾക്കെതിരെ തിരിച്ചുവിടുന്നത്? പെൻഷൻ കൊടുക്കാത്തത്, സപ്ലൈകോയിൽ സാധനമെത്താത്തത്, റേഷൻ കടയിൽ റേഷൻ മുടങ്ങുന്നത്, സർക്കാർ ആശുപത്രികളിൽ മരുന്നില്ലാത്തത്, പല സ്കീമുകളിൽനിന്നും പ്രൈവറ്റ് ഹോസ്പിറ്റലുകൾ പിൻമാറിയത് ഇതെല്ലാം ഞങ്ങൾ ചെയ്തതാണോ? ഞങ്ങളെ പിന്തുണയ്ക്കേണ്ട ജനവിഭാഗത്തെ ഞങ്ങൾക്കെതിരാക്കുകയാണെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പറയുകയാണ്. അത് ഞങ്ങളാരും ചെയ്തതല്ല. അത് നിങ്ങൾതന്നെ ചെയ്തതാണ്. അതുകൊണ്ട് ബഡ്ജറ്റിന്റെ പവിത്രതയ്ക്കായി ആ പരാമർശം ഒഴിവാക്കുന്നതാണ് നല്ലത്. ഞങ്ങളാരും ചെയ്ത കുറ്റമല്ലത്. ഇതൊക്കെ നിങ്ങളുടെ വീഴ്ചകളാണ്.

ഈ ബഡ്ജറ്റിൽ സ്വകാര്യ മേഖലയെ വല്ലാതെ വാരിപ്പുണർന്നിട്ടുണ്ട്. ഇപ്പോൾ നമ്മൾ മനസ്സിലാക്കുന്നത് പി.ബി.-ക്ക് പരാതി

കൊടുത്തിട്ടുണ്ടെന്നാണ്. 2023-ലും പി.ബി.-യുടെ നിലപാട് ഇതായിരുന്നു. എന്തായാലും ഒരുകാര്യം ഞാനിവിടെ പറയാം, നിങ്ങൾ ശ്രീ. ടി. പി. ശ്രീനിവാസനോടൊക്കെ മാപ്പ് പറയണം. സ്വാശ്രയ കോളേജുകൾക്കും വിദേശ സർവ്വകലാശാലകൾക്കുമെതിരെയുള്ള നിങ്ങളുടെ നടപടിയുടെ ഭാഗമായി ഇവരെയൊക്കെ നിങ്ങൾ അപമാനിച്ചിട്ടുണ്ട്. അവരോടൊക്കെ മാപ്പ് പറയണം. പി.ബി. അറിയാത്ത സംഗതിയാണെങ്കിൽ... ധനകാര്യ വകുപ്പുമന്ത്രിക്ക് കുറച്ച് ജാഗ്രതക്കുറവുണ്ടായോയെന്ന സന്ദേഹം ഞാനിവിടെ പ്രകടിപ്പിക്കുകയാണ്. കാരണം വിദേശ സർവ്വകലാശാലകളെക്കുറിച്ചും സ്വകാര്യ സർവ്വകലാശാലകളെക്കുറിച്ചും വളരെ ഗംഭീരമായി ചർച്ച ചെയ്യപ്പെടുകയാണ്. മണൽ വാരിയും ആക്രി വിറ്റും 400 കോടി രൂപയുണ്ടാക്കുമെന്നാണ് ബഡ്ജറ്റിൽ പറയുന്നത്. ഇതൊക്കെ സ്ഥിരം ക്ലീഷേയാണ്. കേരളത്തിൽ ക്ലീഷേ ചർച്ചകളുടെ കാലമാണല്ലോ. മണൽ വാരിയിട്ട് 1,000 കോടി രൂപ കിട്ടി, മലമ്പുഴയിലെ ചെളി വാരിയിട്ട് 1,000 കോടി രൂപ കിട്ടിയെന്നെല്ലാം ഡോ. തോമസ് ഐസക് പറഞ്ഞത് നമ്മുടെ ഓർമ്മയിലുണ്ട്. ഇസ്ലാമിക് ബാങ്കിൽനിന്ന് 2,000 കോടി രൂപ വാങ്ങി തുടങ്ങിയ യാഥാർത്ഥ്യബോധമില്ലാത്ത വർത്തമാനങ്ങൾ ഒഴിവാക്കണമെന്ന്

പറയുകയാണ്.

ഒറ്റക്കാര്യം കൂടി പറയാം, ഇന്ന് നമ്മുടെ സെക്രട്ടേറിയറ്റിന് മുമ്പിൽ വലിയ സമരം നടക്കുകയാണ്. അത് ഭിന്നശേഷിക്കാരുടെ സമരമാണ്. അതിനെ രാഷ്ട്രീയമായി കാണേണ്ടതില്ല. പാവപ്പെട്ട ഭിന്നശേഷിക്കാർ അവരുടെ ആനുകൂല്യങ്ങൾ മുടങ്ങിയതിനെതിരെ നടത്തുന്ന സമരമാണ്. അതിൽ സർക്കാർ അതിശക്തമായി ഇടപെടണം. രണ്ടാമത്, പോലീസ് റാങ്ക്ലിസ്റ്റിലെ നിയമനം സംബന്ധിച്ചതാണ്. റാങ്ക്ലിസ്റ്റിന്റെ കാലാവധി അവസാനിക്കുകയാണ്. എല്ലാ പരിശീലനവും പൂർത്തിയാക്കിയ ചെറുപ്പക്കാർ അവരെ നിയമിക്കണമെന്നാവശ്യപ്പെട്ട് പ്രക്ഷോഭത്തിലാണ്. ഈ രണ്ട് വിഷയവും സഭയുടെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് ബഡ്ജറ്റിലുള്ള എന്റെ വിയോജിപ്പുകൾ രേഖപ്പെടുത്തി ഞാൻ എന്റെ പ്രസംഗം ഉപസംഹരിക്കുന്നു.

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, കേരളത്തിന്റെ സമ്പദ്ഘടന ഒരു സൂര്യോദയ സമ്പദ്ഘടനയായി മാറിക്കൊണ്ടിരിക്കുന്നുവെന്ന നിരീക്ഷണം പങ്കുവച്ചുകൊണ്ടാണ് 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ചത്. ഈ ബഡ്ജറ്റിനെ ഞാൻ സന്തോഷത്തോടെ

പിന്തുണയ്ക്കുന്നു.

കേരളത്തിന് സ്ഥായിയായ വളർച്ച നിലനിർത്താനും ക്ഷേമ-ആശ്വാസ നടപടികളും വികസന പ്രവർത്തനങ്ങളും മുടക്കമില്ലാതെ മുന്നോട്ടുകൊണ്ടുപോകാനുമുള്ള ബഡ്ജറ്റാണിത്. ഇത് നവകേരളത്തിന്റെ ബഡ്ജറ്റാണ്. ഫെഡറലിസത്തെ തകർക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ ശത്രുതാപരമായ നിലപാടിനും അവഗണനയ്ക്കുമൊപ്പം പ്രതിപക്ഷത്തിന്റെ നിഷേധപരമായ നിലപാടുകളുമുള്ളപ്പോഴാണ് കേരളം വളർച്ച നേടുന്നത്. അതിന് എത്രയോ ഉദാഹരണങ്ങൾ ഇതിനോടകം ഇവിടെ സൂചിപ്പിച്ചുകൊണ്ട് അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും കടന്നുപോകുന്നില്ല. എല്ലാ വകുപ്പുകളുടെയും നേട്ടങ്ങൾ വേർതിരിച്ച് പറയുമ്പോൾ അത് വലിയൊരു നമ്പരാണ്. ഒട്ടേറെ ബഹുമതികളാണ് ഇന്ത്യാരാജ്യത്ത് കേരളമെന്ന കൊച്ചുസംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരിക്കുന്നത്. സർക്കാരിനെതിരെയുള്ള കേന്ദ്രത്തിന്റെയും പ്രതിപക്ഷത്തിന്റെയും കുപ്രചരണങ്ങൾ അവഗണിച്ച് വർദ്ധിച്ച ജനപിന്തുണയോടെ മുന്നോട്ടുപോകാൻ സാധിക്കുന്നുയെന്ന ആത്മവിശ്വാസത്തിലാണ് കേരളം. തളരാതെ മുന്നോട്ടുപോകുമെന്നും

കേരളത്തെ തകർക്കാൻ അനുവദിക്കില്ലെന്നും പ്രഖ്യാപിച്ചുകൊണ്ടാണ് മുന്നോട്ടുപോകുന്നത്. ഇതൊരു ജനകീയ ബദലാണ്. ബഡ്ജറ്റിൽ പറയുന്നതുപോലെ നേരത്തെ ഇവിടെ എട്ട് വർഷത്തെ ഭരണത്തെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. എട്ടുവർഷമല്ല, എത്ര വർഷമെടുത്താലും എട്ട് വർഷ കാലയളവിൽ നടന്ന മാറ്റം കാണാതിരിക്കാൻ കഴിയുമോ? നമ്മുടെ സംസ്ഥാനം അതിവേഗം നവീകരിക്കപ്പെടുകയാണ്. അതിനുള്ള നിർദ്ദേശങ്ങളാണ് കഴിഞ്ഞ ബഡ്ജറ്റിലും ഈ ബഡ്ജറ്റിലുമുള്ളത്. എട്ട് വർഷംകൊണ്ട് കണ്ടാൽ തിരിച്ചറിയാൻ കഴിയാത്ത രീതിയിൽ നാം പഠിച്ച വിദ്യാലയങ്ങൾ, നമ്മുടെ ആശുപത്രികൾ എന്നിവയെല്ലാം മാറി. റോഡുകളും പാലങ്ങളും മാറുന്നു. സർക്കാർ ഓഫീസുകൾ സ്വന്തം കെട്ടിടങ്ങളിലേയ്ക്ക് മാറുന്നു. അങ്ങനെ ഓരോ മേഖലയുമെടുത്ത് പരിശോധിക്കുമ്പോഴുള്ള മാറ്റം തിരിച്ചറിയേണ്ടതല്ലേ; എത്രയോ വർഷങ്ങളായി മുടങ്ങിക്കിടന്ന ദേശീയപാത, ജലപാത, തീരദേശപാത, മലയോര ഹൈവേ എന്നീ പദ്ധതികളുടെ പ്രവർത്തനം വിപുലമായ പരിപാടികളോടുകൂടി വിവിധ മേഖലകളിൽ അതിവേഗതയിൽ നടക്കുകയാണ്. പശ്ചാത്തല മേഖലയിലെ മാറ്റം നാം പ്രതീക്ഷിച്ചതിനുമപ്പുറമാണ്. വിപുലമായ സാമൂഹ്യക്ഷേമ

പെൻഷൻ, വിലക്കയറ്റം തടയാനുള്ള വിപുലമായ പൊതുവിതരണ ശൃംഖല എന്നിവ കേരളം ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽനിന്നും വിഭിന്നമാണെന്ന് തെളിയിക്കുന്നതാണ്. ഭരണഘടനയ്ക്കും മതനിരപേക്ഷ ഫെഡറലിസത്തിനുമെതിരെ കടന്നാക്രമണം നടത്തുന്ന കാലത്ത്, നമ്മുടെ ബഡ്ജറ്റ് പ്രസംഗത്തിന്റെ മുൻചട്ടയിൽതന്നെ നമ്മൾ ഇന്ത്യയിലെ ജനങ്ങൾ എന്ന് രേഖപ്പെടുത്തിക്കൊണ്ട് ഒരു വ്യത്യസ്തത കൈവന്നിരിക്കുകയാണ്. അതിനൊരു വലിയ മാനമുണ്ട്. കേരളം ഇങ്ങനെയായിത്തീർന്നതിൽ നമുക്ക് മുമ്പേ സഞ്ചരിച്ച എത്രയോ നേതാക്കന്മാരുടെയും ബഹുജനങ്ങളുടെയും വലിയ പങ്കുണ്ട്. ഉജ്ജ്വലമായ സമരമുഖങ്ങൾ തീർത്തുകൊണ്ട് നടത്തിയ പോരാട്ടത്തിന്റെ ഭാഗമായാണ് ഇന്ത്യയിലെ വിഭിന്നമായ സംസ്ഥാനമായി കേരളം മാറുന്നത്. അതൊരു മാതൃകയാണ്, പോരാട്ടത്തിന്റെ ബാക്കിപത്രമാണ്.

ബഡ്ജറ്റിൽ സൂചിപ്പിച്ചപ്രകാരം കേരളത്തിന് 57,400 കോടി രൂപയുടെ വെട്ടിക്കുറവ് കേന്ദ്രം വരുത്തിയതിന്റെ വിശദാംശങ്ങൾ ഞാൻ സൂചിപ്പിക്കുന്നില്ല. അത് ഇവിടെ ചർച്ചയ്ക്ക് വിധേയമായതാണ്. അതിന്റെ ഭാഗമായാണ് നവകേരള സദസ്സിലും ഇത് വ്യാപകമായി വിശദീകരിക്കുന്ന

നിലയുണ്ടായത്. മലയാളികളുടെ അവകാശസംരക്ഷണത്തിനുവേണ്ടി ആ വിഷയം പങ്കുവയ്ക്കാൻ കേരളത്തിന്റെ ബഹുമാന്യനായ മുഖ്യമന്ത്രി യു.ഡി.എഫ്.-നെ ക്ഷണിച്ചിരുന്നു. ഞങ്ങളോട് പറയുന്നതിന് മുമ്പ് യു.ഡി.എഫ്.-നോടാണ് ഇത്തരമൊരു നവകേരള സദസ്സിൽ പങ്കാളികളാകണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടത്. പക്ഷെ നിങ്ങൾ വന്നില്ല. വലിയ ജനകീയ പിന്തുണയാണ് നാട്ടിലെ ജനങ്ങളിൽനിന്നും ലഭിച്ചത്. പതിനായിരങ്ങളാണ് ഓരോ കേന്ദ്രത്തിലും അണിനിരന്നത്. അത് നിങ്ങൾ കാണാതെപോയല്ലോ. തീർച്ചയായും അതിൽ നിങ്ങൾ പങ്കെടുക്കേണ്ടതായിരുന്നു. നവകേരള സൃഷ്ടിക്കുവേണ്ടിയുള്ള പ്രവർത്തനത്തിൽ ഓരോ മണ്ഡലങ്ങളിലും വികസന പ്രവർത്തനങ്ങൾ നടത്താൻ ലഭിച്ച അപേക്ഷകൾ, അതിനായി 1,000 കോടി രൂപ ഈ ബഡ്ജറ്റിൽ നീക്കിവച്ചുവെന്നത് സന്തോഷകരമാണ്. അതിന്റെ പ്രോജക്ട് രൂപീകരണത്തിന് 35 ലക്ഷം രൂപയും ഓരോ മണ്ഡലത്തിലും വിശദമായ പദ്ധതികൾ തയ്യാറാക്കാൻ 25 ലക്ഷം രൂപയും നീക്കിവച്ചുവെന്നത് സന്തോഷകരമാണ്. അതിന്റെ ഭാഗമായാണ് ഡൽഹിയിൽ നടന്ന സമരവും. ആ സമരത്തെ നിങ്ങൾ പുച്ഛിച്ചുതള്ളുകയായിരുന്നില്ലേ ചെയ്തത്. തീർച്ചയായും

കേരളമെടുത്ത നിലപാടിനുപിന്നാലെ കർണ്ണാടകയും ആ സമരമുഖത്തേയ്ക്ക് കടന്നുവന്നു. ദിവസത്തിലെ അല്ലെങ്കിൽ മണിക്കൂറുകളിലെ മാറ്റം മാത്രമേയുള്ളൂ. ഒരേ സ്ഥലത്ത് കർണ്ണാടകയിലെ മുഖ്യമന്ത്രിയും തെരഞ്ഞെടുത്ത ഏതാനും മന്ത്രിമാരും പങ്കെടുത്ത് സമരം നടത്തി. നിങ്ങൾക്ക് ഈ സമരത്തോട് പുച്ഛമാണെങ്കിൽപ്പോലും ഞങ്ങൾ അതിനെ വളരെ നല്ല രീതിയിലാണ് കാണുന്നത്. ഡൽഹിയിൽ നടന്ന സമരത്തിൽ ഇവിടെ സൂചിപ്പിച്ചതുപോലെ മുഖ്യമന്ത്രിമാർ, മുൻമുഖ്യമന്ത്രിമാർ തുടങ്ങി കേരളത്തിൽ ജനാധിപത്യവും മതേതരത്വവും ഫെഡറലിസവും നിലനിൽക്കണമെന്ന് ആഗ്രഹിക്കുന്ന ഒട്ടേറെ നേതാക്കന്മാർ, ഈ രാജ്യത്തെ സ്നേഹിക്കുന്നവർ എന്ന നിലയ്ക്ക് അവിടെ വരികയും ഒരു ദേശീയ സമരമായി അത് മാറുകയും ചെയ്തു. അതിൽ നിങ്ങൾക്ക് പങ്കെടുക്കാൻ കഴിഞ്ഞില്ല. എല്ലാത്തിനോടും നിഷേധപരമായ സമീപനം സ്വീകരിക്കുന്നതിന്റെ ഭാഗമായി കാലം നിങ്ങളുടെ പ്രവർത്തനങ്ങളെ തിരിച്ചറിയുമെന്ന കാര്യത്തിൽ തർക്കമില്ല. കേരളത്തിൽ ഇനി വരാൻപോകുന്ന മാറ്റങ്ങളുടെ ഒരു രൂപരേഖ ബഡ്ജറ്റ് നിർദ്ദേശങ്ങളിൽനിന്നും മനസ്സിലാക്കാൻ കഴിയും.

വ്യാവസായിക രംഗത്ത് 140000 ചെറിയ വ്യവസായ യൂണിറ്റുകൾ

കടന്നുവന്നുവെന്നത് നിസ്സാര കാര്യമാണോ? പരമ്പരാഗത വ്യവസായ മേഖലയിലൂൾപ്പെടെ വലിയതോതിലുള്ള മുന്നേറ്റം ഇതിന്റെ ഭാഗമായിയുണ്ടാക്കിയെടുക്കാനും കഴിയും. 140000 യൂണിറ്റുകൾ വന്നുവെന്ന് പറഞ്ഞാൽ മൂന്ന് ലക്ഷത്തിലേറെ ആളുകൾ അതുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്നുയെന്നാണ് അർത്ഥം. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. കൈത്തറി മുതലുള്ള പരമ്പരാഗത വ്യവസായ മേഖലയെടുത്ത് പരിശോധിക്കുമ്പോൾ, എല്ലാ മേഖലയിലും പദ്ധതി വിഹിതം വച്ചുകൊണ്ട് മുന്നേറ്റങ്ങളുണ്ടാക്കാനുള്ള ശ്രമം ഈ ബഡ്ജറ്റിലൂടെ നടത്തി. നേരത്തെ കശുവണ്ടിയുടെയും കയറിന്റെയും കാര്യം ഇവിടെ പറയുകയുണ്ടായി. ഖാദി ഉൾപ്പെടെയുള്ള എല്ലാ മേഖലകൾക്കും ഫണ്ട് നീക്കിവച്ചുകൊണ്ട് അവയെ ശക്തിപ്പെടുത്താനുള്ള പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുമെന്ന് പറഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസത്തിന്റെയും ആരോഗ്യത്തിന്റെയും കാര്യം പറയുന്നതിനോടൊപ്പംതന്നെ രാജ്യത്ത് ഏറ്റവും കൂടുതൽ പ്രശ്നം അഭിമുഖീകരിക്കുന്ന മേഖലയാണ് ഭവന നിർമ്മാണം. അതിലും വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് മുന്നോട്ടുപോകുന്ന പ്രവർത്തനങ്ങൾ നടക്കുന്നു. ലൈഫ് പദ്ധതി പ്രവർത്തനങ്ങൾക്ക് ഫണ്ട് നീക്കിവച്ചിട്ടുണ്ട്.

അതോടൊപ്പം ഹൗസിംഗ് ബോർഡിന്റെയും ഭവന സമുച്ചയത്തിന്റെയും പ്രവർത്തനത്തിനും ഫണ്ട് നീക്കിവച്ചിട്ടുണ്ട്. താഴ്ന്ന വരുമാനക്കാർക്കുവേണ്ടിയുള്ള പ്രത്യേക ഭവനപദ്ധതിക്ക് തുക നീക്കിവച്ചിട്ടുണ്ട്. മുതിർന്ന പൗരൻമാർക്കുള്ള ഭവനപദ്ധതിക്കുവേണ്ടി ഫണ്ട് നീക്കിവച്ചിട്ടുണ്ട്. എം.എൻ. ലക്ഷം വീട് പുനർനിർമ്മാണത്തിനും സംസ്ഥാന നിർമ്മിതി കേന്ദ്രയുടെ വിവിധ പ്രവർത്തനങ്ങൾക്കും ഫണ്ട് നീക്കിവച്ചിട്ടുണ്ട്. 2,150 കോടി രൂപ ചെലവിൽ അന്താരാഷ്ട്ര വാണിജ്യ ഭവന സമുച്ചയം നിർമ്മിക്കാനുള്ള പദ്ധതി ആവിഷ്കരിക്കുന്നുവെന്നത് കൊച്ചി നഗരത്തിൽ വലിയ മാറ്റമുണ്ടാക്കാൻ കഴിയുന്നതാണ്. സമസ്ത മേഖലകളുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങൾക്കായി ഫണ്ട് നീക്കിവച്ചിട്ടുണ്ട്. ഒട്ടേറെ പ്രസംഗങ്ങളിൽ വന്നതിനാൽ ഞാൻ ഇവിടെ ആവർത്തനം ഒഴിവാക്കുന്നു. രണ്ട് വർഷം വിദേശത്ത് ജോലി ചെയ്ത് തിരിച്ചുവന്നവർക്ക് 50,000/- രൂപ ചികിത്സ സഹായം ലഭ്യമാക്കുന്നതിന് പ്രത്യേക സമീപനം കൈക്കൊണ്ടിട്ടുള്ളത് തീർച്ചയായും സന്തോഷകരമായ കാര്യമാണ്. 1,00,000 രൂപവരെ മരണാനന്തര ധനസഹായമായും 15,000/-രൂപവരെ വിവാഹ ധനസഹായമായും ലഭിക്കുന്നു. അതോടൊപ്പം സാന്ത്വനം

പദ്ധതിക്കായി 33 കോടി രൂപ നീക്കിവച്ചത് പ്രത്യേകിച്ചും എടുത്തുപറയേണ്ട ഒരു കാര്യമാണ്.

സിവിൽ സപ്ലൈസ് - ഒരു പുതിയ ബദൽ എന്ന നിലയിൽ വിലക്കയറ്റം തടഞ്ഞുനിർത്താൻ ഒരു പദ്ധതിയെന്ന നിലയ്ക്കാണ് മാവേലി സ്റ്റോറുകളെ നാം കണ്ടിരുന്നത്. അതിൽ വലിയ മാറ്റമുണ്ടായി. കോവിഡിന്റെയും പ്രളയത്തിന്റെയും കാലയളവിൽ മികച്ച പ്രവർത്തനമാണ് അവിടെ കാഴ്ചവച്ചത്. വളരെ മാതൃകാപരമായ പ്രവർത്തനമാണ് മാവേലി സ്റ്റോറുകളിലൂടെയും സിവിൽ സപ്ലൈസ് കോർപ്പറേഷനിലൂടെയും ചെയ്തുകൊണ്ടിരിക്കുന്നത്. എന്നാലിപ്പോൾ ഒരു പ്രതിസന്ധിയുണ്ട്. ഞാൻ സൂചിപ്പിച്ചതുപോലെ, അത്രയേറെ കോടി രൂപ കേന്ദ്രം കേരളത്തിന് നൽകാനുണ്ടെങ്കിൽപ്പോലും ഇന്ന് മാവേലി സ്റ്റോറുകളെ സജീവമാക്കുന്ന പ്രവർത്തനത്തിനുള്ള ഫണ്ട് വകയിരുത്താനുള്ള പദ്ധതി ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും തീർച്ചയായും ഉണ്ടാകുമെന്ന പ്രതീക്ഷയാണ് എനിക്കുള്ളത്.

അതിദരിദ്രരുടെ പട്ടികയിൽ 65000 കുടുംബങ്ങളാണുള്ളത്. വളയം ഗ്രാമപഞ്ചായത്തിനെ അതിദരിദ്രർ ഇല്ലാത്ത പഞ്ചായത്താക്കി മാറ്റാൻ ഈ

സമയത്ത് കഴിഞ്ഞുവെന്ന സന്തോഷകരമായ ഒരു വാർത്തകൂടി ഇതിന്റെകൂടെ സൂചിപ്പിക്കുന്നു. അതിന്റെ പ്രഖ്യാപന പരിപാടിയിലേയ്ക്ക് ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ ക്ഷണിച്ചിരുന്നു. അദ്ദേഹം വരുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

വിദേശ സർവ്വകലാശാലയുമായി ബന്ധപ്പെട്ട ഒരു കാര്യം സൂചിപ്പിച്ചിട്ടുണ്ട്. പക്ഷെ വിദേശ സർവ്വകലാശാല ആരംഭിക്കുമെന്നല്ല പറഞ്ഞത്. അതുസംബന്ധിച്ച് ചർച്ച നടത്തണമെന്ന് സൂചിപ്പിച്ചിട്ടുണ്ട്. തീർച്ചയായും നയപരമായ പ്രശ്നമാണത്. ഒരു ചർച്ചയ്ക്കുശേഷമേ അത് ആരംഭിക്കാൻ പാടുള്ളൂവെന്ന നിലപാടാണ് നമുക്ക് വേണ്ടത്.

കോവിഡിന്റെ കാലയളവിൽ കൃഷിയിലും ക്ഷീരമേഖലയിലും മൃഗസംരക്ഷണ മേഖലയിലും വലിയ തോതിൽ സ്ത്രീകളും ചെറുപ്പക്കാരുമുൾപ്പെടെ കടന്നുവന്നതാണ്. ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിന്റെ മറുപടി പ്രസംഗത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ആ മേഖലയെ കുറച്ചുകൂടി ശക്തിപ്പെടുത്തേണ്ടതുണ്ടെന്ന് സൂചിപ്പിച്ചിരുന്നു. ഈ മേഖലയ്ക്ക് കൂടുതൽ ഫണ്ട് നൽകുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കണമെന്നുകൂടി ഞാൻ സൂചിപ്പിക്കുന്നു. അതോടൊപ്പം തൊഴിലില്ലായ്മ

പരിഹരിക്കുന്നതിനാവശ്യമായ നിലപാടുകൾ സ്വീകരിക്കുന്നതിന് ഒരു താരതമ്യംകൂടി ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാൻ പ്രസംഗം അവസാനിപ്പിക്കാം. ഇന്ത്യയിൽ ആകെയുള്ളതിന്റെ 42% തൊഴിൽ പി.എസ്.സി. മുഖേന നൽകിയ ഏകസംസ്ഥാനം കേരളമാണ്. മൂന്നര കോടി ജനസംഖ്യയുള്ള സംസ്ഥാനമാണിത്. രാജ്യത്ത് തൊഴിലില്ലായ്മ രൂക്ഷമായി പെരുകുന്നു. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. അതിന്റെ ചലനങ്ങൾ ഇന്ത്യാ രാജ്യത്ത് ഉയർന്നുവരുന്നു എന്നത് ഒരു പ്രത്യേക സാഹചര്യമാണ്.

'വിശപ്പുരഹിത കേരളം' എന്ന് പ്രഖ്യാപിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന ഈ സാഹചര്യത്തിൽ, തീർച്ചയായും അതിന് സഹായകരമായ നിലപാട് സ്വീകരിച്ചുപോകുന്ന ഈ ബഡ്ജറ്റിനെ എല്ലാ അർത്ഥത്തിലും പിന്താങ്ങിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, സംസ്ഥാന നിയമസഭയ്ക്കുമുമ്പാകെ സർക്കാർ അവതരിപ്പിക്കുന്ന വാർഷിക ബഡ്ജറ്റുകൾ ഭരണഘടനാപ്രകാരം വളരെ പരമ പവിത്രമായ ഒന്നാണ്. എന്നാൽ അതിന്റെ sanctity-യും credibility-യുമെല്ലാം ഈ കാലയളവിൽ നഷ്ടപ്പെടുന്നുവെന്നതാണ്. ബഡ്ജറ്റിൽപ്പോലും വരുന്ന കണക്കുകൾ വസ്തുതാപരമായി

ശരിയാകണമെന്ന് ഭരിക്കുന്നവർക്കോ ധനകാര്യ വകുപ്പുമന്ത്രിക്കുപോലും നിർബന്ധമുള്ളതായി തോന്നുന്നില്ല. കേന്ദ്രം സംസ്ഥാനങ്ങളോട്, പ്രത്യേകിച്ച് ബി.ജെ.പി. ഇതരസംസ്ഥാനങ്ങളോട് പക്ഷപാതപരമായി പെരുമാറുന്നുവെന്ന പ്രശ്നം കോൺഗ്രസ് ഉയർത്തുന്നതാണ്. കോൺഗ്രസിന് ആ നിലപാടുണ്ട്. പക്ഷെ അതുസംബന്ധിച്ച് പറയുമ്പോൾ നമ്മളെ മറ്റുള്ളവർ പരിഹസിക്കുന്നതിന് അവസരം നൽകരുത്. 57,000 കോടി രൂപ നമ്മുടെ സംസ്ഥാനത്തിന് അവകാശപ്പെട്ടതാണെന്ന് പറയുന്നതിൽ ഒന്ന്, കേരളത്തിന് റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് ഇനത്തിൽ ലഭിക്കാനുള്ള അർഹതപ്പെട്ട വിഹിതം കട്ട് ചെയ്തുവെന്നാണ് പറഞ്ഞത്. ധനകാര്യ വകുപ്പുമന്ത്രി 24-08-2022-ന് നിയമസഭയിൽ നൽകിയ മറുപടിപ്രകാരം റവന്യൂ ഡെഫിസിറ്റ് ഗ്രാന്റായി സംസ്ഥാനത്തിന് പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് ചെയ്തിരിക്കുന്ന തുക 53,137 കോടി രൂപയാണ്. 53,137 കോടി രൂപയിൽ 2020-21-ൽ 15,322 കോടി രൂപയും 2021-22-ൽ 19,891 കോടി രൂപയും 2022-23-ൽ 13,174 കോടി രൂപയും 2023-24-ൽ 4,749 കോടി രൂപയും ലഭിച്ചു. 2022-23-ൽ 13,174 കോടി രൂപ ലഭിച്ചത് 2023-24-ൽ 4,749 കോടി രൂപയായി കുറഞ്ഞുവെന്ന് കണക്കുകൾ

പരിശോധിക്കുമ്പോൾ നമുക്ക് കാണാം. എന്നാൽ കേരളത്തിന് ആകെ അവാർഡ് ചെയ്തിരിക്കുന്ന 53,137 കോടി രൂപയിൽ ഏതാണ്ട് 52,344 കോടി രൂപ ലഭിച്ചു. ഇനിയും രണ്ട് മാസങ്ങൾകൂടിയുണ്ട്. അങ്ങനെയാകുമ്പോൾ ഏതാണ്ട് 700 കോടി രൂപ മാത്രമാണ് ലഭിക്കാനുള്ളത്. എൽ.ഡി.എഫ്. എം.എൽ.എ.-മാരെയും ജനങ്ങളെയും തെറ്റിദ്ധരിപ്പിക്കുകയാണ്. അല്ലെങ്കിൽ ധനകാര്യ വകുപ്പുമന്ത്രി മറുപടി പറയുമ്പോൾ പറയണം. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് ഫിക്സഡ് അല്ലേ; ഇത്ര രൂപയല്ലേ നമുക്ക് അവാർഡ് ചെയ്തിരിക്കുന്നത്? അവാർഡ് ചെയ്ത തുകയിൽ കേന്ദ്ര സർക്കാർ കുറവുവരുത്തിയിട്ടുണ്ടെങ്കിൽ നിങ്ങൾ പറയൂ. നിങ്ങളുടെകൂടെ ഞങ്ങൾ നിൽക്കാം. അതിനുപകരം ആളുകളെ തെറ്റിദ്ധരിപ്പിക്കുന്ന സമീപനം സ്വീകരിക്കരുത്. രണ്ട്, ജി.എസ്.ടി.യുടെ കാര്യത്തെ സംബന്ധിച്ചാണ്. ജി.എസ്.ടി. നഷ്ടപരിഹാര ആക്റ്റിന്റെ 3, 4 വകുപ്പുകളിൽ ട്രാൻസിക്ഷൻ പീരീഡ് പറയുന്നുണ്ട്. അഞ്ച് വർഷമാണ് ട്രാൻസിക്ഷൻ പീരീഡ്. അത് 2017 ജൂലൈ മുതൽ 2022 ജൂലൈ വരെയാണ്. ട്രാൻസിക്ഷൻ പീരീഡ് അഞ്ച് വർഷം എന്നത് കൂട്ടണമെന്ന അഭിപ്രായം കോൺഗ്രസിനുമുണ്ട്.

അതിന് നമുക്ക് ഒരുമിച്ച് നിൽക്കാം. പക്ഷെ അങ്ങനെ ചെയ്യണമെങ്കിൽ ജി.എസ്.ടി. കൗൺസിൽ അത് ആവശ്യപ്പെട്ടുകൊണ്ട് പാർലമെന്റ് ജി.എസ്.ടി. നഷ്ടപരിഹാര നിയമം അമെന്റ് ചെയ്യണം. അക്കാര്യം അറിയാവുന്ന ആളാണ് ധനകാര്യ വകുപ്പുമന്ത്രി. അദ്ദേഹത്തിന്റെകൂടെയുള്ള എം.എൽ.എ.-മാരോടുപോലും അദ്ദേഹം അക്കാര്യം പറയുന്നില്ല. ജി.എസ്.ടി. കോമ്പൻസേഷൻ ആക്ട് അമെന്റ് ചെയ്യാതെ നമുക്ക് പണം ലഭിക്കില്ല. 2022-ൽ പിരീഡ് അവസാനിച്ചതാണ്. കഴിഞ്ഞ വർഷം ലഭിച്ചതിന്റെ അത്രയുംകൂടി ഫണ്ട് ലഭിച്ചിരുന്നെങ്കിൽ നമുക്ക് ഇത്രയുമാകുമായിരുന്നു എന്നുപറഞ്ഞ് എന്തിനാണ് ആളുകളെ പറ്റിക്കുന്നത്. സത്യസന്ധത വേണ്ടായെന്ന് ഇത്ര നിർബന്ധബുദ്ധി എന്തിനാണ് നിങ്ങൾക്കുള്ളതെന്നാണ് എനിക്ക് മനസ്സിലാകാത്തത്.

ഇവിടെ വലിയ രീതിയിലുള്ള വികസനം നടന്നുവെന്നെല്ലാം പറഞ്ഞു. ഞാൻ ഇക്കണോമിക് റിവ്യൂ നോക്കിയപ്പോൾ ഇപ്രാവശ്യവും 30,370 കോടി രൂപയും മറ്റുമാണ് പ്ലാൻ ഇനത്തിലുള്ളത്. കഴിഞ്ഞ വർഷവും അതിനുമുമ്പിലത്തെ വർഷവും അത്രയും മാത്രമാണുണ്ടായിരുന്നത്. അല്ലെങ്കിൽ ധനകാര്യ വകുപ്പുമന്ത്രി മറുപടി പറയുമ്പോൾ വ്യക്തമാക്കണം.

പ്ലാൻ ഫണ്ട് ഇപ്പോഴും മുപ്പതിനായിരത്തിനകത്ത് നിൽക്കുകയാണ്. പിന്നെ എവിടെയാണ് വലിയ വികസന കുതിപ്പുണ്ടായത്. പ്ലാനിൽ ഉണ്ടാകേണ്ടതല്ലേ? 30,370 കോടി രൂപയ്ക്കകത്ത് പ്ലാൻ ഫണ്ട് നിശ്ചലമായി നിൽക്കുകയാണ്. ബഡ്ജറ്റ് പുസ്തകത്തിന്റെ നിരവധി പേജുകളിൽ വിഴിഞ്ഞം പദ്ധതിയെ സംബന്ധിച്ചാണ് പറഞ്ഞിരിക്കുന്നത്. ആറായിരത്തിന്റെ പദ്ധതിയിൽ ഏഴായിരത്തിന്റെ അഴിമതിയെന്ന് പാർട്ടി സെക്രട്ടറിയായിരുന്നപ്പോൾ ആരോപിച്ച ആളാണ് ഇപ്പോഴത്തെ മുഖ്യമന്ത്രിയെന്ന് ഇവിടെ നേരത്തെ ശ്രീ. എൻ. ഷംസുദ്ദീൻ പറഞ്ഞു. ബഡ്ജറ്റ് പുസ്തകത്തിൽ നിരവധി പേജുകളിൽ വിഴിഞ്ഞം പദ്ധതിയെക്കുറിച്ച് പറഞ്ഞിരിക്കുന്നത് കണ്ട് സ്വർഗ്ഗത്തിലിരുന്ന് പാവപ്പെട്ട ഉമ്മൻ ചാണ്ടി ചിരിക്കുന്നുണ്ടാകും. എല്ലാവരും 'സൂര്യോദയം, സൂര്യോദയം' എന്നുപറയുന്നു. അതുകൊണ്ട് ഞാൻ സൂര്യോദയത്തിലേയ്ക്ക് കടക്കുന്നില്ല. 'സൂര്യൻ, സൂര്യൻ' എന്നുപറഞ്ഞ് മുഖ്യമന്ത്രിയെ ട്രോൾ ചെയ്യുകയാണോയെന്ന് എനിക്ക് അറിയില്ല. 'ഏത് സൂര്യനെന്ന്' സി.ഡി.എസ്. (Centre for Development Studies)-ന്റെ പഴയ ഡയറക്ടറായ പ്രൊഫ. കെ. പി. കണ്ണൻ ചോദിച്ചിട്ടുണ്ട്. സമയക്കുറവായതിനാൽ ഞാൻ ആ വിഷയത്തിലേയ്ക്ക് കടക്കുന്നില്ല.

ശ്രീ. കെ. എൻ. ബാലഗോപാൽ ബഡ്ജറ്റ് പ്രസംഗത്തിൽ വിദേശ സർവ്വകലാശാലകൾക്ക് അനുവാദം നൽകുമെന്നെല്ലാം പറഞ്ഞുകൊണ്ടിരിക്കുമ്പോൾ ടി.വി. കണ്ടുകൊണ്ടിരിക്കുകയായിരുന്ന പഴയ അംബാസിഡറും ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ വൈസ് ചെയർമാനുമായിരുന്ന ശ്രീ. ടി. പി. ശ്രീനിവാസൻ പറഞ്ഞത് ഇങ്ങനെയാണ് - 'ഹെ പ്രഭോ, യെ ക്യാ ഹുവാ! എന്താണ് ഇവിടെ നടക്കുന്നത്, വിദേശ സർവ്വകലാശാലകൾക്ക് ആര് അനുവാദം നൽകുന്നു, ശ്രീ. കെ. എൻ. ബാലഗോപാലോ' എന്നാണ്. പാവം പിടിച്ച ആ ശ്രീ. ടി. പി. ശ്രീനിവാസനെ എസ്.എഫ്.ഐ.-കാർ കോവളത്തുവച്ച് അടിച്ച് നിലത്തിട്ടില്ലേ; അദ്ദേഹം വിദേശ സർവ്വകലാശാല എന്ന ആവശ്യത്തെക്കുറിച്ച് ഒരു സെമിനാറിൽ ചർച്ച ചെയ്യുക മാത്രമേ ചെയ്തുള്ളൂ. അദ്ദേഹത്തെ കോവളത്തുവച്ച് അടിച്ച് താഴെയിട്ടു. എന്നിട്ട് ആ എസ്.എഫ്.ഐ.-യുടെ പഴയ നേതാവ് വിദേശ സർവ്വകലാശാലയ്ക്ക് അനുവാദം നൽകുന്നു. ഞാൻ നിങ്ങളോട് മറ്റൊന്നും ചോദിക്കുന്നില്ല. 'പുഷ്പനെ അറിയാമോ; നിങ്ങളുടെ പുഷ്പനെ അറിയാമോ' എന്നാണ്. സഹകരണ മേഖലയിൽ കണ്ണൂർ പരിയാരത്ത് എം. വി. രാഘവന്റെ നേതൃത്വത്തിൽ

മെഡിക്കൽ കോളേജ് വന്നപ്പോൾ വിദ്യാഭ്യാസത്തിന്റെ സ്വകാര്യവത്കരണം ആഗോളവത്കരണത്തിന്റെ അജണ്ടയാണെന്ന് പറഞ്ഞാണ് സമരം ചെയ്യുകയും കൂത്തുപറമ്പിൽ വെടിവയ്പ് ഉണ്ടാകുകയും ചെയ്തത്. ഇപ്പോൾ ആ ആഗോളവത്കരണം മസിനഗുഡി വഴി ഊട്ടിയിലേയ്ക്ക് പോയോ; ആഗോളവത്കരണം ഇപ്പോഴില്ലേ? വിദ്യാഭ്യാസത്തിന്റെ സ്വകാര്യവത്കരണം ആഗോളവത്കരണത്തിന്റെ അജണ്ടയാണെന്ന് പറഞ്ഞവർ ഇപ്പോൾ വിദേശ സർവ്വകലാശാലകൾക്ക് പച്ച പരവതാനിയല്ല, ചുവന്ന പരവതാനി വിരിച്ചുകൊണ്ടുവരുമ്പോൾ പുഷ്പനോടും ശ്രീ. ടി. പി. ശ്രീനിവാസനോടും മാപ്പുപറയണം. എല്ലാകാലത്തും നിങ്ങൾ ഇങ്ങനെതന്നെയായിരുന്നു.

സാമൂഹ്യക്ഷേമ പെൻഷൻ കൂട്ടുമോയെന്ന് വിചാരിച്ച് പ്രതിപക്ഷാംഗങ്ങളാകെ ആശങ്കയിലായിരുന്നുവെന്ന് ഇവിടെ ശ്രീ. അഹമ്മദ് ദേവർകോവിൽ പറയുകയാണ്. സാമൂഹ്യക്ഷേമ പെൻഷൻ കൂട്ടിയാൽ കുഴപ്പമാണ്, സർക്കാരിന് അംഗീകാരം ലഭിക്കും. പ്രതിപക്ഷാംഗങ്ങൾക്ക് വിഷമമുണ്ടാകുമെന്ന് പറഞ്ഞ് നിങ്ങൾ സാമൂഹ്യക്ഷേമ പെൻഷൻ കൂട്ടിയില്ലായെന്നാണോ പറയുന്നത്; ഇതിനെല്ലാം എന്ത് മറുപടിയാണ്

ഞങ്ങൾ പറയേണ്ടത്? പ്രതിപക്ഷത്തിന് ഒരു വിഷമമുണ്ടാക്കണ്ടായെന്ന് കരുതി ഇത്തവണ സാമൂഹ്യക്ഷേമ പെൻഷൻ കൂട്ടിയില്ലായെന്നൊക്കെ പറഞ്ഞ് ന്യായീകരിച്ച് എവിടേയ്ക്കാണ് നിങ്ങൾ കൊണ്ടുപോകുന്നത്. ഭരിക്കുന്നവരെ വെറുതെ വഷളാക്കരുത്. 2023-2024-ൽ ലൈഫ് മിഷൻ പദ്ധതിയിൽ 71861 വീടുകൾ പണിയുമെന്ന് കഴിഞ്ഞ ബഡ്ജറ്റിൽ പറഞ്ഞതാണല്ലോ; ഇപ്പോഴത്തെ ബഡ്ജറ്റ് പുസ്തകത്തിൽ 31356 വീടുകൾ പൂർത്തിയായിയെന്ന് പറഞ്ഞു. 717 കോടി രൂപയിൽ വെറും 3.76 ശതമാനമാണ് ഏറ്റവും പാവപ്പെട്ട 9 ലക്ഷം ആളുകൾ അപേക്ഷ കൊടുത്ത് കാത്തിരിക്കുന്ന ലൈഫ് മിഷൻ ഭവന പദ്ധതിയിൽ നിങ്ങൾ ചെലവഴിച്ചത്. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് അഞ്ച് വർഷംകൊണ്ട് നാലര ലക്ഷം വീട് പണിതപ്പോൾ, നിങ്ങൾ പറഞ്ഞ ബഡ്ജറ്റ് രേഖപ്രകാരം ഏഴ് വർഷംകൊണ്ട് 365531 വീടുകൾ മാത്രമാണ് ലൈഫ് മിഷൻ ഭവന പദ്ധതിപ്രകാരം പൂർത്തിയാക്കിയിട്ടുള്ളത്.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ,

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ വഴങ്ങുന്നില്ല....

<u>മി. സ്പീക്കർ</u>: അദ്ദേഹം വഴങ്ങുന്നില്ല. യെസ്...യെസ്....

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, എന്റെ പ്രസംഗത്തിനുശേഷം വേണമെങ്കിൽ പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചോളൂ. ഞാൻ വഴങ്ങുന്നില്ല. എന്റെ സമയം പോകുകയാണ്. ഡോ. മാത്യു കുഴൽനാടന്റെ മൂന്ന് മിനിട്ട് സമയം എടുത്തിട്ടുണ്ടായിരുന്നു. ആ സമയംകൂടി എനിക്ക് നൽകാമായിരുന്നു. പ്രതിപക്ഷത്തിന് അവകാശപ്പെട്ട മൂന്ന് മിനിട്ടാണ് ബഹു. സ്പീക്കർ എടുത്തത്...

വിലക്കയറ്റം നിയന്ത്രിക്കാൻ കഴിഞ്ഞ ബഡ്ജറ്റിൽ രണ്ടായിരം കോടി രൂപയുണ്ടായിരുന്നു. ഇപ്പോൾ കേരളീയത്തിനും സപ്ലൈകോ നവീകരണത്തിനുംകൂടി ആകെ പത്തുകോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയുടെ കയ്യക്ഷരം നന്നാവുന്നതല്ലാതെ, ഇവിടെ വിലക്കയറ്റം നിയന്ത്രിക്കാൻ കഴിയുന്നുണ്ടോ, ഞാനിവിടെനിന്ന് വാദിക്കുന്നത് സി.പി.ഐ.-ക്കുവേണ്ടിയാണ്, കേരളത്തിലെ ജനങ്ങൾക്കുവേണ്ടിയാണ്. ആ വകുപ്പിന് ഫണ്ട് കിട്ടിയില്ലെങ്കിൽ സപ്ലൈകോ അടച്ചുപൂട്ടും, വിലക്കയറ്റം അതിരൂക്ഷമാകും.

അപ്പോൾ വിലക്കയറ്റം തടയാൻ നടപടിയില്ല. കർണ്ണാടക സംസ്ഥാനം നിങ്ങളുടെകൂടെ സമരത്തിനുവന്നുവെന്ന് പറഞ്ഞല്ലോ, അവിടെ സ്ത്രീകളുടെ അക്കൗണ്ടിൽ ഓരോ മാസവും 2,500 രൂപ ഇടുന്നുണ്ട്. 200 യൂണിറ്റ് വൈദ്യുതി സൗജന്യമാണ്. റേഷൻ കാർഡിൽ ഒരാൾക്ക് പത്തുകിലോ അരി, ഒരു കുടുംബത്തിൽ 10 പേരുണ്ടെങ്കിൽ 100 കിലോ അരി ലഭിക്കും. കർണ്ണാടകത്തിൽ സ്ത്രീകൾക്ക് പൊതുഗതാഗത സൗകര്യം സൗജന്യമാണ്. ഇവിടെ ആറ് മാസത്തെ പെൻഷൻ കൊടുക്കാത്ത, പട്ടികജാതി വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് കൊടുക്കാത്ത, കെ.എസ്.ആർ.ടി.സി.-ക്കാർക്ക് പെൻഷനും ശമ്പളവും കൊടുക്കാത്ത....

ഒരു കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. ധർമ്മടത്തിന് 336 കോടി രൂപ, കൂത്തുപറമ്പിന് 322 കോടി രൂപ, തലശ്ശേരിക്ക് 85 കോടി രൂപ, കല്ല്യാശ്ശേരിക്ക് 62 കോടി രൂപ, മട്ടന്നൂരിന് 38 കോടി രൂപ, പേരാവൂരിന് 5 കോടി രൂപ, കണ്ണൂരിൽ വന്നൊരു വാർത്തയാണ്. ഇത് ശരിയാണോ; കേന്ദ്രം വിവേചനം കാണിക്കുന്നുവെന്ന് നിങ്ങൾ പറയുന്നു. ഉത്തർപ്രദേശിന് കൂടുതൽ കൊടുക്കുന്നു, കേരളത്തിന് കുറച്ചുനൽകുന്നു. ഞങ്ങളുടെ മണ്ഡലത്തിൽ 5 കോടി രൂപ, ഞങ്ങളുടെ

നിയമസഭാമണ്ഡലത്തിലെ ജനങ്ങൾ സർക്കാരിന് കൊടുക്കുന്ന നികുതിയുടെ അർഹതപ്പെട്ട വിഹിതം മാത്രമാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. അതിലെന്താണ് വിവേചനം; ഇതിന് അങ്ങനെയൊരു താരിഫുണ്ടോ; ഉയർന്ന നേതാക്കന്മാർക്ക്, ഭരണപക്ഷക്കാർക്ക്, അങ്ങനെയൊന്നുമില്ല, നിങ്ങളുടെ ഔദാര്യമല്ല, ഞങ്ങളുടെ അവകാശമാണ്, പ്രതിപക്ഷവും ഭരണപക്ഷവും തമ്മിലുള്ളത് ജന്മി-കുടിയാൻ ബന്ധമൊന്നുമല്ല. നിങ്ങൾ കാസർഗോഡുവച്ച് തലയിൽ കെട്ടിയ തലയിൽക്കെട്ട് അഴിക്കണം. ഇപ്പോഴും ആ തലയിൽക്കെട്ട് തലയിലിരിക്കുകയാണ്. കാസർഗോഡുവച്ച് നിങ്ങൾ ആ തലയിൽക്കെട്ടിയ കെട്ട് അഴിക്കണം. ഇത് ജന്മി-കുടിയാൻ ബന്ധമൊന്നുമല്ല, ഞങ്ങളുടെ അർഹതപ്പെട്ട അവകാശം നിഷേധിക്കുന്നതിൽ പ്രതിഷേധിച്ചുകൊണ്ട് ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഈ സഭയിൽ നേരത്തെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ലൈഫ് മിഷൻ പദ്ധതിയെക്കുറിച്ച് തെറ്റിദ്ധാരണാജനകമായ കണക്കുകളുടെ പരാമർശം നടത്തിയപ്പോൾ ഞാൻ വിശദീകരിച്ചതാണ്. പക്ഷേ ആ തെറ്റിദ്ധരിപ്പിക്കുന്ന പരാമർശം ആവർത്തിക്കുകയാണ് ബഹുമാനപ്പെട്ട

അംഗം ശ്രീ. പി. സി. വിഷ്ണുനാഥ് ചെയ്തിട്ടുള്ളത്. 371934 വീടുകൾ പൂർത്തിയാക്കി, 490000-ത്തിലധികം വീടുകളുടെ എഗ്രിമെന്റ് വച്ചു. പ്രതിപക്ഷനേതാവ് പറഞ്ഞത് 18 കോടി രൂപയാണ് ചെലവഴിച്ചതെന്നാണ്. ഇതുവരെ പതിനേഴായിരത്തിലധികം കോടി രൂപയാണ് ലൈഫ് മിഷൻ പദ്ധതിക്കുവേണ്ടി സംസ്ഥാന സർക്കാർ ചെലവഴിച്ചത്. ഈ വർഷം 18 കോടി രൂപയല്ല, ആയിരത്തിയറുന്നൂറോളം കോടി രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. ബി.ജെ.പി. സർക്കാരിന്റെ വാദത്തെ പിന്തുണയ്ക്കുകയാണ് യഥാർത്ഥത്തിൽ ചെയ്യുന്നത്.

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ, "പൊതുജീവിതത്തിന്റെ ശുദ്ധിക്കും സമൃദ്ധിക്കും ഇതുപോലുതകുന്ന യജ്ഞം ഒന്നുണ്ടോ വേറെ" എന്ന് വൈലോപ്പിള്ളി പറഞ്ഞതുപോലെ, സംസ്ഥാനം പ്രളയവും കോവിഡാനന്തരം നികുതിയും നികുതിയേതര വരുമാനവും എഴുപതുശതമാനത്തോളം സ്വന്തം ചെലവും നടത്തുന്ന അവസ്ഥയിലേയ്ക്കുള്ള ഒരു വലിയ മുന്നേറ്റവും ഏറെ പ്രതീക്ഷയോടുകൂടി ഒരു സൂര്യോദയത്തിന് കാത്തിരിക്കുന്ന ജനങ്ങൾക്കുമുന്നിൽ അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ അംഗീകരിക്കുന്നു. ധനകാര്യ-രാഷ്ട്രീയ ജനാധിപത്യ ഫെഡറലിസത്തിന്റെ

കടയ്ക്കൽ കത്തിവച്ച് തങ്ങൾക്കിഷ്ടമില്ലാത്ത സർക്കാരുകളെ ചവിട്ടിമെതിക്കുന്ന അവസ്ഥയിലേയ്ക്കുപോകുന്ന കേന്ദ്ര ഗവൺമെന്റിനെതിരെ ഒരക്ഷരം പറയാൻ പ്രതിപക്ഷത്തിന് കഴിഞ്ഞില്ലെങ്കിലും ഈ രാജ്യത്തെ എല്ലാ മാധ്യമങ്ങളും ഒരുപോലെ പറഞ്ഞത്, നവകേരള സൃഷ്ടിക്ക് നവ നയപ്രഖ്യാപനമെന്നാണ് ഈ ബഡ്ജറ്റിനെ അവതരിപ്പിച്ചത്. ഒരുപക്ഷേ 'ക്ഷേമടെൻഷൻ' എന്ന് മലയാള മനോരമയ്ക്കുമാത്രമേ പറയേണ്ടിവന്നുള്ളൂ. രാഷ്ട്രീയ തിമിരം പിടിച്ച ചില പത്ര-മാധ്യമങ്ങളും പറഞ്ഞു. എന്നാൽ ഈ ബഡ്ജറ്റിനുവിരുദ്ധമായി ഏതെങ്കിലുമൊരു പ്രതിഷേധം യു.ഡി.എഫ്.-നോ ബി.ജെ.പി.-ക്കോ തെരുവിലിറങ്ങി നടത്താൻ കഴിഞ്ഞോ; അത് ഈ ബഡ്ജറ്റിനും വരാൻപോകുന്ന കാലത്ത് നടപ്പിലാക്കാൻപോകുന്ന പദ്ധതിക്കും നിങ്ങൾ നൽകുന്ന അംഗീകാരമായിട്ടേ ഞങ്ങൾക്കത് വിശ്വസിക്കാനാകൂ. സംസ്ഥാനങ്ങൾ പിരിച്ചെടുക്കുന്ന പണം അങ്ങ് വടക്ക് ഭഗവാന്റെ ഹുണ്ടിയിലേയ്ക്ക് കൊടുക്കണം. ചെലവോ, ഈ കുചേലതുല്യരായ സംസ്ഥാനങ്ങൾ വഹിക്കണമെന്നതാണ് പുതിയ സാമ്പത്തിക നയം. ഇത് അനീതിയും അന്യായവുമാണ്. അത് പറയാനാണ് ഫെബ്രുവരി 8-ന് ഞങ്ങൾ ഡൽഹിയിൽ പോയത്. ഇവിടെ ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞല്ലോ;

2022-ഓടുകൂടി ജി.എസ്.ടി.-യുടെ നഷ്ടപരിഹാരത്തുക നിർത്തി. എന്നാൽ ശ്രീ. പി. സി. വിഷ്ണുനാഥ് അന്വേഷിക്കണം. 2026 വരെയാണ് കേന്ദ്രം നഷ്ടപരിഹാരത്തുക പിരിച്ചെടുക്കുന്നത്. ആരുടെ നഷ്ടം നികത്താനാണ്; സംസ്ഥാനങ്ങൾക്കുള്ള നഷ്ടപരിഹാരത്തുക കൊടുക്കേണ്ടതിനാണത്. നിങ്ങളത് മനസ്സിലാക്കണം. അതുപോലെ കിഫ്ബിയെക്കുറിച്ചും സൂചിപ്പിക്കുന്നുണ്ട്. കിഫ്ബിക്കെതിരെ ബി.ജെ.പി.-ക്കാരൻ ഒരു പരാതി കൊടുത്തപ്പോൾ ആ പരാതിക്ക് വക്കാലത്തുപോയത് പ്രതിപക്ഷത്തുള്ള ഡോ. മാത്യു കുഴൽനാടൻ അല്ലേ; എന്നാൽ തൊടുപുഴയിലും അദ്ദേഹത്തിന്റെ മണ്ഡലമായ മൂവാറ്റുപുഴയിലും വച്ചിട്ടുള്ള ഓരോ ബോർഡുകൾ നോക്കണം. അതുപോലെ യു.ഡി.എഫ്.-ന്റെ അംഗങ്ങൾ വച്ചിട്ടുള്ള ബോർഡുകൾ നോക്കണം. എവിടെനിന്നാണ് ആ ഫണ്ട് വന്നത്; കിഫ്ബിയിൽനിന്നുതന്നെയാണ്, ആ കിഫ്ബി ഫണ്ടുകൊണ്ടാണ് ഇപ്പോൾ കേരളം ഇതിനെ മറികടക്കാൻവേണ്ടി പോകുന്നത്. എന്നാൽ ബി.ജെ.പി. കേന്ദ്ര ഗവൺമെന്റ് 57,000 കോടി രൂപ വെട്ടിക്കുറച്ചു. കഞ്ചിക്കോട് കോച്ച് ഫാക്ടറിയും പുതിയൊരു വ്യവസായവും നമുക്കില്ല. എയിംസ് പോലുള്ള ആരോഗ്യ-വിദ്യാഭ്യാസ മേഖലയിലുള്ള ഒരു പദ്ധതിയുമില്ല. ശബരിപാത

ഉൾപ്പെടെയുള്ള ഒരു തീവണ്ടിപ്പാതപോലുമില്ല. ദേശീയപാതയ്ക്ക് ഭൂമി ഏറ്റെടുക്കാൻ 25 ശതമാനം ഫണ്ട് സംസ്ഥാനമാണ് കൊടുക്കുന്നത്. കടമെടുക്കരുത്, പെൻഷൻ കൊടുക്കരുത് എന്നത് കേന്ദ്രത്തിന്റെ തിട്ടൂരമാണ്. ഈ കേരളത്തിലെ ജനത രണ്ടാനമ്മയുടെ മക്കളാണോ; കേരളീയർക്കും വളരണം, അതാണ് നവകേരള സൃഷ്ടിക്കുവേണ്ടിയിട്ടുള്ള നവനയ പ്രഖ്യാപനം. ഡെവലപ്മെന്റ് സോൺ മൂന്നുലക്ഷം കോടി രൂപയുടെ പുതിയ പ്രതീക്ഷകളാണ് നൽകുന്നത്. ചിലപ്പോൾ ചിലയാളുകൾക്കൊക്കെ ആക്ഷേപമുണ്ടാകും. പക്ഷേ ഈ സഭയ്ക്കകത്ത് പറയാറുണ്ടല്ലോ; വിദേശത്തേയ്ക്ക് നമ്മുടെ കുട്ടികൾ പഠിക്കാൻ പോകുന്നു, അതിനൊരു നിയന്ത്രിതമായ രൂപത്തിൽ യൂണിവേഴ്സിറ്റികൾ അവർക്കിവിടെ സ്ഥാപിക്കാൻ കഴിഞ്ഞാൽ ആ പോക്കും നിൽക്കും, ഇവിടെ വരുമാനവുമുണ്ടാകും എന്നെല്ലാം. പുതിയ കാലഘട്ടത്തിനനുസരിച്ചുള്ള വിദ്യാഭ്യാസം കൊടുക്കാൻ സാധിക്കും. റോഡുകളുടെ നിർമ്മാണത്തിന് ആയിരം കോടി രൂപയുടെതാണ് പുതിയ പ്രഖ്യാപനം. നവകേരള സദസ്സിനെ പൊളിക്കാൻ നടന്ന യു.ഡി.എഫ്. എം.എൽ.എ.-മാരുടെ മണ്ഡലത്തിലേയ്ക്കും ഇത് നടപ്പിലാക്കാൻ ആയിരം കോടി രൂപ ഈ

ബഡ്ജറ്റിൽ മാറ്റിവച്ചിട്ടുണ്ടെന്നത് അവർ മനസ്സിലാക്കണം. സാമ്പത്തികത്തിന്റെ കെട്ടകാലം നിലനിൽക്കുന്ന ഈ അവസ്ഥയിലും സംസ്ഥാനത്തെ ജീവനക്കാർക്കും പെൻഷൻകാർക്കും ഒരു ഗഡു ഡി.എ. കൊടുക്കാൻ തീരുമാനിച്ചു. പെൻഷൻ പരിഷ്കരണം കൊണ്ടുവരുമെന്ന് പ്രഖ്യാപിച്ചതും ഈ കാലഘട്ടത്തിലാണ്. ഇന്ത്യയുടെ ചരിത്രത്തിൽ രേഖപ്പെടുത്താൻപോകുന്ന ഒരു സമരമായിരുന്നു കഴിഞ്ഞ ഫെബ്രുവരി 8-ന് ഡൽഹിയിൽ നടത്തിയത്. വിവിധ സംസ്ഥാനങ്ങളിലെ പഞ്ചാബ്, ഡൽഹി മുഖ്യമന്ത്രിമാർ, ജമ്മുകാശ്മീരിലെ മുൻ മുഖ്യമന്ത്രി ഫാറൂഖ് അബ്ദുള്ളയും പങ്കെടുത്തു. അതുമാത്രമല്ല, തമിഴ്നാട്ടിലെ മുഖ്യമന്ത്രി ഓൺലൈൻ വഴി അതിൽ പങ്കെടുത്തു. പതിനാല് രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളുണ്ടായിരുന്നു. വടക്ക് ഡൽഹിയിൽ പതിനെട്ട് എം.പി.-മാർ ഈ കേരളത്തിൽ നിന്നുണ്ടായിരുന്നു. ഈ കേരളത്തിലെ മൂന്നരക്കോടി മലയാളികൾക്കുവേണ്ടി ശബ്ദിക്കാൻ, അവിടെത്തിയ ഏതെങ്കിലുമൊരാളെ അന്വേഷിക്കാൻ അവരുണ്ടായിരുന്നോ; അതിനുള്ള മറുപടി വരുന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ നിങ്ങൾക്ക് കിട്ടും. അതിന് തർക്കിക്കാനൊന്നും പോകുന്നില്ല. ഇവിടെ 'പുഷ്പനെ അറിയാമോ' എന്നാണ്

ചോദിക്കുന്നത്, ചിലയാളുകൾ ഇവിടെ പറഞ്ഞതെന്താണ്; രക്തസാക്ഷിത്വത്തെ വിറ്റ് ഈ സഭയ്ക്കകത്ത് വന്നിരിക്കുന്നവരാണെന്ന് അധിക്ഷേപിച്ചത് ആര് ആരെ വിറ്റിട്ടാണ്; ആരുടെ രക്തസാക്ഷിത്വം വിറ്റിട്ടാണ് ഈ സഭയ്ക്കകത്ത് വന്നിരിക്കുന്നതെന്ന് അവരോർക്കുന്നത് അവർക്ക് നല്ലതെന്നേ എനിക്ക് പറയാനുള്ളൂ. അതുതന്നെയാണ് ഞങ്ങളിപ്പോൾ ചോദിക്കുന്നത്. നിങ്ങൾ അവരുടെ കുഴിമാടം കുളംതോണ്ടിയവരാണ്. കേരളത്തിന്റെ അവസ്ഥയെ നിങ്ങൾ കുഴിമാടമാക്കി മാറ്റിയവരാണ്. അവിടെ നിന്നാണ് ഒരു സൂര്യോദയം ഈ ബഡ്ജറ്റിലൂടെ ഞങ്ങൾ പ്രഖ്യാപിക്കുന്നത്. അത് നിങ്ങൾ മനസ്സിലാക്കണം. നിങ്ങളുടെ നേതാക്കന്മാർക്ക് അത് മനസ്സിലായിട്ടുണ്ട്. വിവരവും വിവേകവുമുള്ള കർണ്ണാടകയിലെ മുഖ്യമന്ത്രിയുൾപ്പെടെ അവിടെ ചെന്നു. വിവരംകെട്ട പൊട്ടകിണറ്റിലെ തവളകളെപ്പോലെ ഞങ്ങൾക്കെതിരെ ശബ്ദമുണ്ടാക്കിയിട്ട് കാര്യമില്ല. ശ്രീമതി നിർമ്മല സീതാരാമൻ അവിടെ വൈറ്റ് പേപ്പർ അവതരിപ്പിച്ച് യു.പി.എ. ഗവൺമെന്റിനെ അടിച്ചു. പക്ഷേ, അതിനെതിരെ നിങ്ങളുടെ അഖിലേന്ത്യാ പ്രസിഡന്റ് ബ്ലാക്ക് പേപ്പർ അവതരിപ്പിച്ചു. ബ്ലാക്ക് പേപ്പറിൽ എന്താണ് പറഞ്ഞത്, കേരളംപോലുള്ള സംസ്ഥാനത്തിനെതിരെ

കേന്ദ്രം നടത്തുന്ന നടപടികൾക്കെതിരെയാണ് ശ്രീ. മല്ലികാർജ്ജുൻ ഖാർഗെ അവിടെ സംസാരിച്ചത്. അതവർക്ക് തിരിച്ചറിവുള്ളതുകൊണ്ടാണ്. നിങ്ങൾക്ക് ആ തിരിച്ചറിവില്ലാതെ പോയതിൽ ഞങ്ങൾക്കെന്താണ് പറയാനുള്ളത്. ഇപ്പോൾ പൊതുജനം നേരിടുന്ന രണ്ട് പ്രധാനപ്പെട്ട പ്രശ്നങ്ങളുണ്ട്; അതിലൊന്ന്, പൊതുവെ ഇന്ത്യാ രാജ്യത്തിന്റെ തെരുവുകളിൽ അലയുന്ന പട്ടികളുടെ ശല്യമാണ്. പട്ടിയെന്ന് പറഞ്ഞാൽ ഇനി കേസ്സെടുക്കുമോയെന്ന് എനിക്കറിഞ്ഞുകൂടാ. പക്ഷേ പറയാതിരിക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ടാണ്. മറ്റൊന്നുള്ളത്, മോദി സെൽഫി കാരണം പൊതുഇടങ്ങളിലൂടെ വഴി നടക്കാൻ കഴിയാത്ത അവസ്ഥയാണ്, ഏത് ബസ് സ്റ്റാൻഡിൽപ്പോയി ഇറങ്ങിയാലും റെയിൽവേ സ്റ്റേഷനിൽപ്പോയി ഇറങ്ങിയാലും മോദി സെൽഫി പോയിന്റുകളുണ്ട്. എല്ലാ റേഷൻ കടകളിലും മോദി സെൽഫി പോയിന്റുകൾ ഉണ്ടാകണമെന്ന് ഇപ്പോൾ വീണ്ടും പ്രഖ്യാപിച്ചിരിക്കുന്നു. എന്താണ് അവർക്കുള്ള അഭിപ്രായം? കേരളത്തിൽ ലൈഫ് മിഷനിലൂടെ അഞ്ച് ലക്ഷം പേർക്ക് വീട് കൊടുക്കുമെന്ന് പ്രഖ്യാപിച്ച ഗവൺമെന്റാണിത്. അത് കൊടുക്കുകതന്നെ ചെയ്യും. അതിനൊരു തർക്കവും വേണ്ട. 75,000 രൂപയും ഒന്നേകാൽ ലക്ഷം രൂപയും വടക്കുനിന്ന് ഇവിടെ

എഴുന്നള്ളിച്ചതിന് അദ്ദേഹത്തിന്റെ വലിയ പോസ്റ്റർ, 'ഈ വീടിന്റെ ഐശ്വര്യം വടക്കുള്ള ദൈവമാണ് എന്ന് വയ്ക്കണമെന്നാണ് പറയുന്നത്. മനസ്സിലില്ലെന്നാണ് കേരളത്തിലെ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സഭയിൽ പറഞ്ഞത്. അങ്ങനെ വേണ്ടിവന്നാൽ, നിങ്ങൾ ആ ഫണ്ട് നിരോധിച്ചാലും ഞങ്ങൾ കടമെടുത്തിട്ടാണെങ്കിലും അത് കൊടുക്കുകതന്നെ ചെയ്യുമെന്ന് പ്രഖ്യാപിക്കാനുള്ള ആർജ്ജവം കേരളത്തിലുണ്ടായി എന്നുള്ളതിൽ അഭിമാനിക്കുന്നു. മറ്റൊരു കാര്യം, ഡൽഹിയിൽ നടന്ന സമരത്തിൽ പങ്കെടുത്തിട്ടുള്ളവർ പ്രഖ്യാപിച്ച ഏറ്റവും പ്രസക്തമായ വരികളുണ്ട്. നമ്മുടെ രാജ്യംതന്നെ ഉറ്റുനോക്കിയ ആ സമരത്തിൽ ശ്രീ. ഫറൂഖ് അബ്ദുള്ള പറഞ്ഞ സുപ്രധാന വാചകമുണ്ട്; അത് നിങ്ങൾ ശ്രദ്ധിക്കുന്നത് നല്ലതാണ്. 'കേരള മുഖ്യമന്ത്രി സംസാരിച്ച ഭാഷ എനിക്കോ ഞാൻ സംസാരിച്ച ഭാഷ അദ്ദേഹത്തിനോ മനസ്സിലാകില്ല. പക്ഷേ, എല്ലാവർക്കും മനസ്സിലാകുന്നൊരു ഭാഷയുണ്ട്, നാം ഒരുമിച്ച് നിന്നില്ലെങ്കിൽ നമ്മുടെയെല്ലാം അതിജീവനം അസാദ്ധ്യമാകും' എന്നാണ് പ്രായമായ ആ മനുഷ്യൻ വന്ന് അവിടെ പ്രഖ്യാപിച്ച ആവേശകരമായ പ്രസംഗത്തിലെ വരികൾ. അത് നിങ്ങൾ

ഓർക്കണം. തൊട്ടടുത്തിരിക്കുന്ന പച്ചധാരികളും നന്നായി ഓർക്കുന്നത് ഏറെ നല്ലതെന്നാണ് എനിക്ക് പറയാനുള്ളത്. ഞാൻ അവസാനിപ്പിക്കുകയാണ്;

ഇവിടെ മുട്ട് വിറയ്ക്കലിനെക്കുറിച്ചെല്ലാം സൂചിപ്പിച്ചു. ആരെ കാണുമ്പോൾ ആരുടെ മുട്ടാണ് വിറയ്ക്കുന്നതെന്ന് ശ്രീ. എം. നൗഷാദ് എം.എൽ.എ. പറഞ്ഞു. Leonardo da Vinci-യുടെ പ്രസിദ്ധമായ ചിത്രമാണ് 'The Last Supper'. പക്ഷേ നിങ്ങളുടെ കൂടെയിരിക്കുന്നയാൾ The Last Lunch അടിച്ചുവന്നത് നിങ്ങൾ മറന്ന് പോകരുത്. ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ നടത്തിയിട്ടുള്ളത് രാഷ്ട്രീയ വഞ്ചനയാണ്. കേരളത്തോട് അനീതി കാണിക്കുന്നവരോടൊപ്പമിരുന്ന് എന്തുംചെയ്യാമെന്ന ധിക്കാരമാണ്. കേന്ദ്രം പാർലമെന്റിൽ അവതരിപ്പിച്ച ബഡ്ജറ്റിൽ ഒരു നയവും പ്രഖ്യാപനവുമില്ല. അവർ പറയുന്നത് ജൂൺ തെരഞ്ഞെടുപ്പ് കഴിഞ്ഞ് ഞങ്ങൾ വീണ്ടും അധികാരത്തിൽ വരുമെന്നാണ്. എന്നാൽ അതല്ല, കേരളത്തിലെ ബഡ്ജറ്റെന്ന് നിങ്ങൾ ഓർക്കുന്നത് നല്ലത്. അതുകൊണ്ടുതന്നെ നിങ്ങളെ ഓർമ്മിപ്പിക്കാനുള്ളത് നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞതുപോലെ, തകരില്ല കേരളം, തളരില്ല കേരളം, തകർക്കാൻ നിങ്ങൾക്കാവില്ല കേരളം. ഇത് വളരും പുതിയൊരു സൂര്യോദയത്തിന് എന്നുമാത്രം പറഞ്ഞ് ഈ

ബഡ്ജറ്റിനെ ഞാൻ അംഗീകരിക്കുന്നു.

<u>മി. സ്പീക്കർ</u>: ഓർഡർ... ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2024 ഫെബ്രുവരി മാസം 13-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 03.05-ന് പിരിഞ്ഞു.)